No. 248

FEBRUARY 2015

# KERALA PRIVATE COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

www.akpcta.org





9 മനുഷ്യപ്പറ്റുള്ള വിദ്യാഭ്യാസത്തിനു...
ശിൽപശാല

23 ബരാക് ദേ വന്നു ദാ പോയി....
ജോൺ മത്തായി നൂറനാൽ

25 ചുംബനസമരത്തിലെ ജാഗ്രതയും രാഷ്ട്രീയവും
ഡോ:ടി.മധു



എ.കെ.പി.സി.ടി.എ കേരള സർവ്വകലാശാല മേഖലയുടെ ആഭിമുഖ്യത്തിൽ സേവ് യൂണിവേഴ്സിറ്റി ഫോറം സംഘടിപ്പിച്ച സർവകലാശാല അധികാരങ്ങളും ഉന്നതവിദ്യാഭ്യാസ ഗുണമേന്മയും സെമിനാർ സ.എം.എ.ബേബി ഉദ്ഘാടനം ചെയ്യുന്നു.




എ.കെ.പി.സി.ടി.എ കണ്ണൂർ - കാസർഗോഡ് യൂണിറ്റ് സംഘടിപ്പിച്ച റിസോഴ്സ് ഷെയറിംഗ് സെമിനാർ സംസ്ഥാന അക്കാദമിക് കമ്മിറ്റി കൺവീനർ പ്രൊഫ.സി.പത്മനാഭൻ ഉദ്ഘാടനം ചെയ്യുന്നു.



കണ്ണൂർ എസ്. എൻ കോളജിൽ സ്വയംഭരണ പദവി നൽകുവാൻ പരിശോധനയ്ക്കെത്തിയ യു.ജി.സി സംഘത്തെ എസ്.എഫ്.ഐ, എ.കെ.പി.സി.ടി.എ പ്രവർത്തകർ പ്രതിരോധിക്കുന്നു.



KERALA PRIVATE
# COLLEGE TEACHER
*a monthly journal of*
*the all kerala private college teachers' association*

FEBRUARY 2015

*Chief Editor*
**Pramod Vellachal**

*Managing Editor*
**Prof. R. Mohanakrishnan**

*Assistant Editor*
**Dr. M.S.Vasanthakumar**

*Members*
Dr. K. P. Sukumaran Nair
Dr. K. Sreevalsan
Dr. D.K. Babu
Prof. A.G. Oleena
Dr. Kusalakumari
Prof. T.K.Ramakrishnan
Dr. C. Unnikrishnan
Dr. Rakhi Rgahavan
Dr. K.Biju kumar
Dr. I.G. Shibi
Prof. A.C. Sreehari
Prof. N. Vipin Chandran
Dr. N.Gopa kumar
Dr. Ajith. G. Krishna
Dr. S. Soju
Prof. N. K. Sunilkumar
Prof. Sreejith

## inside

എയ്ഡഡ് കോളജുകളും
സർക്കാർ ഉത്തരവുകളും .......... 5
**ഡോ.കെ.ശ്രീവത്സൻ**

എ കെ പി സി ടി എ
57-ാം സംസ്ഥാന സമ്മേളനം .......... 7
സ്വാഗതസംഘം

മനുഷ്യപ്പറ്റുള്ള വിദ്യാഭ്യാസത്തിനുവേണ്ടി
ഒരു സമഗ്രാന്വേഷണം .......... 9
**ശില്പശാല**

ഹിന്ദുത്വവും ഭാരതസംസ്കാരവും .......... 11
**ഡോ. ധർമ്മരാജ് അടാട്ട്**

ബരാക് ദേ വന്നു ദാ പോയി .......... 23
**ജോൺ മത്തായി നൂറനാൽ**

ചുംബനസമരത്തിലെ
ജാഗ്രതയും രാഷ്ട്രീയവും .......... 25
**ഡോ:ടി.മധു**

ആടുജീവിതം
അതിജീവനത്തിന്റെ ഫലശ്രുതി .......... 29
**ഡോ. സി. ഉണ്ണികൃഷ്ണൻ**

വില്യം ഷേക്സ്പിയർ :
മൃതിയിൽ 400 .......... 33
**ഡോ.എം.എസ്.വസന്തകുമാർ**

Local Finance –
Issues to be Addressed
by the Fifth Kerala State
Finance Commission .......... 37
Dr.Kumar S P

ഭൂതകാലം സത്യത്തിൽ ഇങ്ങനെയൊക്കെ
ആയിരുന്നു.... .......... 41
**എ.ജി.ഒലീന**

മനുഷ്യവർഗത്തെ സംരക്ഷിക്കുവാൻ
മററു ഗ്രഹങ്ങളിൽ കോളനികൾ
സ്ഥാപിക്കേണ്ടി വരും .......... 43
**ഡോ.എം.ആർ.സുദർശനകുമാർ**

മാർച്ചിന്റെ നോവുകൾ .......... 45
**അജയഘോഷ്.എസ്**

AKPCTA State Committee Office
www.akpcta.org

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

## Chief Editor's Desk





# വിദ്യാഭ്യാസരംഗത്തെ മൂലധനാർബുദവും രാഷ്ട്രീയ പ്രതിരോധവും

വർത്തമാന ജീവിത കാലാവസ്ഥയെ John Mcmutry വിശേഷിപ്പിക്കുന്നത് The cancer stage of capitalism എന്നാണ്. ജനകീയ വിമർശനങ്ങളുടെ അഭാവവും ഇതിന് കാരണമായിത്തീരുന്നുണ്ടെന്ന് പിയറി ബോർദോവും (Pierre Bourdieu) പറയുന്നുണ്ട്. ലോകത്തിലെ സവർണ ബിസിനസ് സംഘം നയിക്കുന്ന പ്രസ്തുത ജനാധിപത്യവിരുദ്ധ പദ്ധതി സമത്വവും സമാധാനവും അപ്രാപ്യമാക്കുകയാണ്. ഇത്തരം സവർണ ബിസിനസ് മാഫിയകൾ സ്പോൺസർ ചെയ്യുന്ന ഭരണകൂടങ്ങൾക്ക് എന്തെങ്കിലും നന്മയുണ്ടാവണമെന്ന് പ്രതീക്ഷിക്കുന്നതുപോലും അബദ്ധമാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കാൾമാർക്സ് തിരിച്ചറിഞ്ഞ ഒരു വസ്തുതയാണിത്. മാർക്സ് പറയുന്നു, സ്റ്റേറ്റ് എന്ന് പറയുന്നത്, *The executive committee of the bourgeoisie for managing the common affairs of the whole bourgeoisie* എന്നാണ്. ലോകത്തിലെ സകലമാന ബൂർഷ്വാസികൾക്കും വേണ്ടി നിലകൊള്ളുന്ന ബൂർഷ്വാസിയുടെ നിർവ്വാഹക സമിതിയായി ഭരണകൂടം മാറുന്നതെങ്ങിനെയെന്ന് സമകാലിക ഭരണകൂട- രാഷ്ട്രീയാന്തരീക്ഷം വിലയിരുത്തുന്ന ഏതൊരാൾക്കും ഇന്ന് മനസ്സിലാവുന്നകാര്യമാണ്. ഭരണഘടനാപരമായ മൗലികാവകാശങ്ങളുടെ നഗ്നമായ ലംഘനങ്ങളിലൂടെ ഹൃദയമില്ലാത്ത ചൂഷണത്തിന് ഒരു തലമുറയുടെ വർത്തമാനവും ഭാവിയും നിഷ്കരുണം വിട്ടുകൊടുക്കുന്ന ഒരു ടെർമിനേറ്ററുടെ മാനസികാവസ്ഥ ഭരണകൂടങ്ങൾ മുന്നോട്ടുവച്ചാൽ വിദ്യാഭ്യാസത്തെ പണം കൊണ്ടുമാത്രം വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ചരക്കാക്കി മാറ്റിയാൽ. ഉൾക്കാമ്പില്ലാത്ത മനുഷ്യബന്ധങ്ങളുടെ കപടസംസ്കാരം മാത്രമായിരിക്കും മിച്ചം വരുന്നത്. സ്വാശ്രയ വിദ്യാഭ്യാസത്തിന്റെയും സ്വയംഭരണത്തിന്റേയും വിഷവേരുകൾ തേടിപ്പോകുമ്പോഴാണ് അതെല്ലാം അന്താരാഷ്ട്ര വ്യാപാരസ്ഥാപനങ്ങളുടെ ഗൂഢ അജണ്ടകൾ തന്നെയാണെന്ന് തിരിച്ചറിയുക. നമ്മുടെ ഭാവിയും വിദ്യാഭ്യാസവും സംസ്കാരവും ആരുടെയെങ്കിലും ഔദാര്യങ്ങളിൽ ലഭ്യമാകേണ്ട ഒന്നല്ല. അത് നമ്മുടെ അവകാശമാണ്. രാഷ്ട്രീയമായ പ്രതിരോധങ്ങളിൽ കൂടി മാത്രമേ അത് പ്രാപ്യമാവുകയുള്ളൂ. ക്ലാസ്സ് മുറികളിൽ മാത്രമുള്ള പോരാട്ടം അപര്യാപ്തമാവുകയും അത് തെരുവികളിലെ അവകാശ പ്രഖ്യാപനങ്ങളുടെയും പ്രതിരോധ ബോധങ്ങളുടെയും ഗർജ്ജനമായി തീരുകയും ചെയ്യേണ്ട കാലമായി. ഈ സമരബോധമായിരിക്കണം നമ്മുടെ അന്തസ്സും മനുഷ്യത്വവും.


ചീഫ് എഡിറ്റർ

# എയ്ഡഡ് കോളജുകളും സർക്കാർ ഉത്തരവുകളും



**ഡോ.കെ.ശ്രീവത്സൻ**
*ജനറൽ സെക്രട്ടറി*
*എ.കെ.പി.സി.ടി.എ*


കേരളത്തിലെ എയ്ഡഡ് കോളജുകളുടെ നിലനിൽപ്പ് യൂണിവേഴ്സിറ്റി നിയമങ്ങളുടെ അടിസ്താനത്തിലാണ്. 1972 ൽ കേരള സർക്കാരും കോളജ് മാനേജ്മെന്റുകളും തമ്മിലുണ്ടാക്കിയ ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിലാണ് കേരളത്തിലെ സ്വകാര്യ കോളജ് അദ്ധ്യാപകർക്ക് സർക്കാർ നേരിട്ടുശമ്പളം നൽകാൻ തുടങ്ങിയത്. അതിനാവശ്യമായ നിയമങ്ങൾ എല്ലാം കേരളത്തിലെ സർവ്വകലാശാല നിയമത്തിൽ ഉൾപ്പെടുത്തുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് എയ്ഡഡ് കോളജുകളുടെ എല്ലാം പ്രവർത്തനങ്ങളും നടത്തേണ്ടത്. കോളജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനം, അദ്ധ്യാപകരുടെ നിയമനം, അനദ്ധ്യാപകരുടെ നിയമനം, വിദ്യാർത്ഥികളുടെ ഫീസ്, മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിയവ പ്രസ്തുത യൂണിവേഴ്സിറ്റി ആക്റ്റിലും, സ്റ്റാറ്റ്യൂട്ടിലും റഗുലേഷനുകളിലും ഓർഡിനൻസുകളിലും പ്രതിപാദിക്കുന്നതനുസരിച്ചാണ് നിയന്ത്രിക്കേണ്ടത്. യൂണിവേഴ്സിറ്റി നിയമങ്ങൾ അനുശാസിക്കുന്ന വിധത്തിൽ മാനേജുമെന്റുകൾ ഇക്കാര്യങ്ങൾ നിർവ്വഹിച്ചുവരുകയാണ് ചെയ്തുകൊണ്ടിരുന്നത്. എന്നാൽ 1998-2001ൽ കേരളത്തിലെ എയ്ഡഡ് കോളജുകളിൽ പ്രീഡിഗ്രി വേർപെടുത്തൽ മൂലമുണ്ടായ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുവേണ്ടി പുതിയ കോഴ്സുകൾ തുടങ്ങി. പ്രസ്തുത കോഴ്സുകളുടെ നടത്തിപ്പിനെ സംബന്ധിച്ച് വളരെയധികം അനിശ്ചിതത്വം നിലനിന്നിരുന്നു. ഈ അനിശ്ചിതത്വം നിലനിന്ന സാഹചര്യത്തിൽ കുറെയേറെ നിയമനങ്ങൾ എയ്ഡഡ് കോളേജുകളിൽ നടക്കുകയുണ്ടായി. പ്രസ്തുത നിയമനങ്ങളുമായി ബന്ധപ്പെട്ട് അനവധി കോടതി വ്യവഹാരങ്ങളും സർക്കാർ ഉത്തരവുകളും ഉണ്ടായി. അങ്ങനെ നടന്ന കോടതി കേസുകളുടെ അന്ത്യമായ വിധിയാണ് കഴിഞ്ഞ മാസം ബഹു: സുപ്രീംകോടതി നടത്തിയത്. പ്രസ്തുതവിധി കേരളത്തിലെ യൂണിവേഴ്സിറ്റി നിയമങ്ങളിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ വ്യക്തതയെ ഉറപ്പിക്കുന്ന ഒന്നാണ്. ഇങ്ങനെ വ്യക്തമായ വിധികൾ ഇക്കാര്യത്തിൽ അനവധിയുണ്ടായിട്ടും കേരളത്തിലെ ഉന്നതവിദ്യാഭ്യാസവകുപ്പ് അതിനെയൊന്നും മാനിക്കാതെ നിരന്തരം ലംഘിക്കുന്ന കാഴ്ചയാണ് കാലാകാലങ്ങളിൽ അവർ പുറത്തിറക്കുന്ന ഉത്തരവുകളിലൂടെയും, സർക്കുലറുകളിലൂടെയും നമുക്ക് കാണാൻ കഴിയുന്നത്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസവകുപ്പ് നിരന്തരം നടത്തുന്ന കോടതിവിധി ലംഘനത്തിനെതിരെ സംഘടിതമായി കോടതിയെ സമീപിക്കേണ്ട കാലം അതിക്രമിച്ചിരിക്കയാണ്. ഈ പശ്ചാത്തലത്തിൽ തന്നെ വീണ്ടും യൂണിവേഴ്സിറ്റി നിയമങ്ങളെ ലംഘിച്ചുകൊണ്ട് പുതിയ സർക്കാർ ഉത്തരവുകൾ ഇറക്കുകയാണ്. അതിലൊന്ന് അദ്ധ്യാപകർ കോളേജിലിരിക്കേണ്ട സമയക്രമത്തെ കുറിച്ചുള്ളതാണ്. ആറാം യു.ജി.സി പദ്ധതി നടപ്പിലാക്കിയപ്പോൾ അതിനോടനുബന്ധിച്ചുള്ള യു.ജി.സി റഗുലേഷൻ കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നടപ്പിലാക്കി. പ്രസ്തുത റഗുലേഷനിൽ അദ്ധ്യാപകർ കോളേജിൽ ഹാജരാകേണ്ട സമയത്തെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. കുറഞ്ഞത് അഞ്ചുമണിക്കൂർ




കോളേജുകളിൽ ഹാജരായാൽ മതിയെന്ന് അതിൽ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി റഗുലേഷനിലുള്ള നിയമങ്ങളുടെ നഗ്നമായ ലംഘനമാണ് സർക്കാർ പുറത്തിറക്കിയ ഉത്തരവിലുള്ളത്. ഇക്കാര്യം തിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് നമ്മൾ ശക്തമായി ആവശ്യപ്പെടുകയും, പ്രക്ഷോഭപരിപാടികളുടെ ആദ്യഘട്ടമായി കോളേജുകളിൽ കഴിഞ്ഞ ഫെബ്രുവരി 10ന് പ്രതിഷേധദിനമായി ആചരിക്കുകയും ചെയ്തു. സമയമാറ്റം പിൻവലിക്കുന്നതുവരെ ശക്തമായ സമരപരിപാടികൾ തുടർന്നും സംഘടിപ്പിക്കുന്നതിനൊപ്പം ഈ നിയമലംഘനത്തിനെതിരേ നീതിപീഠത്തേയും സമീപിക്കേണ്ടിയിരിക്കയാണ്. അതിനെക്കുറിച്ചുള്ള കൂടിയാലോചനകൾ നമ്മൾ നിയമജ്ഞന്മാരുമായി നടത്തുന്നുണ്ട്.

കോളേജുകളിലെ സമയമാറ്റത്തിനൊപ്പം അടുത്ത പരിപാടിയായി അദ്ധ്യാപകരുടെ ജോലിഭാരം കൂടുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കയാണ്. അതിന്റെ ഭാഗമായി നടത്തിയ ഗവേഷണത്തിന്റെ ഫലമായി പി.ജി കോഴ്സുകളിൽ തിയറിപേപ്പർ പഠിപ്പിക്കുന്നതിനുള്ള വെയിറ്റേജ് എടുത്തുകളയാനുള്ള നടപടിയുമായി മുന്നോട്ടുപോകുന്നു. അതോടൊപ്പം ഒരു പ്രാക്റ്റിക്കൽ ബാച്ചിന് നിശ്ചയിച്ചിരുന്ന വിദ്യാർത്ഥികളുടെ എണ്ണം 18ൽ നിന്നും 25 ആക്കി മാറ്റാനുള്ള നടപടികളും ആരംഭിച്ചിരിക്കുന്നു. ഈ രണ്ടുപരിപാടികളും നടപ്പിലാക്കിയാൽ തിയറി മാത്രം പഠിപ്പിക്കുന്ന പി.ജി ഡിപ്പാർട്ടുമെന്റിൽ 25 മണിക്കൂറിന്റെ കുറവുവരും. അങ്ങനെ ഉണ്ടായാൽ ഒരു ഡിപ്പാർട്ടുമെന്റിൽ രണ്ട് അദ്ധ്യാപകരുടെ വേക്കൻസി ഇല്ലാതാകും. അതുപോലെ നിലവിലുള്ള സയൻസ് ഡിപ്പാർട്ട്മെന്റിൽ പി.ജി വർക്ക്ലോഡിൽ ഉണ്ടാകുന്ന മാറ്റം മൂലം 15 മണിക്കൂറും യു.ജി പ്രാക്ടിക്കലിന്റെ വർക്ക്ലോഡിൽ വരുന്ന മാറ്റം മൂലം ശരാശരി 20 മണിക്കൂറും അങ്ങനെ ആകെ 35 മണിക്കൂറിന്റെ കുറവുമുണ്ടാകും. അതുമൂലം പി.ജി യുള്ള സയൻസ് ഡിപ്പാർട്ടുമെന്റിൽ ഏറ്റവും കുറഞ്ഞത് രണ്ട് അദ്ധ്യാപകരുടെ വേക്കൻസി ഇല്ലാതാകും. അങ്ങനെ ആകെ കേരളത്തിലെ 165 എയ്ഡഡ് കോളേജുകളിലെ ഡിപ്പാർട്ടുമെന്റുകളുടെ എണ്ണം ശരാശരി 10 ആയി കണക്കാക്കിയാൽ ഏകദേശം (165 x 10 x 2) 3300 തസ്തികകൾ അധികമാകാൻ സാദ്ധ്യതയുണ്ട്. ഏകദേശം 3000 അദ്ധ്യാപകരെ സൂപ്പർ ന്യൂമററിയായി നിലനിർത്തി ഉന്നതവിദ്യാഭ്യാസ മേഖലയിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ പ്രശ്നത്തിന്റെ കൂടെ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരെ തരംതാഴ്ത്തി, പുതിയ യു.ജി.സി പദ്ധതിയിൽ ഇല്ലാത്ത അസിസ്റ്റന്റ് പ്രൊഫസർ-സീനിയർ സ്കെയിൽ, അസിസ്റ്റന്റ് പ്രൊഫസർ-സെലക്ഷൻ ഗ്രേഡ് എന്നീ തസ്തികകളാക്കി മാറ്റാനുള്ള കുത്സിതമായ ശ്രമവും നടക്കുന്നുണ്ട്. ഗവ: കോളേജുകാരുടെ സ്പെഷ്യൽ റൂളിനുവേണ്ടി നടത്തുന്ന ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ പരിപാടി രംഗത്തുവന്നിരിക്കുന്നത്. അത് നാളെ യൂണിവേഴ്സിറ്റി റെഗുലേഷനിൽ കൊണ്ടുവരാനുള്ള ശ്രമവും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകും എന്ന് നമുക്കറിയാം. അതുകൊണ്ട് ഈ പ്രശ്നത്തെ മുളയിലേ നുള്ളാൻ സഹോദരപ്രസ്ഥാനങ്ങളുമായി ചേർന്ന് പ്രക്ഷോഭപരിപാടികൾ നമ്മൾ ആസൂത്രണം ചെയ്യുന്നുണ്ട്.

നവലിബറൽ നയങ്ങളുടെ ഫലമായി നടപ്പിലാക്കുന്ന പരിഷ്ക്കരണ പരിപാടികളായിട്ടാണ് ഈ പ്രശ്നങ്ങളെ നാം കാണേണ്ടത്. കേരളത്തിലെ ഉമ്മൻചാണ്ടി സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന ജനാധിപത്യവിരുദ്ധമായ പ്രസ്തുതപരിപാടികൾ ഉന്നതവിദ്യാഭ്യാസമേഖലയെ തകർക്കാൻ വേണ്ടിയുള്ളതാണ്. ആകയാൽ ഈ നടപടികളിൽ നിന്നും സർക്കാർ പിൻവാങ്ങണമെന്ന് എ.കെ.പി.സി.ടി.എ ശക്തമായി ആവശ്യപ്പെടുന്നു.




# എ കെ പി സി ടി എ 57-ാം സംസ്ഥാന സമ്മേളനം

## സ്വാഗത സംഘം രൂപീകരണ യോഗം

### ഫെബ്രവരി 3, പാലക്കാട്

എ കെ പി സി ടി എ 57-ാം സംസ്ഥാന സമ്മേളനം സ്വാഗത സംഘം രൂപീകരണ യോഗം ഫെബ്രുവരി 3-ാം തിയതി പാലക്കാട് വെച്ച് നടന്നു. യോഗം മുൻ എം എൽ എയും സി പി ഐ പാലക്കാട് ജില്ലാ സെക്രട്ടറിയുമായ സ. സി കെ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. 10 വർഷത്തിനു ശേഷം പാലക്കാട് എത്തുന്ന സമ്മേളനത്തിന് ആവേശ കരമായ സ്വീകരണമാണ് അംഗങ്ങ ളിൽ നിന്നും വർഗ്ഗ ബഹുജന പോഷക സംഘടനകളിൽ നിന്നും ഉണ്ടായത്. ചടങ്ങിൽ പാലക്കാട് എം പി സ. എം ബി രാജേഷ് സ. പി എം രാമൻ (എൻ ജി ഒ യൂണിയൻ സംസ്ഥാന സെക്രട്ടറി സ. ടി കെ നാരായണദാസ് (ബാലസംഘം സംസ്ഥാന രക്ഷാധികാരി) സ. പി കെ സുധാകരൻ (കർഷകസംഘം) സ. ടി കെ അച്ചുതൻ (സി ഐ ടി യു) സ. ശിവദാസൻ മാസ്റ്റർ (കെ എസ് ടി എ) സ. സജീ വർഗ്ഗീസ് (ബെഫി)സ. സുരേഷ് (കെ ജി ഒ എ). പി ആർ പരമേശ്വരൻ മേഴ്സി മാത്യു (ജനാധിപത്യ മഹിളാ അസോസിയേഷൻ) അഡ്വ. പ്രേംകുമാർ (ഡി വൈ എഫ് ഐ) കൃഷ്ണൻകുട്ടി ഉണ്ണികൃഷ്ണൻ (കോൺഫഡറേഷൻ




ഓഫ് സെൻട്രൽ ഗവ. എംപ്ലോയീസ്) പ്രസാദ് മാത്യു തുടങ്ങിയവർ സംസാരിച്ചു. ചടങ്ങിൽ ഡോ. കെ ശ്രീവത്സൻ അദ്ധ്യക്ഷം വഹിച്ചു.

**സ്വാഗത സംഘം**

**രക്ഷാധികാരികൾ**

സ.വി എസ് അജയനന്ദൻ, സ. ടി. ശിവദാസ മേനോൻ, സ.എ.കെ ബാലൻ, സ.സി കെ രാജേന്ദ്രൻ, സ. എം ചന്ദ്രൻ എം എൽ എ, സ. സി.ടി കൃഷ്ണൻ, സ.പി ഉണ്ണി, സ. എം ബി രാജേഷ് എം പി, സ.പി കെ ബിജു എം പി, സ.കെ.വി രാമകൃഷ്ണൻ, സ.എം ഹംസ. എം എൽ.എ, **ചെയർമാൻ. സ.ടി.കെ നാരായണദാസ്, ജനകൺവീനർ. ഡോ. സി.അബ്ദുൾ മജീദ്, ജോ. കൺവീനർ. ഡോ. വി കെ സുധാക രൻ**

**സബ്കമ്മററികൾ**

**ഫിനാൻസ് & രജിസ്ട്രേഷൻ**

ചെയർമാൻ- സ.പി. കെ. ശശി, കൺവീനർ. ഡോ. ജയപ്രകാശ് ആർ കെ, കൺവീനർ (രജിസ്ട്രേഷൻ)- പ്രൊഫ. ശശിധരൻ, ഡോ. സി. അബ്ദുൾ മജീദ് വിശദീകരിച്ചു. സംഘാടക സമിതി പാനൽ ഡോ. വി കെ സുധാകരൻ അവതരിപ്പിച്ചു. ഡോ. ജയപ്രകാശ് ആർ കെ നന്ദി പ്രകാശിപ്പിച്ചു

**ഭാരവാഹികൾ**

സ. ടി കെ നാരായണദാസ് (ചെയർമാൻ), ഡോ.സി.അബ്ദുൾ മജീദ് (ജന. കൺവീനർ), ഡോ. വി കെ സുധാകരൻ (ജോ. കൺവീനർ)

**റിസപ്ഷൻ**

ചെയർമാൻ- സ. ടി എൻ കണ്ടമുത്തൻ (പ്രസിഡൻറ് ജില്ലാ പഞ്ചായത്ത്),കൺവീനർ- പ്രൊഫ. ഹരികൃഷ്ണൻ. കെ

**അക്കോമഡേഷൻ**

ചെയർമാൻ- സ.എ.പ്രഭാകരൻ, കൺവീനർ-പ്രൊഫ.കെ.വാസുദേവൻ പിള്ള

**ഫുഡ്**

ചെയർമാൻ- സ.പി കെ സുധാകരൻ(കർഷക സംഘം), കൺവീനർ- പ്രൊഫ. എ കെ വാസുദേവൻ

**പ്രോഗ്രാം**

ചെയർമാൻ-സ.എം ഹംസ, കൺവീനർ- പ്രൊഫ. മോഹനൻ പിള്ള

**സ്റ്റേജ് & ഡെക്കറേഷൻ**

ചെയർമാൻ- സ. ആർ ചിന്നകുട്ടൻ, കൺവീനർ- പ്രൊഫ. രാജേഷ്, ചെയർമാൻ- സ. പി മമ്മികുട്ടി, കൺവീനർ- പ്രൊഫ. പി ഹരിദാസ്

**പ്രകടനം**

ചെയർമാൻ-സ.കെ.വിജയൻ, കൺവീനർ- പ്രൊഫ. രാജേഷ്

**വാളണ്ടിയർ**

ചെയർമാൻ- സ.സുബാഷ് ചന്ദ്ര ബോസ്, കൺവീനർ- പ്രൊഫ. ദേവദാസ്

**മീഡിയ & മിൻട്സ്**

ചെയർമാൻ- സ. ജയകൃഷ്ണൻ നരികുട്ടി (ദേശാഭിമാനി), കൺവീനർ- പ്രൊഫ. പ്രസാദവർമ്മ തമ്പാൻ എക്സിബിഷൻ, ചെയർമാൻ-സ. ടി.കെ.അച്ചുതൻ, കൺവീനർ- പ്രൊഫ. വിനീഷ്

**മെഡിക്കൽ**

ചെയർമാൻ- സുബൈ ദ ഇസ്ഹാഖ്(ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട്), കൺവീനർ-പ്രൊഫ. പി ആർ സുരേഷ്

**ട്രാൻസ്പോർട്ട്**

ചെയർമാൻ- സ. കെ കെ ദിവാകരൻ, കൺവീനർ- പ്രൊഫ. കെ ഗോപാലകൃഷ്ണൻ

**കലാസാഹിത്യം**

ചെയർമാൻ- എൻ. രാധാകൃഷ്ണൻ നായർ, കൺവീനർ- പ്രൊഫ. എം നസീം






# മനുഷ്യപ്പറ്റുള്ള വിദ്യാഭ്യാസത്തിനുവേണ്ടി ഒരു സമഗ്രാന്വേഷണം

**ശിൽപശാല**

**കേരള ഉന്നത വിദ്യാഭ്യാസ കമ്മിഷൻ (എ.കെ.പി.സി.ടി.എ) 2014–15**
**2015 ഫെബ്രുവരി 22, ശ്രീ കേരള വർമ്മ കോളേജ്, തൃശൂർ**

ഉന്നതവിദ്യാഭ്യാസം ധനലധന താൽപര്യങ്ങളുടെ വിളയാട്ട ഭൂമിയായി മാറുകയും ഭരണ കൂടങ്ങൾ തന്നെ വിളതിന്നുന്ന വേലിയായി മാറുകയും ചെയ്ത ദുരവസ്ഥയിൽ നിന്നാണ് എ.കെ.പി.സി.ടി.എ ഒരു ഉന്നത വിദ്യാഭ്യാസ കമ്മിഷൻ എന്ന ആശയവുമായി രംഗത്തെത്തിയത്യ ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടന്നിവരികായാണ്. ടാക്സ് ഫോഴ്സുകളുടെ ഗ്രൂപ്പ് ചർച്ചകൾക്കും പുതിയ നിരീക്ഷണങ്ങളുടെ കൂട്ടായ്മകൾക്കുവേണ്ടിയുമാണ് ഫെബ്രുവരി 22 ന് കേരള വർമ്മ കോളേജിൽ ശിൽപശാല കമ്മിഷൻ ചെയർമാൻ ഡോ. ആർ വിജിമേനോന്റെ അദ്ധ്യക്ഷതയിൽ നടന്നത്. നിലവിലുള്ള വിദ്യാഭ്യാസശേഷിയുടെ അഭാവത്തിൽ പുതിയ അറിവുകൾ സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടി ഉപയോഗിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അറിവുകൾ വിമർശന ബുദ്ധ്യാ സമീപിക്കുന്നതിനും സൃഷ്ടിക്കുന്നതിനുമുള്ള ഇടമായി മാറണം ഉന്നത വിദ്യാഭ്യാസ രംഗം. ഉന്നത വിദ്യാഭ്യാസത്തിന് തൊഴിലുമായുള്ള ബന്ധവും അതിന്റെ ഗുണമേന്മയും പരിശോധിക്കപ്പെടണം. ഒരാളെ എന്തിനു കൊള്ളില്ല എന്നല്ല എന്തിനു കൊള്ളാമെന്നാണ് കണ്ടെത്തേണ്ടത്. ഇന്നത്തെ അവസ്ഥകളെക്കുറിച്ച് സൂക്ഷ വിശകലനവും അതിന്റെ അന്തരിക പ്രശ്നങ്ങളും പഠിക്കണം. ഇന്നത്തെ വിദ്യാഭ്യാസത്തിന് Excitement ഉണ്ടാക്കാൻ സാധിക്കുന്നുണ്ടോ? എന്ന കാര്യവും പരിശോധിക്കേണ്ടതുണ്ട്. നമ്മുടെ പ്രവർത്തനമേഖലയെ സത്യസന്ധമായി വിലയിരുത്തി ജനങ്ങളുമായി സംവദിക്കുന്ന കണ്ടെത്തലുകൾ കമ്മിഷന് മുന്നോട്ടുകൊണ്ടുവരാനാകണമെന്നും അത്തരത്തിൽ പൊതുവെ



ഒരു അക്കാദമിക് ആവേശം പ്രദാനം ചെയ്യുന്ന ഉന്നതവിദ്യാഭ്യാസമായിരിക്കണം നമ്മുടെ ലക്ഷ്യമെന്നും ആർ.വി.ജി അഭിപ്രായപ്പെട്ടു.

ഉന്നത വിദ്യാഭ്യാസവും രാഷ്ട്ര നിർമ്മാണവും വളരെയധികം ബന്ധപ്പെട്ടു കിടക്കുന്നതായി എം.പി.പരമേശ്വരൻ അഭിപ്രായപ്പെട്ടു. എങ്ങിനെയാണ് രാഷ്ട്രം നിർമ്മിക്കപ്പെടേണ്ടത്? ആരുടെ രാഷ്ട്രം എന്നെല്ലാമുള്ള കാര്യങ്ങൾ കമ്മിഷന്റെ പരിധിയിൽ വരണം. ഗവേഷണത്തിന് മുൻതൂക്കം കൊടുക്കുന്ന കർമ്മപദ്ധതിയാവണം കമ്മിഷൻ റിപ്പോർട്ടെന്നും ആശംസാ പ്രസംഗത്തിൽ എം.പി.പരമേശ്വരൻ പറഞ്ഞു. ഉന്നത വിദ്യാഭ്യ മേഖലയിൽ inspiring Teacher ഉണ്ടാവണമെന്ന് ആശംസാപ്രസംഗത്തിൽ സംസ്കൃത സർവ്വകലാശാലമുൻ വൈസ്ചാൻസലർ ഡോ. ജെ.പ്രസാദ് അഭിപ്രായപ്പെട്ടു. വർത്തമാന കാലത്തെ വിദ്യാഭ്യാസത്തിന്റെ കാവി വൽക്കരണം ഉൽകണ്ഠയോടെ മാത്രമേ കാണാനാവൂ. നാളെ എങ്ങിനെ സർവൈവ് ചെയ്യാം എന്നതിന്റെ ഉത്തരം നമ്മൾതന്നെ കണ്ടെത്തണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. എ.കെ.പി.സി.ടി.എ പ്രസിഡന്റും കേരള ഉന്നത വിദ്യാഭ്യാസ കമ്മിഷൻ കൺവീനറുമായ ഡോ. കെ.പി.സുകുമാരൻ നായർ ഇതുവരെ നടന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ഭാവിപ്രവർത്തനങ്ങളുടെ കലണ്ടർ അവതരിപ്പിക്കുകയും ചെയ്തു. എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി കെ.ശ്രീവൽസൻ സ്വാഗതം പറഞ്ഞു. ശില്പശാലയിൽ ഡോ. കെ. എൻ. ഗണേശ്, ഡോ. പി. പി. രവീന്ദ്രൻ, ഡോ. പി. പവിത്രൻ, പ്രൊഫ.ടി.എ. ഉഷാകുമാരി, ഡോ. അജയകുമാർ, ഡോ. എസ്.എൻ.കുമാർ, സി.പി.ചിത്ര, ആർ. പാർവ്വതീദേവി, ഡോ.ടി. പി. സജീവ്, അഡ്വ. ഗീനാകുമാരി, പ്രൊഫ.ശശിധരൻ, ഡോ.എ.പി. കുട്ടികൃഷ്ണൻ, ഡോ. വി. രാജേന്ദ്രൻ, ഡോ. റോസ്മേരി, കാവുമ്പായി ബാലകൃഷ്ണൻ എന്നിവരും പങ്കെടുത്തു. മുഴുവൻ ടാക്സ് ഫോഴ്സ് അംഗങ്ങളും കോർ കമ്മറ്റി അംഗങ്ങളും ഉപദേശകസമിതി അംഗങ്ങൾ ഉൾപ്പെട്ട ഗ്രൂപ്പ് തിരിഞ്ഞുള്ള ചർച്ചയും നടന്നു. വരും കാലത്തിന്റെ ഉന്നതവിദ്യാഭ്യാസം എന്തായിരിക്കണമെന്ന ചരിത്രപരമായ ദർശനങ്ങൾ മുന്നോട്ടുവെക്കാനും അതിനു അനുകൂലമായ ഈ പരിപ്രേക്ഷ്യ എന്തായിരിക്കണമെന്ന് നിർദ്ദേശിക്കാനുമുള്ള ജനകീയ കൂട്ടായ്മ തന്നെയായിരുന്നു കേരള ഉന്നതവിദ്യാഭ്യാസ കമ്മിഷൻ ശിൽപശാല.





# ഹിന്ദുത്വവും ഭാരതസംസ്കാരവും



ഡോ. ധർമ്മരാജ് അടാട്ട്
*ശ്രീ ശങ്കര സർവ്വകലാശാല, കാലടി*

**രണ്ടാം ഭാഗം**

*(കഴിഞ്ഞ ലക്കം തുടർച്ച)*

ഹിന്ദുമതം സനാതനമാകുന്നത് അത് വേദമാകുന്ന ധർമ്മമൂലത്തിൽ അധിഷ്ഠിതമായതു കൊണ്ടാണെന്നത്രെ പ്രസിദ്ധി. ഇത് യാഥാസ്ഥിതികരായ ഹിന്ദുമതമൗലികതാവാദികളുടെ മാത്രം അഭിപ്രായമല്ല, ഗൗരവമായി മതപഠനങ്ങൾ നടത്തിയിട്ടുള്ള മറ്റുചിലരുടെയും അഭിപ്രായമാണ്. വേദ-ഋഷി പാരമ്പര്യത്തിന്റെ അടിത്തറയിൽ പടുത്തുയർത്തപ്പെട്ട മാറ്റമില്ലാത്ത പല ദാർശനികചിന്തകളും ഉൾക്കൊ ള്ളുന്ന ഒരു മതമായി ഇവർ ഹിന്ദുമതത്തെ കാണുന്നു ഇന്ത്യൻ പാരമ്പര്യത്തിൽ ഋഷിമാർ ധർമ്മത്തെ സാക്ഷാ ത്കരിച്ചവരും മന്ത്രദ്രഷ്ടാക്കളുമാണ്.[19] വേദം ധർമ്മമൂലമാണ്.[20]. അത് പിതൃക്കൾ, ദേവന്മാർ, മനു ഷ്യർ എന്നിവരുടെ കണ്ണായ കണ്ണാണ്. വേദബാഹ്യമായ സ്മൃതികളും സിദ്ധാന്തങ്ങളും നിഷ്ഫലങ്ങ ളാണ്, അവയിൽ നിറഞ്ഞിരിക്കുന്നത് ഇരുട്ടുമാത്രമാണ്.

(പിതൃ-ദേവ-മനുഷ്യാണാം വേദചക്ഷുസ്സനാതനം...... യാ വേദബാഹ്യാഃ സ്മൃതയോ യാശ്ച കാശ്ച ദൃഷ്ടയഃ. സർവ്വാസ്താ നിഷ്ഫലാഃ പ്രേത്യ തമോ നിഷ്ഠാ ഹി താഃ സ്മൃതഃ. *മനുസ്മൃതി.* XII. 94-95)

ഇന്ത്യൻ പാരമ്പര്യത്തിൽ ശ്രുതികളും അവയെ പിൻപറ്റുന്ന സ്മൃതികളും ചോദ്യം ചെയ്യപ്പെടാത്ത അധി കാരസ്ഥാനങ്ങളായി പിന്നീട് മാറി. വേദ-സ്മൃതി ഗ്രന്ഥങ്ങളുടെ ആധികാരികത പിൽക്കാലത്ത് എഴുതപ്പെട്ട കൃതികളി

ലൂടെ സുദൃഢമാക്കി. മനു പ്രഖ്യാപിക്കുന്നു- സ്മൃതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വേദത്താൽ പറയപ്പെട്ടതാണെന്ന് മനസ്സിലാക്കി സ്വന്തം ധർമ്മത്തെ അനുഷ്ഠിക്കേണ്ടതാണ്. ശ്രുതികളേ യും സ്മൃതികളേയും തർക്കശാസ്ത്രയുക്തികൊണ്ട് ആക്ഷേപിക്കരുത്. യാതൊരുവൻ ധർമ്മമൂലങ്ങളായ ഇവയെ തർക്കശാസ്ത്രയുക്തിയാൽ അപമാനിക്കുന്നുവോ അവൻ മഹാത്മാരാൽ ബഹിഷ്കരിക്കപ്പെടേണ്ടവനാണ്. വേദത്തെ നിന്ദിക്കുന്നവൻ നാസ്തികനാണ്.

സർവന്തു സമവേക്ഷ്യേദം നിഖിലം
ജ്ഞാനചക്ഷുഷാ
ശ്രുതിപ്രാമാണ്യതോ വിദ്വാൻ സ്വധർമ്മ നിവിശേത
വൈ.............
യോവമന്യേത തേ മൂലേ ഹേതുശാസ്ത്രാശ്രയാ
ദ്വിജഃ
സ സാധുഭിർ ബഹിഷ്കാര്യോ നാസ്തികോ
വേദനിന്ദകഃ. (*മനുസ്മൃതി*, കക. 8-11)

വേദവുമായി വ്യക്തമായ യാതൊരു ബന്ധവുമില്ലെങ്കിലും പിൽക്കാലത്ത് രൂപപ്പെട്ട പല ദാർശനിക ശാഖകളും തങ്ങൾ വേദത്തെ പ്രമാണമായി അംഗീകരിക്കുന്നവയാണ് എന്ന് പ്രഖ്യാപിക്കുന്നത് ഈ ചരിത്രപശ്ചാത്തലത്തിലാണ്. ചിലർക്ക് അത് നിലനിൽപ്പിന്റെ തന്ത്രം കൂടിയായിരുന്നു. വേദവുമായി ആത്മബന്ധമുണ്ടെന്നു പറയാവുന്ന മീമാംസകരും അദ്വൈത വേദാന്തിയായ ശ്രീശങ്കരനും വേദത്തിന്റെ ആധികാരികതയെ പേർത്തും പേർത്തും പ്രഖ്യാപിക്കുന്നുണ്ട്. വേദങ്ങൾ ഋക്-യജുസ്-സാമം-അഥർവം എന്നിവയാണ്. ഈ വേദങ്ങളെയാണോ ഇവർ പ്രമാണങ്ങളായി പ്രഖ്യാപിക്കുന്നത് എന്നു ചോദിച്ചാൽ പ്രശ്നമാണ്. കാരണം ഈ വേദങ്ങളെ ഇവരാരും പ്രമാണങ്ങളായി അംഗീകരിക്കുന്നില്ല. ഋക്-യജുസ് -സാമം-അഥർവം മുതലായ വേദങ്ങൾക്കുശേഷം പ്രത്യേക രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക താല്പര്യങ്ങളോടെ രചിക്കപ്പെട്ട ബ്രാഹ്മണങ്ങളേയാണ് മീമാംസകർ പ്രമാണങ്ങളായി പ്രഖ്യാപിക്കുന്നത്. വേദാന്തികളാകട്ടെ അവയ്ക്കുശേഷം രചിക്കപ്പെട്ട ഉപനിഷത്തുകളേയും. ഇവയൊക്കെ വേദങ്ങളാ ണെന്ന് ഇവർ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വേദമെന്ന സങ്കല്പത്തിനു ലഭിച്ച പ്രാമാണ്യവും അംഗീകാരവും അധികാരവും തന്നെയാണ് അഞ്ചാമതൊരു വേദം കല്പിച്ചുണ്ടാക്കുവാൻ പുരോഹിത മേധാവിത്വത്തെ പ്രേരിപ്പിച്ചതെന്നു പറയാം. [21]

എന്നാൽ വേദപ്രാമാണ്യം വൈദികർക്കിടയിൽ തന്നെ അപ്രതിരോധ്യമായ നിലയിൽ വർത്തിച്ചിരുന്നില്ല എന്ന വസ്തുതയും ശ്രദ്ധിക്കപ്പെടേണ്ടതാണ്. *ഋഗ്വേദ*ത്തിൽതന്നെ ഇത്തരം കെട്ടുകഥകളെ പൊട്ടിക്കുന്ന ഗാനങ്ങൾ കാണാൻ കഴിയും.

*ഋഗ്വേദ*ത്തിലെ പ്രസിദ്ധമായ *തവളസൂക്തം* (ഢകക. 103) ബ്രാഹ്മണരുടെ വേദമന്ത്രോച്ചാരണത്തെ പരിഹസിക്കുന്നതാണെന്ന് പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.[22] വേദത്തിൽ വിവരിക്കുന്ന സൃഷ്ടിവാദത്തെ അതേ സൂക്തത്തിൽതന്നെ സംശയത്തിന്റെ നിഴലിലേക്ക് തള്ളിവിടുന്നതും (ത. 129. 7) *ഋഗ്വേദ*ത്തിലെ പ്രധാന ദേവതയായ ഇന്ദ്രനെ പോലും ചോദ്യം ചെയ്യുന്നതും (VIII. 100. 3, തക. 12. 5) ഈ പ്രവണതകളുടെ മകുടോദാഹരണങ്ങളാണ്. യജ്ഞത്തിന്റെ ഫലത്തെക്കുറിച്ചുള്ള ആശങ്ക നിരവധി മന്ത്രങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതും ഇവിടെ കൂട്ടിവായിക്കാവുന്നതാണ്.[23] വേദത്തിന്റെ ആധികാരികതയെ ഉപനിഷത്തുകളിലും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. നാലുവേദങ്ങളെയും അപരാവിദ്യയെന്ന് പരിഹസിക്കുന്ന *മുണ്ഡകോപനിഷത്തി*ലെ പരാമർശം ഉദാഹരണമായി ചൂണ്ടിക്കാണിക്കാം.(1. 1. 4-5) *മുണ്ഡകോപനിഷത്തി*ൽ മാത്രമല്ല, മറ്റു ഉപനിഷത്തുകളിലും ഇത്തരം പരാമർശങ്ങളുണ്ട്. [24]

മാത്രമല്ല, വേദമന്ത്രങ്ങൾക്ക് യാതൊരു ശക്തിയുമില്ലെന്നും അവ നിരർത്ഥകങ്ങളാണെന്നും കൗത്സനെ പോലുള്ള ഋഷിമാർതന്നെ വെളിപ്പെടുത്തിയിരിക്കുന്നത് പൂർവ്വപക്ഷമായിട്ടാണെങ്കിലും യാസ്കൻ തന്റെ *നിരുക്ത*ത്തിൽ ഉദ്ധരിച്ചിരിക്കുന്നതും ഏറെ ശ്രദ്ധിക്കപ്പെടേണ്ടതാണ്.

മന്ത്രത്തിന്റെ ശക്തി അതിലെ ശബ്ദങ്ങളുടെ നിശ്ചിതമായ രൂപത്തിലും നിശ്ചിതമായ പൂർവ്വാപരക്രമത്തിലുമാണ്. അർത്ഥസ്ഫുരണം മന്ത്രശക്തിയല്ല. അതുകൊണ്ടുതന്നെ മന്ത്രങ്ങൾ നിരർത്ഥങ്ങളാണ്. മന്ത്രങ്ങളുടെ വിനിയോഗവിധി ബ്രഹ്മണങ്ങളാൽ നിശ്ചിതമാണ്. മന്ത്രങ്ങൾക്ക് അർത്ഥമുണ്ടായിരുന്നു വെങ്കിൽ ഇതിന്റെ ആവശ്യമില്ല. മന്ത്രങ്ങൾ അസംഗതമായ, യുക്തിരഹിതമായ അർത്ഥമാണ് വെളിപ്പെടു ത്തുന്നത്. പല വേദങ്ങളും പരസ്പരവിരുദ്ധമായ അർത്ഥമാണ് നൽകുന്നത്. പലപ്പോഴും പരിഹാസ്യ മായ അർത്ഥവും കാണപ്പെടുന്നു. മന്ത്രങ്ങളിലെ പല പദങ്ങളും സ്പഷ്ടമല്ലാത്ത അർത്ഥം പ്രകാശിപ്പി ക്കുന്നവയാണ് - എന്നിങ്ങനെ പോകുന്നു കൗത്സന്റെ വാദഗതികൾ [25]

വേദങ്ങളുടെ അപ്രമേയമായ പ്രാമാണ്യം ബ്രാഹ്മണ-പുരോഹിത മേധാവിത്വത്തിന്റെ ഇതര കൃതികളിലും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. *ഭഗവദ്ഗീ*തയിൽ കൃഷ്ണൻ പറയുന്നു-

യാമിമാം പുഷ്പിതാം വാചം
പ്രവദന്ത്യവിപശ്ചിതഃ.
വേദവാദരതാഃ പാർത്ഥ നാന്യദസ്തീതി വാദിനഃ.
കാമാത്മനാഃ സ്വർഗപരാഃ ജന്മകർമ്മ ഫലപ്രദാം
ക്രിയാവിശേഷബഹുലാം ഭോഗൈശ്വര്യഗതിം പ്രതി.
ഭോഗൈശ്വര്യപ്രസക്താനാം തയാപഹൃതചേതസാം
വ്യവസായാത്മികാ ബുദ്ധിഃ സമാധൗ ന വിധീയതേ.
ത്രൈഗുണ്യവിഷയാഃ വേദാഃ നിസ്ത്രൈഗുണ്യോ
ഭവാർജ്ജുന
നിർദ്വന്ദോ നിത്യസത്വസ്ഥഃ നിര്യോഗ ക്ഷേമ
ആത്മവാൻ

(ഹേ അർജുന, വേദവാദരതന്മാരും അതിനപ്പുറം വേറൊന്നുമില്ലെന്നു വാദിക്കുന്നവരും കാമാത്മാക്കളും സ്വർഗപരന്മാരുമായ മൂഢബുദ്ധികൾ ഭോഗൈശ്വര്യങ്ങൾക്കുവേണ്ടി വീണ്ടും വീണ്ടുമുള്ള ജന്മത്തെ നൽകുന്ന പലതരം നിഷ്ഫലമായ വാക്കുകളെ ഉദ്ഘോഷിക്കുന്നു. അത്തരക്കാർക്ക് ഏകാഗ്രമായ ബുദ്ധി ഉണ്ടാകുന്നില്ല. ഹേ അർജുന, വേദങ്ങൾ

ത്രിഗുണവിഷയങ്ങൾ മാത്രമാണ്. അതിന്നപ്പുറത്തുള്ള ആത്മനിഷ്ഠതയാണ് നേടേണ്ടത്. കക. 42-45) മറ്റൊരിടത്ത് കൃഷ്ണൻ വീണ്ടും പറയുന്നു-

ത്രൈവിദ്യാഃ മാം സോമപാഃ പൂതപാപാഃ
യജ്ഞൈരിഷ്ട്വാ സ്വർഗതിം പ്രാർത്ഥയന്തേ.........
തേ തം ഭുക്ത്വാ സ്വർഗലോകം വിശാലം
ക്ഷീണേ പുണ്യേ മർത്യലോകം വിശന്തി
ഏവം ത്രയീധർമ്മമനുപ്രപന്നാഃ
ഗതാഗതം കാമകാമാ ലഭന്തേ

(വേദോക്തകർമ്മങ്ങളനുഷ്ഠിക്കുന്നവർ യാഗാദികളാൽ സ്വർഗതിയെ പ്രാർത്ഥിക്കുന്നു...... അവർ പുണ്യം ക്ഷയിക്കുമ്പോൾ മനുഷ്യലോകത്തേയ്ക്ക് തിരിച്ചുവരുന്നു. ഇപ്രകാരം വേദത്തിൽ പറഞ്ഞ കർമങ്ങളനുഷ്ഠിക്കുന്നവർ ജനനമരണരൂപമായ വരവും പോക്കുമായി കഴിയുന്നു. കത. 20-21.) വേദങ്ങളുടെ നിരർത്ഥകത പതിനൊന്നാം അദ്ധ്യായത്തിലും കൃഷ്ണൻ ആവർത്തിക്കുന്നുണ്ട് (48, 53 ശ്ലോകങ്ങൾ കാണുക)

പുരോഹിതരുടെ മറ്റൊരു വിഭാഗം കൃതികളായ പുരാണങ്ങളിലും വേദനിന്ദ സുലഭമാണ്. വേദങ്ങളേക്കാൾ മുമ്പ് ഈശ്വരപ്രോക്തമായ ഗ്രന്ഥങ്ങളാണ് പുരാണങ്ങളെന്നത്രെ അവയുടെ പ്രഖ്യാപനം, മാത്രമല്ല, പുരാണങ്ങളുടെ അടിത്തറയിലാണ് വേദങ്ങൾ നിലകൊള്ളുന്നത് എന്നും അവ ഉദ്ഘോഷി ക്കുന്നു.[26]. പുരാണങ്ങളേക്കാൾ വലിയ സത്യമില്ല; വേറൊരു ഗ്രന്ഥമില്ല, ശാസ്ത്രമില്ല, ശ്രുതിയും സ്മൃതിയുമില്ല.... പുരാണമാണ് പരമസത്യം. (*അഗ്നിപുരാണം.* 383. 47-50)

വേദപ്രാമാണ്യം അംഗീകരിക്കുന്നവയെന്ന് കീർത്തികേട്ട, അതുകൊണ്ടുമാത്രം ആസ്തികങ്ങളെന്ന് അറിയപ്പെടുന്ന സാംഖ്യ-വൈശേഷികാദി ദർശനങ്ങളെ കൃത്യതയോടെ പഠിച്ചാൽ അവയിലേറെയും അത്തരത്തിലായിരുന്നില്ല എന്ന് ഏതൊരാൾക്കും മനസ്സിലാക്കാം. വേദം എന്നും വൈദികകൃതികൾ എന്നും ഉച്ചരിക്കപ്പെടുമ്പോൾ ഋക്-യജുസ്-സാമ-അഥർവാദി ഗ്രന്ഥങ്ങളെയല്ല, മറിച്ച് അവയ്ക്കുശേഷം എഴുതപ്പെട്ടതും ഇന്ത്യൻ ഫ്യൂഡലിസത്തിന്റെ കൃത്യമായ ചേരുവകൾ ഉൾച്ചേർത്തുകൊണ്ട്, കട്ടപിടിച്ച വർഗപക്ഷപാതത്തിന്റെ ഭീകരതയെ മറച്ചുവെച്ചുകൊണ്ട് രൂപപ്പെട്ട ചാതുർവർണ്ണ്യവ്യവസ്ഥിതിയുടെ സംരക്ഷണോപാധികൾ എന്ന നിലയിൽ എഴുതപ്പെട്ട *ഐതരേയം, ജൈമിനീയം, ശതപഥം* മുതലായ ബ്രാഹ്മണങ്ങളും *ഐതരേയം, തൈത്തിരീയം* മുതലായ ആരണ്യകങ്ങളും ഈശാദി ഉപനിഷത്തുകളും അടങ്ങുന്ന വിപുലമായ സാഹിത്യമാണ് ലക്ഷ്യമാക്കപ്പെടുന്നത്. വേദപ്രാമാണ്യം എന്നു പറയുമ്പോഴാ കട്ടെ ഇവയിലെ ബ്രാഹ്മണങ്ങളും ഉപനിഷത്തുകളും മാത്രമാണ് ലക്ഷ്യമാക്കുന്നത് എന്നത് മറക്കാവു ന്നതല്ല. ഇക്കാര്യം മുമ്പേ സൂചിപ്പിച്ചിട്ടുള്ളതാണ്. ഇവയുടെ പ്രാമാണ്യമാകട്ടെ ഭൂരിപക്ഷം ആസ്തിക ദർശനങ്ങളിലും നിഴലായിട്ടുപോലും കാണുന്നുമില്ല. സാംഖ്യം ഭൗതികതയെ അടിസ്ഥാനമാക്കിയുള്ള ദർശനമാണ്. സ്ത്രീ-പുരുഷ സംയോഗമാണ് പുതിയ സൃഷ്ടികളുടെയെല്ലാം അടിസ്ഥാനം എന്ന് കണ്ടറിഞ്ഞ അവർ പ്രപഞ്ചത്തിന്റേയും പ്രാപഞ്ചിക പ്രതിഭാസങ്ങളുടേയും ആദിരൂപമെന്ന നിലയിൽ പ്രകൃതിയേയും (സ്ത്രീ) പുരുഷനേയും സങ്കല്പിച്ചുകൊണ്ടാണ് തങ്ങളുടെ ദാർശനിക പദ്ധതിക്കു രൂപം കൊടുത്തത്. വേദമുൾപ്പെടെയുള്ള ശബ്ദത്തെ അത് പ്രമാണമായി അംഗീകരിക്കുന്നുണ്ടെങ്കിലും പ്രകൃതിപരിണാമവാദമെന്ന തങ്ങളുടെ മുഖ്യ സിദ്ധാന്തത്തെ അത് വിശദീകരിക്കുന്നത് വേദപ്രാമാണ്യം ഉദ്ധരിച്ചുകൊണ്ടല്ല എന്നത് ശ്രദ്ധേയമാണ്. മാത്രമല്ല, വേദവിഹിതമായ കർമ്മാനുഷ്ഠാനങ്ങളിൽ ധാർമ്മി കതയുടെ ലംഘനമാണ് നടക്കുന്നതെന്ന് കണ്ടെത്തുന്ന അവർ പരോക്ഷമായി വേദപ്രാമാണ്യത്തെ കട പുഴക്കുകയാണ് ചെയ്യുന്നത്. ഇക്കാര്യം ഡോ.എസ്.രാധാകൃഷ്ണൻതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. സാംഖ്യം ഒരാസ്തിക പദ്ധതിയല്ല തന്നെ. യോഗം പ്രായോഗികമായി നോക്കുമ്പോൾ വേദത്തിന്റെ ആധിപത്യത്തിൽ നിന്ന് സ്വതന്ത്രമാണ്...സാംഖ്യപദ്ധതി എങ്ങും വേദങ്ങളെ തുറന്നെതിർത്തിട്ടില്ല, എന്നാൽ അതിന്റെ അടിത്തറ പുഴക്കുകയെന്ന കൂടുതൽ മാരകമായ പ്രക്രിയയെ സ്വീകരിക്കുന്നു മുണ്ട്. [27]

വൈശേഷികദർശനം പ്രത്യക്ഷം, അനുമാനം എന്ന രണ്ടു പ്രമാണങ്ങളെ മാത്രമെ അംഗീകരിക്കുന്നുള്ളു. പദാർത്ഥവിചാരവും അണുസിദ്ധാന്തവുമാണ് വൈശേഷികദർശനം മുഖ്യമായും മുന്നോട്ടുവെക്കുന്നത്. വേദപ്രാമാണ്യവുമായി ഈ സിദ്ധാന്തത്തിന് യാതൊരു ബന്ധവുമില്ല. ന്യായദർശനം വേദപ്രാമാണ്യം അംഗീകരിക്കുന്നുണ്ട്. ലൗകികശബ്ദവും വൈദികശബ്ദവും അടങ്ങുന്നതാണ് അവരുടെ വേദപ്രാമാണ്യം. എന്നാൽ, തർക്കവും അണുസിദ്ധാന്തവുമാണ് അവരുടെ മുഖ്യമായ പ്രതിപാദ്യവിഷയം. ഈ മുഖ്യപ്രതിപാദ്യവിഷയ പ്രതിപാദനത്തിൽ ഒരു ഘട്ടത്തിലും അവർ വേദപ്രാമാണ്യത്തെ ആശ്ര യിക്കുന്നില്ല. ന്യായ-വൈശേഷികങ്ങൾ പിൽക്കാലത്ത് ഒന്നായിത്തീരുകയും ഈശ്വരൻ അതിലെ നിയാ മകശക്തിയായി പരിണമിക്കുകയും ചെയ്ത ഘട്ടത്തിൽപോലും വേദപ്രാമാണ്യത്തിന് ഇടം ലഭിച്ചില്ല. ഇതും ഡോ. എസ്. രാധാകൃഷ്ണൻതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്- വൈശേഷികവും ന്യായവും അനുമാനപ്രമാണത്തിലൂടെയാണ് ഈശ്വരനെ സ്വീകരിക്കുന്നത്, വേദപ്രാമാണ്യത്തിലൂടെയല്ല. [28] എന്നുവെച്ചാൽ, നിലനില്പിനുവേണ്ടിയുള്ള, സ്ഥിരപ്രതിഷ്ഠ ലഭിക്കാൻ വേണ്ടിയുള്ള തന്ത്‌ പ്രചാരകരു ടെ തന്ത്രമായിരുന്നു വേദപ്രാമാണ്യ സ്വീകരണം. ഇത് ഡോ. രാധാകൃഷ്ണനും സമ്മതമായ നിഗമന മാണ്. [29]

## V

ഹിന്ദുമതം സഹിഷ്ണുതയുടെ പരകോടിയാണെന്നതാണ് മറ്റൊരു മിത്ത്. ഇതിന്റെയും മുഖ്യധാരാ വക്താക്കൾ കൊളോണിയൽ ചിന്തകർ തന്നെയാണ്. ഇമ്മാനുവൽ കാന്റിനെപോലുള്ള ചിന്തകരും വില്യം ജോൺസനെപോലുള്ള ഓറിയന്റലിസ്റ്റുകളും തുടക്കമിട്ട ഈ ആശയത്തെ നവോത്ഥാന കാലഘട്ടത്തിൽ സ്വാമി വിവേകാനന്ദനെപോലുള്ള ഇന്ത്യൻ

യൗവനവും ഏറ്റുപിടിക്കുകയുണ്ടായി. ബ്രാഹ്മണ പൗരോഹിത്യത്തിന്റെ ബദ്ധവൈരികളായ ബുദ്ധനേയും ജൈനതീർത്ഥങ്കരനായ ആദിനാഥനെയും (ഋഷഭൻ) വിഷ്ണുവിന്റെ അവതാരമായി അംഗീകരിച്ചത് ഹിന്ദുമതത്തിന്റെ സഹിഷ്ണുതയുടെ തെളിവായി ഇക്കൂട്ടർ ഉയർത്തിക്കാണിക്കുന്നു. ബുദ്ധനെ വിഷ്ണുവിന്റെ അവതാരമെന്ന പരാമർശമല്ലാതെ ഇതര അവതാരങ്ങളെ പ്രകീർത്തിച്ചുകൊണ്ട് രചിക്കപ്പെട്ട വിപുലമായ സാഹിത്യകൃതികൾ ബുദ്ധാവതാരത്തെക്കുറിച്ച് വൈഷ്ണവ പാരമ്പര്യത്തിൽ കാണാനില്ലെന്നത് മറക്കാവുന്നതല്ല. [30]

വിദേശിയരോടുള്ള വിധേയത്വം മൂലം അവരുടെ മതങ്ങൾക്കുവേണ്ടി വാരിക്കോരി നൽകുവാനും സ്വന്തം സ്ഥാപിതതാല്പര്യങ്ങൾക്കായി അവരെ പ്രീതിപ്പെടുത്തുവാനും മത്സരിച്ച ഇന്ത്യൻ ഭൂപ്രഭുത്വ ത്തിന്റെ ചില പ്രവർത്തനങ്ങളാണ് ഇന്ത്യ മതസഹിഷ്ണുതയുടെ പറുദീസയാണെന്ന് വൈദേശികർ ഘോഷിക്കുവാൻ ഇടയാക്കിയത്. വാസ്തവത്തിൽ, വർഗവിഭജനത്തിന്റെ ഇന്ത്യൻ പതിപ്പായ ചാതുർ വർണ്ണ്യവ്യവസ്ഥിതിയുടെ അകത്തളങ്ങളിൽ കാണപ്പെടുന്ന സവർണ്ണ-അവർണ്ണഭേദവും പിൽക്കാലത്ത് രൂപപ്പെട്ട ജാതിനിഷ്ഠമായ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഇന്ത്യൻ പാരമ്പര്യത്തിലെ കീർത്തി കേട്ട മതസഹിഷ്ണുതയുടെ വേരറുക്കുന്ന പ്രതിഭാസങ്ങളാണ്. വേദത്തെ അംഗീകരിക്കുന്നവരും വേദത്തെ അംഗീകരിക്കാത്തവരും തമ്മിലുള്ള പോര് സുവിദിതമാണ് വേദത്തെ അംഗീകരിക്കുന്നവർ തമ്മിൽ തമ്മിൽ പുലർത്തുന്ന അസ്പൃശ്യതയും എല്ലാ സീമകളേയും അതിലംഘിക്കുന്നതാണ്. മദ്ധ്യ കാലത്ത് യൂറോപ്പിലുണ്ടായ കുരിശുയുദ്ധ മാതൃകയിലുള്ള ചോരപ്പുഴ ഒഴുകിയതായി രേഖപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും ഇന്ത്യയിലും വ്യാപകമായ സംഘട്ടനങ്ങൾ നടന്നിട്ടുള്ളതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇതിൽതന്നെ വൈഷ്ണവരും ശൈവരും തമ്മിലും വൈഷ്ണവരിലും ശൈവരിലും ഉൾ പ്പെടുന്ന ആഭ്യന്തര വകഭേദങ്ങൾ തമ്മിൽ തമ്മിലും നടന്നിട്ടുള്ള സംഘട്ടനങ്ങളുടെ കഥ ആവശ്യത്തി ലേറെയുണ്ട്. അടുത്തകാലത്തിറങ്ങിയ കമലഹാസന്റെ *ദശാവതാരം* എന്ന സിനിമ അത്തരമൊരു കഥ യിൽനിന്നും ഉയിർക്കൊണ്ടതാണ്. കേരളനവോത്ഥാനനായകരിൽ ശ്രദ്ധേയനായ ആത്മീയ ആചാര്യൻ ബ്രഹ്മാനന്ദസ്വാമി ശിവയോഗി തന്റെ *വിഗ്രഹാരാധനാഖണ്ഡനം* എന്ന കൃതിയിൽ ഇത്തരം സംഘട്ടനങ്ങളുടെ ആഴം നമ്മെ ബോദ്ധ്യപ്പെടുത്തുന്നുണ്ട്.

വിഷ്ണുദർശനമാത്രേണ ശിവദ്രോഹഃ
പ്രജായതേ
തസ്മാദ് തദ് വിഷ്ണുനാമാപി ന വക്തവ്യം
കദാചന.

(വിഷ്ണുവിഗ്രഹത്തെ കണ്ടാൽ ശിവദ്രോഹമായി ത്തീരും. അതുകൊണ്ട് വിഷ്ണുനാമം പോലും ഒരിക്കലും ഉച്ചരിച്ചുപോകരുത്) എന്ന് ശൈവന്മാർ ആക്രോശിക്കുമ്പോൾ-

കിമത്ര ബഹുനോക്തേന ബ്രാഹ്മണാ യേ
ഹ്യവൈഷ്ണവാഃ
ന സ്പൃഷ്ടവ്യാ ന വക്തവ്യാ ന ദൃഷ്ടവ്യാ ച
കദാചന

(എന്തിനു വളരെ പറയുന്നു, വിഷ്ണുഭക്തിയില്ലാത്ത ബ്രാഹ്മണരെ ഒരിക്കലും തൊട്ടുപോകരുത്, അവരോട് സംസാരിക്കരുത്, അവരെ കണ്ണുകൊണ്ട് കാണുകയും കൂടി ചെയ്യരുത്.(അവർ അത്രയും നിന്ദ്യരാകുന്നു എന്നർത്ഥം)- എന്നത്രെ വൈഷ്ണവന്മാർ തിരിച്ചടിക്കുന്നത്!(*പദ്മപുരാണം*)

വൈഷ്ണവരിൽത്തന്നെ ചെറിയ കുറിക്കാരും വലിയ കുറിക്കാരും നീണ്ട കുറിക്കാരും വളഞ്ഞ കുറിക്കാരും തമ്മിലുള്ള വൈരം ഇന്നും കേരളത്തിനു പുറത്ത് സുലഭമാണല്ലോ. വിഷ്ണുഭക്തനായ ഒരു അയ്യങ്കാർ ഒരിക്കൽ ശിവയോഗിയോട് പറഞ്ഞത് ഇപ്രകാരമത്രെ; ശ എന്ന് ആദിയായ വാക്കിനെ ഉച്ചരിക്കുന്നത് ഞങ്ങൾക്ക് അസഹ്യമാകുന്നു. എന്തുകൊണ്ടെന്നാൽ, ശിവൻ എന്ന നാമത്തിന്റെ ആദ്യാക്ഷരം ശ കാരമായതുകൊണ്ട് ശകാരാദികളായ വാക്കുകളെല്ലാം ഞങ്ങൾക്ക് ശകാര മായിട്ടിരി ക്കുന്നു.[31] മനുഷ്യർക്കിടയിൽ മാത്രമല്ല, ദേവന്മാർ ക്കിടയിലും ഇത്തരം സ്പർദ്ധകൾ ധാരാളമാണെന്ന് പുരാണങ്ങൾ



സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതുകൊണ്ടു തന്നെ അവരെ പിൻപറ്റുന്ന അനുയായികൾ വാളെടുത്തിട്ടില്ലെങ്കിലല്ലേ അത്ഭുതപ്പെടേണ്ടതുള്ളു. രാമാനുജൻ തമിഴകത്തെ ശ്രീരംഗം വിട്ട് ഓടേണ്ടി വന്ന കഥ പതിനൊന്നാം നൂറ്റാണ്ടിലാണ് നടന്നത് (1098) ബ്രാഹ്മണന്മാരും ശ്രമണന്മാരും (ബൗദ്ധാദി കൾ) കീരിയും പാമ്പും പോലെ ആജന്മ ശത്രുക്കളായിരുന്നു എന്നാണ് പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവി ച്ചിരുന്ന വൈയ്യാകരണനും മഹാഭാഷ്യകാരനുമായ പതഞ്ജലി രേഖപ്പെടുത്തിയിരിക്കുന്നത്.[32]. ശ്രമ ണന്റെ തലയ്ക്ക് നൂറ് ദിനാർ വില പ്രഖ്യാപിച്ചുകൊണ്ടാണ് പുഷ്യമിത്ര സുംഗൻ ബൗദ്ധർക്കെതിരെ ചതു രംഗപ്പടയെ നിയോഗിച്ചതെന്നറിയുമ്പോൾ ജന്മനാട്ടിൽനിന്നും ബൗദ്ധർ നാടുകടത്തപ്പെട്ടതിന്റേയും തലയറ്റും ഉടലറ്റും കൈകാലുകളറ്റും കാണപ്പെടുന്ന ബൗദ്ധവിഗ്രഹങ്ങളുടേയും ചരിത്രകാരണങ്ങളെ കാര്യമായി

അന്വേഷിക്കേണ്ടതില്ല. ബൗദ്ധരേയും ജൈനരേയും വകവരുത്തുന്നതിൽ ശൈവ-വൈഷ്ണവ വിശ്വാസികൾ ഒന്നിച്ചു. ഏഴാം നൂറ്റാണ്ടിൽ ഇന്ത്യ സന്ദർശിച്ച ചൈനീസ് സഞ്ചാരിയായ ഹുയാങ് സാങ് രേഖപ്പെടുത്തിയിരിക്കുന്നത് ഹൂണന്മാരിലെ പ്രധാനിയും ശിവഭക്തനുമായിരുന്ന മിഹിരകുലൻ ആയിരക്കണക്കിന് ബൗദ്ധരെ ഉന്മൂലനം ചെയ്യുകയും 1600 ബൗദ്ധസ്തൂപങ്ങളും ബൗദ്ധവിഹാരങ്ങളും നശിപ്പിച്ചു എന്നുമാണ്. പന്ത്രണ്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട കൽഹണന്റെ *രാജതരംഗിണി* (1. 307) യിൽ മിഹിരകുലനും ശൈവരും നടത്തിയ ഇത്തരം ബൗദ്ധോന്മൂലനം വിവരിക്കുന്നുണ്ട്. കാഷ്മീർ മുതൽ ഇങ്ങു കേരളംവരെ ഇത്തരം പ്രവർത്തനങ്ങൾക്ക് ചരിത്രാവശിഷ്ടങ്ങളിലൂടെ സാക്ഷിപറയുന്നുണ്ട്. ഇത്തരം ആക്രമണങ്ങളിലൂടെയാണ് നളന്ദ സർവകലാശാലയും അവിടത്തെ വിപുലമായ ലൈബ്രറിയും നശിപ്പിക്കപ്പെട്ടത്.[33] എത്രയെത്ര ബൗദ്ധ-ജൈന വിഹാരങ്ങളാണ് ശൈവ-വൈഷ്ണവ ക്ഷേത്രങ്ങളാക്കപ്പെട്ടിട്ടുള്ളതെന്നതിന് കയ്യും കണക്കുമില്ല. തമിഴകത്ത് ഏഴാം നൂറ്റാണ്ടിനുശേഷം ശൈവർ ജൈനർക്കെതിരെ നടത്തിയ ഇത്തരം ഉന്മൂലനാതിക്രമങ്ങളെ വിവരിക്കുന്ന ചരിത്രരേഖകൾ ലഭ്യമാണ്. അത് ഒടുവിൽ ജൈനരുടെ ആത്മരക്ഷാർത്ഥം കൂട്ടത്തോടെയുള്ള പലായനത്തിലാണ് പര്യവസാനിച്ചത്. കർണ്ണാടകത്തിൽ വീരശൈവരെന്ന് അറിയപ്പെടുന്ന ലിംഗായതന്മാർ സാമ്പത്തിക മേൽകോയ്മയ്ക്കായി ജൈനരെ വകവരുത്തിയ കഥയും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.[34] കേരളത്തിലടക്കമുള്ള ശാലകളിൽ ബ്രാഹ്മണയുവാക്കൾക്ക് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സൈനിക പരിശീലനം നൽകിയിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

ക്രിസ്തുവർഷം 345-370 കാലഘട്ടത്തിൽ മയൂരശർമ്മന്റെ ഭരണത്തിൻകീഴിൽ കേരളത്തിൽ ആരംഭിച്ച ആര്യൻ സാംസ്കാരികാധിനിവേശത്തിന്റെ കഥ *കേരളോദയം* എന്ന ചരിത്രകാവ്യത്തിലൂടെ കെ. എൻ. എഴുത്തച്ഛൻ വിശദീകരിക്കുന്നത് ഇപ്രകാരമാണ്-

അങ്ങിനെ (മയൂരശർമ്മന്റെ ക്ഷണമനുസരിച്ച്) വൈദികമതത്തിന്റെ ഒരു ധർമ്മസേന കേരളത്തിലേയ്ക്ക് പുറപ്പെട്ടു. തർക്കശാസ്ത്രത്തിന്റെ തേരുകൾ, വേദാന്തത്തിന്റെ ആനകൾ, യാഗത്തിൽനിന്നുയരുന്ന മന്ത്രങ്ങളുടെ അത്ഭുതവേഗമുള്ള കുതിരകൾ- ഇതൊക്കെ അതിലുണ്ടായിരുന്നു. പൂക്കൾ വിരിഞ്ഞ പേരാറിന്റെ വക്കത്തും പശുക്കൾ മേയുന്ന പെരിയാറിന്റെ തീരത്തും വേദമന്ത്രങ്ങൾ മൂളുന്ന യജ്ഞകുടീരങ്ങൾ തലയുയർത്തി നിൽക്കാൻ തുടങ്ങി. ക്രമത്തിൽ ബ്രാഹ്മണരുടെ മതം ദൃഢമായിത്തീർന്നു. മുപ്പത്തിരണ്ടു ഗ്രാമങ്ങളാകുന്ന കേന്ദ്രത്തോടുകൂടിയതും സത്യധ്വജം നാട്ടിയതും ജാതിയുടെ അംബരചുംബികളായ മതിലുകളാൽ ചുറ്റപ്പെട്ടതുമായിട്ടാണ് ഈ ധർമ്മോദയം നടന്നത്. മൃദുനാദമുതിർക്കുന്ന തേനീച്ചക്കൂട്ടംപോലെ വൈദികരുടെ മന്ത്ര തന്ത്രങ്ങൾ നടക്കുന്ന ബ്രാഹ്മണരുടെ സങ്കേതഗ്രാമങ്ങൾ നാട്ടിലെങ്ങും നിറഞ്ഞു. യാഗത്തിന്റെ എല്ലു റപ്പും വേദാന്തത്തിന്റെ സിരാചക്രവുമായി ഒരു പുതിയ സംസ്കാരം ഉടലെടുത്തു. അത് മീമാംസ കൊണ്ട് മാംസളമായതുമായിരുന്നു. അല്പാക്ഷരങ്ങൾ മാത്രമുള്ള പഴയ തമിഴ് അക്ഷരമാലകൾ ഉപേക്ഷിച്ച് പാഠശാലകളിൽ കുട്ടികൾ ഇളം തലമുടി ഇളക്കിക്കൊണ്ട് സംസ്കൃതഭാഷയിലെ നീണ്ട അക്ഷരമാല മണലിൽ എഴുതിപ്പഠിക്കാൻ തുടങ്ങി. കോവലന്റേയും മറ്റും കഥകൾ ആനന്ദബാഷ്പം പൊഴിച്ച് പഠിച്ച് പാടിക്കൊണ്ടിരുന്ന വിദ്യാർത്ഥികൾ പാണിനിയുടേയും മറ്റും ശുഷ്കസൂത്രങ്ങൾ സൂക്ഷ്മദൃഷ്ട്യാ നെയ്തുണ്ടാക്കാൻ ആരംഭിച്ചു. പണ്ട് ബൗദ്ധസന്ന്യാസികൾ സിദ്ധാർത്ഥന്റെ ത്യാഗകഥ വിവരിച്ചിരുന്ന ക്ഷേത്രങ്ങളിൽ സീതാപഹാരാദികൾ അടങ്ങിയ രാമന്റെ കഥ വിവരിക്കാൻ തുടങ്ങി. പഴയ ബുദ്ധമുനി ക്ഷേത്രങ്ങളിൽ ശിവരൂപനായി രൂപാന്തരം പ്രാപിച്ചു. ബൗദ്ധാഗമ പ്രസിദ്ധയായ താരാദേവി ദുർഗയെന്ന പേരിൽ ആരാധിക്കപ്പെടാൻ തുടങ്ങി. പൂജക്കാലത്ത് ആനപ്പുറത്ത് വാദ്യഘോഷങ്ങളോടുകൂടി ബുദ്ധദേവനെ പണ്ട് എഴുന്നെള്ളിച്ചിരുന്ന സമ്പ്രദായം നിലനിന്നു. ദേവന്മാരുടെ പേരൊന്നു മാറ്റി എന്നു മാത്രം. എല്ലാം പഴയതുതന്നെ, ഒരു പുതിയ സംസ്കാരപ്രകാശം ഉണ്ടായെന്നേയുള്ളു. (*കേരളോദയം*, 8. 38-47)

മനുഷ്യൻ മനുഷ്യന് അശുദ്ധവസ്തുവാണെന്ന ചിന്തയുടെ ഉറവിടവും ചാതുർവർണ്ണ്യത്തിന്റെ ഈറ്റില്ലമായ നമ്മുടെ നാടുതന്നെയാണെന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു. മതനിരപേക്ഷഗ്രന്ഥമെന്ന് ചിലർ ധരിച്ചുവശായിരിക്കുന്ന കൗടില്യന്റെ *അർത്ഥശാസ്ത്ര*ത്തിൽ അവൈദികരെ വൃഷളന്മാർ എന്നും പാഷണ്ഡന്മാർ എന്നുമാണ് കുറിച്ചുവെച്ചിട്ടുള്ളത്. പാഷണ്ഡ-ചണ്ഡാളന്മാർ ശ്മശാനത്തിന്റെ അറ്റത്താണ് താമസിക്കേണ്ടതെന്നും *അർത്ഥശാസ്ത്രം* തീർപ്പു കല്പിക്കുന്നുണ്ട്. (II. 4. 23, 3. 20. 16). ശൂദ്രന്മാരെ സഞ്ചരിക്കുന്ന പട്ടടയെന്നാണ് *വസിഷ്ഠധർമ്മസൂത്രം* വിശേഷിപ്പിച്ചത്. അതുകൊണ്ട് ശൂദ്രന്റെ സമീപത്തു വെച്ച് വേദാധ്യയനം പാടില്ലത്രെ ![35] വേദം ഉച്ചരിക്കുന്നതു കേൾക്കുന്ന ശൂദ്രന്റെ ശ്രോത്രത്തിൽ ഈയവും അരക്കും ഉരുക്കിയൊഴിക്കണം, ശൂദ്രൻ വേദം ഉച്ചരിച്ചാൽ അവന്റെ നാക്കറുക്കണം, വേദം പഠിച്ചാൽ അവന്റെ ശരീരം പിളർക്കണം.[36]

ശൂദ്രാദി സ്പർശനേ സ്നാനം കാര്യം
ശുദ്ധിമഭീപ്സവഃ
അന്ത്യജാനാം സന്നികർഷേ ചാപി മജ്ജനമാചരേത്.
സ്പർശനേ
ചാന്ത്യജസ്പൃഷ്ടകൂപവാപീസ്ഥവാരിണഃ
സമാർജിതക്ഷിതൗ പാദന്യാസേ ച
പ്രോക്ഷണാദൃതേ.

(ശുദ്ധിയെ ആഗ്രഹിക്കുന്ന ബ്രാഹ്മണാദി ജാതികൾ തന്നിൽ താണ ശൂദ്രാദികളെ തൊട്ടാൽ കുളിക്കണം. തീണ്ടിയാൽ കുളിയുള്ള ജാതിക്കാരെ അടുത്താലും കുളിക്കണം. താണ ജാതിക്കാർ തൊട്ട കുളം കിണറു മുതലായതു തൊട്ടാലും ചൂലുകൊണ്ടടിച്ച ദിക്കിൽ തളിക്കുന്നതിനു മുമ്പായി ചവിട്ടിയാലും കുളിക്കണം. *ശാങ്കരസ്മൃതി.* XII. 4. 5-6) എന്നെല്ലാം പ്രഖ്യാപിച്ചത് നമ്മുടെ സ്മൃതിഗ്രന്ഥങ്ങളാണ്.

ഈ വിശകലനങ്ങൾ ഒരു ഉത്തരമാണ് നൽകുന്നത്. ബ്രാഹ്മണപുരോഹിതന്മാർക്ക് ആധിപത്യമുണ്ടായിരുന്ന ചാതുർവർണ്ണ്യവും അതിലെ മതപരമായ, ജാതിനിഷ്ഠമായ സാമൂഹ്യ സാഹചര്യവും ഒരിക്കലും സഹിഷ്ണുതയുടെ പാരമ്പര്യമുള്ളവയായിരുന്നില്ല. ആ സാമൂഹ്യവ്യവസ്ഥയിൽ പിൽക്കാലത്ത് ആരോപിക്കപ്പെട്ടതാണ് സഹിഷ്ണുത. ഹിന്ദുത്വം എല്ലാമതങ്ങളേയും ഉൾക്കൊള്ളാൻ ശ്രമിച്ച മതവീക്ഷണമാണെന്നത് ചരിത്രപരമായ അസത്യജല്പനമാണ്.

VI

മതങ്ങളും മതങ്ങൾക്കിടയിലെ അവാന്തര ജാതികളും മാത്രമല്ല പൗരാണിക ഭാരതത്തിൽ പരസ്പരം ഏറ്റുമുട്ടിയിട്ടുള്ളത്. അധുനാതന വികസനത്തിന്റെ തുടിപ്പുകൾ ഉൾക്കൊള്ളുന്ന ശാസ്ത്രത്തെ മുറുകെ പിടിക്കുന്ന ചിന്തകരും മതപുരോഹിതമേധാവിത്വവും പരസ്പരം യാതൊരു രമ്യതയിലുമായിരുന്നില്ല വർത്തിച്ചിരുന്നത്. പ്രാചീന ഭാരതത്തിൽ നിലനിന്നിരുന്ന മത-ശാസ്ത്രസംഘട്ടനത്തിന്റെ അലയടികൾ മനസ്സിലാക്കണമെങ്കിൽ ഇന്ത്യൻ നിയമ സ്രഷ്ടാക്കളായ സ്മൃതികാരന്മാരുടെ ചിന്തകളിലൂടെ കടന്നു പോയാൽ മതി.

തങ്ങൾക്കെതിരെ, തങ്ങളുടെ ആധിപത്യത്തിനെതിരെ ആഞ്ഞുവീശാൻ ഇടയുള്ള പ്രസ്ഥാനങ്ങളേയും അതിന്റെ വക്താക്കളേയും തേജോവധം ചെയ്യാൻ പുരോഹിതമേധാവിത്തം നടത്തിയിരുന്ന ആദ്യ കരുനീക്കം അത്തരക്കാർക്ക് സമുദായത്തിൽ ഭ്രഷ്ട് കല്പിക്കുക എന്നതായിരുന്നു. ഇന്ത്യൻ ശാസ്ത്രജ്ഞർക്കെതിരെ, പ്രത്യേകിച്ചും ഇന്ത്യൻ വൈദ്യശാസ്ത്രത്തിന്റെ പ്രവർത്തകർക്കെതിരെ പുരോഹിതമേധാവിത്തം ആസൂത്രണം ചെയ്തതും മറ്റൊന്നായിരുന്നില്ല.

വൈദ്യൻ വിശുദ്ധിയില്ലാത്തവനാണ്. അവന്റെ സാന്നിദ്ധ്യം പരിസരം പോലും അശുദ്ധമാക്കുന്നു. അവനിൽനിന്ന് ഭക്ഷണം വാങ്ങിക്കഴിക്കരുത്. കാരണം അത് വിഷമാണ് ഇതെല്ലാം പ്രഖ്യാപിച്ചത് പുരോഹിതമേധാവിത്തത്തിന്റെ ഏറ്റവും പഴക്കം ചെന്ന ഒരു ആചാര്യനായ ആപസ്തംബനാണ്. (*ആപസ്തംബധർമ്മസൂത്രം*, 1. 6. 19. 14, 1. 6. 18. 21) ഗൗതമനും (*ഗൗതമധർമ്മസൂത്രം*, 17. 7. 17) വസിഷ്ഠനും (*വസിഷ്ഠധർമ്മസൂത്രം*, 14. 2) മറ്റൊന്നായിരുന്നില്ല പറഞ്ഞുവെച്ചത്. യാചിക്കാതെ സ്വമേധയാ നൽകുന്നതാണെങ്കിലും വൈദ്യനിൽനിന്നും ലഭിക്കുന്ന ഭിക്ഷ സ്വീകരിക്കരുതെന്നുപോലും വസിഷ്ഠൻ വിലക്കുകയുണ്ടായി. (*വസിഷ്ഠധർമ്മസൂത്രം*, 14. 19) കാരണം അത് അശുദ്ധി നിറഞ്ഞതാണുപോലും.

ആപസ്തംബന്റേയും ഗൗതമന്റേയും വസിഷ്ഠന്റേയും കാലഘട്ടം ക്രിസ്തുവിനു മുമ്പ് 600 നും 300 നും ഇടയിലാവാമെന്ന് പാശ്ചാത്യ പണ്ഡിതനായ പി. വി. കാനെ നിഗമിക്കുന്നു. ഇതിൽനിന്നും വൈദ്യശാസ്ത്രത്തോടും അതിന്റെ പ്രചാരകരോടും പുരോഹിതമേധാവിത്വം തങ്ങളുടെ യുദ്ധം ക്രിസ്തുവിന് ആറു നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ആരംഭിച്ചിരുന്നതായി തെളിയുന്നു.

ആപസ്തംബനും ഗൗതമനും വസിഷ്ഠനും ശേഷം രംഗത്തെത്തുകയും പിന്നീട് വർഷശതങ്ങളിൽ തന്റെ സ്വാധീനം നിലനിർത്തുകയും ചെയ്ത മനുവും പിൻഗാമികളും വൈദ്യശാസ്ത്രത്തോടും അതിന്റെ പ്രചാരകരോടുമുള്ള മുൻഗാമികളുടെ നിലപാടുകൾക്ക് ശക്തി കൂട്ടുകയാണു ചെയ്തത്.

ഉന്നതകുലജാതർ ഭിഷഗ്വരന്മാരിൽനിന്നും അന്നം സ്വീകരിക്കരുത്. കാരണം അത് പൂയത്തിനു (ചലം) തുല്യമത്രെ. (*മനു.* IV. 219) മാത്രമല്ല, ഭിഷഗ്വരന്മാർക്ക് തിരിച്ചും ഭക്ഷണം കൊടുക്കരുതെന്നും അദ്ദേഹം വിധിയെഴുതി. കാരണം വൈദ്യന്മാർക്ക് ഭക്ഷണം കൊടുക്കുന്നവർ അടുത്ത ജന്മത്തിലും പൂയത്തേയും രക്തത്തേയും തിന്നാൻ വിധിക്കപ്പെട്ടവരത്രെ. (*മനു.* കകക. 280) മാത്രമല്ല, പരിപാവനമായ യാഗഭൂമിയുടെ സമീപത്തുപോലും വൈദ്യനെ പ്രവേശിപ്പിക്കരുതെന്നുകൂടി മനു വിലക്കുകയുണ്ടായി. (*മനു.* കകക. 152) മറ്റൊരു ധർമ്മസംഹിതയായ *വിഷ്ണുധർമ്മസൂത്ര*മാകട്ടെ ഭിഷഗ്വരന്മാരിൽനിന്നും അന്നം സ്വീകരിക്കുന്നവർക്ക് മൂന്നു ദിവസത്തെ നിരാഹാരവ്രതമാണ് വിധിച്ചുവെച്ചിരിക്കുന്നത്, ശുദ്ധീകരിക്കപ്പെടാൻ. (*വിഷ്ണുധർമ്മസൂത്രം.* 1. 8. 11) വൈദ്യപ്രവൃത്തി ചെയ്യുന്നവരെ ശ്രാദ്ധകർമ്മങ്ങളിൽ നിർബന്ധമായും പങ്കെടുപ്പിക്കരുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു.(*വിഷ്ണുധർമ്മസൂത്രം.* 32. 3. 14)

ഇന്ത്യൻ വൈദ്യശാസ്ത്രശാഖയോടുള്ള പൗരോഹിത്യത്തിന്റെ ഇത്തരം കടന്നാക്രമണം പ്രാചീനഭാരത



ത്തിൽ നിലനിന്നിരുന്ന മത-ശാസ്ത്രസംഘട്ടനത്തിന്റെ അടിവേരുകളെയാണ് ഉന്മീലനം ചെയ്യുന്നത്. മതത്തിനെതിരെ ശാസ്ത്രീയതയുടെ പടച്ചട്ടയുമായി രംഗമേറിയ ഭൗതികവീക്ഷണത്തിലധിഷ്ഠിതമായ സ്വഭാവവാദത്തിന്റെ അസ്തിവാരത്തിനു മുകളിലാണ് ഇന്ത്യൻ വൈദ്യശാസ്ത്രം അതിന്റെ വിജ്ഞാന ഗോപുരത്തിന്റെ മേൽപുര പണിതുയർത്തിയിട്ടുള്ളത്. ഈശ്വരനെന്ന പ്രകൃത്യതീത പ്രഥമകാരണത്തിൽനിന്നാണ് പ്രപഞ്ചോല്പത്തിയെന്നും അതിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ ഈശ്വരേച്ഛയുടെ ഫലമാണെന്നുമുള്ള മതങ്ങളുടെ ദാർശനിക ചിന്താധാരകൾക്കെതിരെ പ്രപഞ്ചം തികച്ചും ഭൗതികമാണെന്നും ദ്രവ്യത്തിന്റെ നൈസർഗികമായ ആഭ്യന്തരനിയമങ്ങളുടെ പ്രവർത്തന ഫലമായാണ് പ്രപഞ്ചം രൂപപ്പെട്ടതെന്നും, പ്രപഞ്ചത്തിൽ നടന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും പ്രകൃതിയിലെ നൈസർഗികമായ നിയമങ്ങ

ശ്ക്കു വിധേയമായാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നും, പ്രകൃതിനിയമങ്ങൾക്കുപരിയായി മറ്റൊരു പ്രഥമകാരണമില്ലെന്നും ഇന്ത്യൻ വൈദ്യശാസ്ത്രം വിശദമാക്കി. മത-ശാസ്ത്രസംഘട്ടനം അനിവാര്യമായി ത്തീർന്നതും മറ്റൊന്നുകൊണ്ടുമല്ല.

## VII


പത്തൊമ്പതാം നൂറ്റാണ്ടോടുകൂടി ഇന്ത്യൻ ജനതയുടെ മുമ്പിൽ പുതിയ രൂപത്തിലും ഭാവത്തിലും അവ തരിപ്പിക്കപ്പെട്ട ഹിന്ദു എന്ന പദം ക്രമത്തിൽ ആസേതുഹിമാചലഭൂവിൽ വസിക്കുന്ന സകല മനുഷ്യരേ യും ഉൾക്കൊള്ളുന്ന ഒരു പദമായി വളർന്നു. പ്രാചീനഭാരതത്തെക്കുറിച്ചും നമ്മുടെ സംസ്കൃതിയെക്കുറിച്ചും പ്രതിപാദിക്കുമ്പോൾ പാശ്ചാത്യരും പൗരസ്ത്യരുമായ ഏതു ചിന്തകനും ഹിന്ദു എന്ന പദം ഉൾക്കൊണ്ടു. ഉദാഹരണമായി, ഭാരതീയ നവോത്ഥാന നായകനും കലാപകാരിയായ സന്ന്യാസിയുമായി രുന്ന സ്വാമി വിവേകാനന്ദൻ ഹിന്ദു എന്ന പദം അഭിമാനത്തോടുകൂടി ഉപയോഗിച്ചത് ഈ മഹത്തായ അർത്ഥത്തിലായിരുന്നു. എന്റെ വാക്കുകൾ ശ്രദ്ധിക്കൂ. നിങ്ങളുടെ നാട്ടുകാർക്കുള്ള ആയിരം കുറ്റങ്ങൾ കാണാൻ നിങ്ങൾക്കു കഴിഞ്ഞേക്കും. പക്ഷെ, അവർക്കും ഹിന്ദുരക്തമാണുള്ളതെന്നു ധരിക്കണം. നിങ്ങൾക്ക് ആരാധ്യരായ ഒന്നാമത്തെ ഈശ്വരന്മാരാണ് അവർ. അവരുടെ പ്രവർത്തികളെല്ലാം നിങ്ങളെ ഉപദ്രവിക്കാനായിട്ടാണെങ്കിൽതന്നെ, നിങ്ങൾ അവർക്ക് സ്നേഹവചസ്സുകളാണ് അയച്ചു കൊടുക്കേ ണ്ടത്.. ഇത്തരക്കാരാണ് ഹിന്ദു എന്ന പേരിനു യോഗ്യൻ. എല്ലായ്പ്പോഴും ഇത്തരത്തിലൊരു ആദർശ മാണ് നമ്മുടെ മുമ്പിൽ വേണ്ടത്. നമുക്കു കലഹായുധങ്ങളെല്ലാം ദൂരെ വലിച്ചെറിയാം. ഉൽകൃഷ്ടമായ ഈ സ്നേഹപ്രവാഹം ചുറ്റുപാടും പ്രസരിപ്പിക്കാം.[37]

അതെ, ആസേതുഹിമാചലം നിവസിക്കുന്ന മനുഷ്യരെ എല്ലാവരേയും യാതൊരു ഉപാധികളും കൂടാതെ ഉൾക്കൊള്ളാൻ കഴിയാത്ത, അവരിൽ ആരെങ്കിലും എതിരായി നിന്നാൽ പോലും അവരെ ഒന്നടങ്കം നിസ്വാർത്ഥരായി നിഷ്കളങ്കം കലവറയില്ലാതെ സ്നേഹിക്കാൻ കഴിയാത്ത ഒരാൾക്കും ഹിന്ദു എന്ന പദത്തിന് യോഗ്യതയില്ലെന്ന് സ്വാമി വിവേകാനന്ദൻ ഉദ്ബോധിപ്പിക്കുന്നു.

പ്രമുഖ ദാർശനികനും ഭാരതീയത എന്നാൽ ആത്മീയതയെന്ന് പറയാൻ വൈമുഖ്യം കാണിക്കാത്ത തികഞ്ഞ ആശയവാദിയുമായ ഡോ. രാധാകൃഷ്ണനും ഇതേ അർത്ഥത്തിലാണ് ഹിന്ദു എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. ആരാധനാസമ്പ്രദായങ്ങളുടെ ശൈലിയിലോ ദേവതകളുടെ പേരിലോ ഉള്ള വ്യത്യാസം ഒരു മതത്തേയും ഹിന്ദുക്കളിൽനിന്നും അകറ്റി നിർത്തുന്നില്ല എന്നതിലും അദ്ദേഹം ഊന്നൽ കൊടുക്കുന്നു. ഹിന്ദു എന്ന ശബ്ദത്തിന് ആദ്യം പ്രാദേശികമായ അർത്ഥമായിരുന്നു, മതപരമായ അർത്ഥമായിരുന്നില്ല ഉണ്ടായിരുന്നത്. സുവ്യക്തമായ ഒരു ഭൂപ്രദേശത്ത് വസിച്ചിരുന്നവർ എന്നായി രുന്നു അതിന്റെ വിവക്ഷ. ഗോത്രവർഗക്കാർ, അപരിഷ്കൃതരും അർദ്ധപരിഷ്കൃതരമായവർ, സംസ്കൃ തരായ ദ്രാവിഡർ, വൈദികരായ ആര്യന്മാർ ഇവരെല്ലാം ഹിന്ദുക്കളായിരുന്നു., ഒരേ മാതാവിന്റെ മക്കളായിരുന്നു. ഭാരതത്തിൽ വസിക്കുന്ന സ്ത്രീ-പുരുഷന്മാർ വിഭിന്ന സമുദായക്കാരും വിഭിന്ന ദേവതകളെ ഉപാസിക്കുന്നവരും, വിഭിന്ന ആചാരങ്ങൾ അനുഷ്ഠിക്കുന്നവരുമാണെന്ന പ്രകടമായ പരമാർത്ഥം ഹിന്ദു ചിന്തകന്മാർ അംഗീകരിച്ചിരുന്നു. *(ഹിന്ദു വ്യൂ ഓഫ് ലൈഫ്)*

എന്നാൽ പിന്നീട് ഹിന്ദു എന്ന പദം ഹിന്ദുമത വിശ്വാസി എന്ന അർത്ഥത്തിലേയ്ക്ക് മാത്രമായി ചുരുങ്ങി. ഒരു ഘട്ടത്തിൽ മുഴുവൻ ഭാരതീയരേയും അവരുടെ സംസ്കാരത്തേയും ആകമാനം കുറിക്കുന്നതിനു വേണ്ടിയാണ് ഹിന്ദു എന്ന പദം ചിന്തകർ ഉപയോഗിച്ചതെങ്കിൽ ഇന്ന് പൂർണ്ണമായും അതിന്റെ ഹീനമായ അർത്ഥത്തിലാണ് ഏവരും ഉപയോഗിക്കുന്നത്. ഹിന്ദുമതനവീകരണപ്രസ്ഥാനത്തിന്റെ വക്താക്കളും ആർ. എസ്. എസ്. എന്ന അർദ്ധഫാസിസ്റ്റ് സംഘടനയുടെ സ്ഥാപകരുമായ മതമൂലതത്വവാദികളാണ് കൊളോണിയൽ ചിന്തകരെ പിൻപറ്റി ഹിന്ദു എന്ന പദത്തിന്റെ വിശ്വാതിശായിയായ മാനവതയെ അരി ഞ്ഞെറിഞ്ഞത്. ഭാരതീയരേയും അവരുടെ സംസ്കാരത്തേയും ആകമാനം ഉൾക്കൊണ്ടിരുന്ന ഈ പദത്തെ ഒരു പ്രത്യേക മതത്തിന്റെ ചട്ടക്കൂട്ടിലേയ്ക്ക് അവർ ചുരുട്ടിയെറിഞ്ഞു. അതിനുവേണ്ടി ഇന്ത്യാ ചരിത്രത്തേയും സംസ്കാരത്തേയും അവർ വികൃതപ്പെടുത്തി. ഇന്ത്യൻ ജനതയിൽ വേദം എന്ന പദത്തിനു അത്ഭുതകരമായ സ്വാധീനമുണ്ടന്ന് കണ്ടറിഞ്ഞ ഭാരതീകൃഷ്ണതീർത്ഥയെപോലുള്ള ചിലർ തങ്ങളുടെ ചിന്തയ്ക്ക് പഴക്കവും ആധികാരികതയും സ്വീകാര്യതയും വർദ്ധിപ്പിക്കുവാൻ അവയ്ക്ക് വേദ സമ്മതിയുണ്ടെന്ന് വരുത്തിത്തീർക്കാൻ വേദപദപ്രയോഗമടക്കമുള്ള കൃത്രിമമായ ഒരുപാടു ഹീനമാർഗങ്ങൾ ഉപയോഗപ്പെടുത്തിയതുപോലെയാണ് ഹിന്ദു എന്ന പദത്തേയും അവർ ദുരുപയോഗപ്പെടുത്തി യത്. ആർ. എസ്. എസ്, വിശ്വഹിന്ദു പരിഷത്ത്, ബജ്രംഗദൾ എന്നു തുടങ്ങിയ സംഘടനകൾക്ക് പ്രവർത്തനേന്ധനം നൽകുന്ന അടിസ്ഥാന താത്വിക ഗ്രന്ഥമായ *വിചാരധാര*യുടെ കർത്താവ് മാധവ സദാശിവ ഗോൾവൽക്കർ ആയിരുന്നു ഹിന്ദുവിനേയും ഹിന്ദുസംസ്കാരത്തേയും വെടക്കാക്കി സ്വന്തമാക്കുക എന്ന പ്രക്രിയക്ക് കരുത്തേകിയത്.

അന്ധമായ മതമൗലികതാവാദത്തിന് സ്വന്തം ബുദ്ധി പണയപ്പെടുത്തിയിട്ടുള്ള മസ്തിഷ്ക്ക വ്യാധി പിടിച്ച ഏതൊരുവനും അന്യമതക്കാരേയും അവരുടെ ആദർശങ്ങളേയും വെറുക്കുന്നു. ഇതരമത വിശ്വാസികളെ മുസ്ലീം മതമൗലികതാവാദികൾ കാഫിർ എന്ന് അഭിസംബോധന ചെയ്യുമ്പോൾ ഹിന്ദുമതാന്ധർ ഇക്കൂട്ടരെ മ്ലേച്ഛന്മാർ എന്ന് സംസ്കൃതത്തിൽ തിരിച്ചടിക്കുന്നു. ഹിന്ദുമതത്തിന്റെ മഹിമ *വിചാരധാര*ക്കാരൻ വെളിപ്പെടുത്തുന്നതു നോക്കുക- നാം നല്ലവരും പ്രബുദ്ധരും ആയിരുന്നു. ഒരു മഹത്തായ പരിഷ്കാരവും ഒരു മഹത്തായ സംസ്കാരവും ഒരു വിശിഷ്ട സമാജവ്യവസ്ഥയും നാം നടപ്പിലാക്കി. മനുഷ്യവർഗത്തിനു ഗുണകരമായുള്ള മിക്കകാര്യങ്ങളേയും നാം ശരിക്കുള്ള ജീവിത ത്തിൽ കൊണ്ടുവന്നു. അക്കാലത്ത് മാനവവർഗത്തിന്റെ ശിഷ്ടഭാഗം വെറും ഇരുകാലി



മൃഗങ്ങൾ മാത്രമായിരുന്നതിനാൽ നമ്മെ തിരിച്ചറി യാൻ പ്രത്യേക പേരുകളൊന്നും നല്കിയിരുന്നില്ല. ചിലപ്പോൾ മറ്റുളള വരിൽനിന്നും വേർതിരിച്ചറിയാൻ നമ്മെ ബോധം തെളിഞ്ഞവർ എന്ന അർത്ഥത്തിൽ ആര്യന്മാർ എന്നും മറ്റുളളവരെ മ്ലേച്ഛന്മാർ എന്നും വിളിച്ചി രുന്നു. [38] ഫാസിസത്തിന്റെ ആൾക്കൂട്ടമ നശ്ശാസ്ത്രം തഴച്ചുവളരു ന്നതിന് അടിത്തറയിട്ട പ്രധാന കണ്ണികളിൽ ഒന്ന് ഈ രക്താഭിമാനമായിരുന്നുവെന്ന് ചരിത്രം സാക്ഷ്യ പ്പെടുത്തുന്നു. ഹിറ്റ്ലർ സ്വമതസ്ഥരെ ആവേശഭരിതരാക്കിയത് അവരുടെ സിരകളിലൂടെ ഒഴുകുന്നത് ആര്യൻ രക്തമാണെന്ന് ഉദ്ബോധി പ്പിച്ചുകൊണ്ടായിരുന്നുവല്ലോ. എന്നാൽ ചരിത്രത്തിന്റെ വികാസ പ്രക്രിയയെക്കുറിച്ച് അടിസ്ഥാനപരമായ എന്തെങ്കിലും ധാരണ കൈമുതലാക്കിയിട്ടുളള ഏതൊരാൾ ക്കും രക്താഭിമാനത്തെ തികഞ്ഞ ബുദ്ധിശൂന്യതയെന്ന് തിരിച്ചറിയാൻ വിഷമമുണ്ടാകില്ല. പ്രാചീന ഭാരതത്തിലെ ഭൗതികവാദികളായിരുന്ന ലോകായതരുടെ പഴയ വാക്കുകളെപോലും അതിജീ വിക്കാൻ ഈ നൂറ്റാണ്ടിലെ ഹിന്ദു പുനരുജ്ജീ വനവാദികൾക്കാവുന്നില്ല എന്നതിൽ നമുക്കു ഖേദിക്കുക. ചണ്ഡാളന്റേയും ബ്രാഹ്മണന്റേയും സിരകളിലൂടെ ഒഴുകുന്നത് ഒരേ നിറത്തിലുളള ചോര യാണ്. ചണ്ഡാളന്റെ രൂപപ്രകൃതി ബ്രാഹ്മണന്റേ തിൽനിന്ന് വ്യത്യസ്തമല്ല. മാത്രമല്ല, ഒരുവന്റെ പരിശുദ്ധി നിലനില്ക്കുന്നത് അവന്റെ പൂർവ്വികരുടെ പരിശുദ്ധിയിലാണ്. പൂർവ്വികരുടെ പരിശുദ്ധിയാകട്ടെ പ്രത്യക്ഷരം മുഖവിലയ് ക്കെടുക്കുവാൻ വയ്യാത്തതു മാണ്. അസംഖ്യേയങ്ങളായ തലമുറകൾ പിന്നിട്ടിട്ടുളള ഇന്നത്തെ മനുഷ്യ വംശത്തിൽ ഇന്ന ജാതി പരിശു ദ്ധിയുളളത് ഇന്ന ജാതി പരിശുദ്ധിയില്ലാത്തത് എന്നി ങ്ങനെ എങ്ങനെ നിർണ്ണയിക്കും. അതുകൊണ്ടുതന്നെ, ജാതിതിരിച്ചുളള പരിശുദ്ധി കല്പന നിരർത്ഥകമാണ്. [39] എന്നായിരുന്നുവല്ലോ ലോകായതരുടെ പ്രഖ്യാപനം.


ഹിന്ദുമതത്തെ മറ്റു മതങ്ങളിൽനിന്നും ഉയർത്തിക്കാ ണിക്കുക എന്ന അന്ധമായ തീരുമാനത്തിൽ മാത്രം കേന്ദ്രീകരിച്ചുകൊണ്ടാണ് ഹിന്ദു വർഗീയവാദികൾ മുമ്പ് ഉദ്ധരിച്ചവിധം കുറിച്ചുവെച്ചിട്ടുളളത്. ഭാരതത്തിന്റെ ചരിത്രമോ സംസ്കാരമോ വസ്തുനിഷ്ഠമായി വിശകലനം ചെയ്യേണ്ട ബാധ്യത ഈ ആന്ധ്യം ബാധിച്ചവർക്കില്ലതന്നെ.


ഭാരതത്തിന്റെ ചരിത്രവും സംസ്കാരവും വസ്തുനിഷ്ഠമായി പഠിച്ച് വിശകലനം ചെയ്തിട്ടുളള എല്ലാ ചരിത്രകാരന്മാരും ഒരു കാര്യത്തിൽ യോജി ക്കുന്നു- ആര്യന്മാർ ഇന്ത്യയിലേക്ക് കുടിയേറിപ്പാർത്ത വരാണ്.[40] അവരുടെ കുടിയേറ്റം എന്ന് ആരംഭിച്ചു എന്നതിൽ മാത്രമെ അവർ ഭിന്നാഭിപ്രായം രേഖ പ്പെടുത്തിയിട്ടുളളു. ഇന്ത്യയിലേക്ക് കുടിയേറിയ ആര്യന്മാർ[41] ഇന്ത്യയിൽ ജീവിച്ചിരുന്ന സംസ്കാരസമ്പ ന്നരായ തദ്ദേശവാസികളുമായി മുഖാമുഖം പൊരുതി യതിന്റെ സാക്ഷ്യപ്പെടുത്തലുകൾ *ഋഗ്വേദ*ത്തിൽ തന്നെ സുലഭമാണ്.[42] *ഋഗ്വേദ*ത്തിലെ ആര്യ-ദാസ-ദസ്യു സംഘട്ടനങ്ങളെ മറ്റൊരു തരത്തിലും വ്യാഖ്യാ നിക്കാനാവുകയില്ല. ഇടയജീവിതത്തിന്റെ ചരിത്രഘട്ട ത്തെ പ്രതിനിധീകരിക്കുന്ന ആര്യന്മാരും കാർഷിക വൃത്തിയുടേയും നഗരസംസ്കാരത്തിന്റേയും ചരിത്ര ഘട്ടത്തെ പ്രതിനിധീകരിക്കുന്ന തദ്ദേശവാസി കളും തമ്മിൽ നടന്ന വക്കാണങ്ങളുടെ മുഖ്യഘടകം കന്നു കാലികളായിരുന്നു. തദ്ദേശവാസികളുടെ നിരവധി കോട്ടകൾ തകർത്തവനായ ഇന്ദ്രനെ പുരങ്ങൾ തകർത്തവൻ എന്ന് പ്രകീർത്തിക്കുന്നുണ്ടെ ങ്കിലും ഒരിക്കലും പുരനിർമ്മാതാവ് എന്ന് വേദങ്ങൾ പ്രകീർത്തിച്ചിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ, കാലക്രമത്തിൽ ആര്യന്മാരും തദ്ദേശവാ സികളും തമ്മിൽ പല പ്രകാരത്തിലുളളകൊളളലും കൊടുക്കലും നടന്നു. *ഋഗ്വേദ*ത്തിൽ ദ്രാവിഡനായ കനും അനാര്യനും അസുരനുമായിരുന്ന കറുത്ത വനായ കൃഷ്ണൻ പിൽക്കാലത്ത് ആര്യന്മാർക്ക് സുസമ്മതനായിത്തീർന്നു.[43] *ഋഗ്വേദ*ത്തിൽ ആര്യ ദേവതയായ ഇന്ദ്രനുമായി അംശുമതീ നദീതീരത്തു വെച്ച് ഏറ്റുമുട്ടിയ ശത്രുനിരയിലെ നായകനായി രുന്നു കൃഷ്ണൻ. സർപ്പാരാധനയും പശുപതി-രുദ്ര-ശിവ ഏകീകരണവും മറ്റും ദ്രാവിഡരുമായി ആര്യന്മാർ ഉണ്ടാക്കിയ സമന്വയത്തിന്റെ ഫലങ്ങളാണ്. ദ്രാവിഡരിൽനിന്നാണ് ആര്യസമൂഹം യോഗ സംബന്ധമായ വിജ്ഞാനം നേടിയതെന്നും പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ തെളിവു കളുടെ പശ്ചാത്തലത്തിൽ ആര്യന്മാർ ഇതരജനവിഭാ ഗങ്ങളേക്കാൾ ഉന്നതരായിരുന്നു എന്ന വാദഗതി ഒരു മിഥ്യാ കല്പനയാണെന്നു മനസ്സിലാക്കാം.

ഹിന്ദുരാഷ്ട്രം എന്നത് ഹിന്ദുമതമൗലികതാവാ ദികളുടെ പ്രിയപ്പെട്ട മുദ്രാവാക്യമാണ്. ഹിന്ദുസ്ഥാനം ഹിന്ദുക്കൾക്ക് എന്ന് പറയുമ്പോൾ മുൻതലമുറ ഭാരതീയർ എന്ന സങ്കല്പത്തിൽ ഉപയോഗിച്ച ഹിന്ദു എന്ന പദം അവർ ഹിന്ദുമതവിശ്വാസികൾക്ക് എന്നാക്കി ചുരുക്കുന്നു. *വിചാരധാര*ക്കാരൻ ഏറെ സമർ ത്ഥമായി ഈ ദൗത്യം ഇപ്രകാരം നിറവേറ്റുന്നു. നമ്മുടെ ഹിന്ദുരാഷ്ട്രസങ്കല്പം വെറും രാജനൈതി കവും സാമ്പത്തികവുമായ അവകാശങ്ങളുടെ ഒരു സമാഹാരമല്ല, അത് തികച്ചും സാംസ്കാരികമായ ഒന്നാണ്. നമ്മുടെ പ്രാചീനവും ഉദാത്തവുമായ ജീവനത്തിന്റെ സാംസ്കാരികമൂല്യങ്ങളാണ് അതിന്റെ

ജീവവായു. (പുറം 49) സമീപകാലത്ത് ഇവർ വികസിപ്പിച്ചെടുത്ത സാംസ്കാരിക ദേശീയതയുടെ ബീജാങ്കുരങ്ങൾ ഉൾക്കൊള്ളുന്ന ഈ വാക്യങ്ങൾ ഒറ്റ വായനയിൽ ഏറ്റവും ഉദാത്തമായ ഒരു സങ്കല്പമാണ് പ്രകാശിപ്പിക്കുന്നത് എന്ന തെറ്റിദ്ധാരണ വായനക്കാരിൽ ഉണ്ടാക്കുന്നുണ്ട്. എന്നാൽ അനാദി യും അനിർവചനീയവും അനുഭവമാത്ര ഗോചരവുമാണ് ഹിന്ദുവും ഹിന്ദുസംസ്കാരവും ഹിന്ദുദേശീയ തയും എന്ന് ഉദ്ഘോഷിക്കുന്ന *വിചാരധാര*ക്കാരന്റെ മറ്റൊരു കപട മുഖം മാത്രമാണ് ഈ വാക്യങ്ങൾ എന്ന് നാം പിന്നീട് തിരിച്ചറിയുന്നു. കാരണം, ഈ ഭൂമികയിൽ നിന്നുകൊണ്ട് ഹിന്ദുസംസ്കാരത്തെയും ഹിന്ദുരാഷ്ട്ര സങ്കല്പത്തെയും അദ്ദഹം പച്ചയായി വെളിപ്പെടുത്തുന്നത് ഇങ്ങനെയാണ്- സർവ്വശക്തൻ സ്വയം പ്രത്യക്ഷപ്പെടുന്ന വിരാട് പുരുഷനാണ് ഹിന്ദുജനത. ബ്രാഹ്മണൻ അതിന്റെ തലയാണ്, രാജാവ് ബാഹുക്കളും. വൈശ്യൻ ഊരുക്കളും ശൂദ്രൻ പാദങ്ങളുമാണ്. ഈ ചതുർവിധ വ്യവസ്ഥയുള്ള ജനത, അതായതു ഹിന്ദുജനതയാണ് നമ്മുടെ ദൈവം.......സമാജത്തിൽ ഈശ്വരനെ ദർശിക്കുന്ന ഈ പരമമായ വീക്ഷണമാണ് നമ്മുടെ ദേശീയതാസങ്കല്പത്തിന്റെ കാതൽ. ഇതു നമ്മുടെ ചിന്തയെ ഉടനീളം സ്വാധീനി ക്കുകയും നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെ വിവിധ സവിശേഷ സങ്കല്പങ്ങളെ സൃഷ്ടിക്കു കയും ചെയ്തിട്ടുണ്ട്. (പുറം. 52-53)

*വിചാരധാര*ക്കാരൻ ആധുനിക കപടനാട്യക്കാരായ ആർ. എസ്. എസ്, വിശ്വഹിന്ദു പരിഷത്ത്, തദ് ബുദ്ധിജീവികൾ എന്നിവരെപ്പോലെ പൊയ്മുഖങ്ങളണിയുന്നില്ല. രാമനിലൂടെ, അയോധ്യയിലൂടെ, കാശിയിലൂടെ, മഥുരയിലൂടെ വിശ്വാസികളുടെ ഹൃദയവികാരത്തെ ചൂഷണം ചെയ്യാൻ അതുകൊണ്ടുതന്നെ, *വിചാരധാര*യിലൂടെ ഗ്രന്ഥകാരൻ ആഹ്വാനം മുഴക്കുന്നില്ല. അദ്ദേഹം വെട്ടിത്തുറന്നുതന്നെ പറഞ്ഞു- ഹിന്ദുമതത്തിന്റെ മാത്രം പുനരുത്ഥാനമാണ് താൻ ദേശീയത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഹിന്ദുമതം എന്നാൽ ചാതുർവർണ്ണ്യവ്യവസ്ഥ എന്നർത്ഥം. അവിടെ ഹിന്ദുമതത്തിനല്ലാതെ ഇതര മത ങ്ങൾക്കും മതക്കാർക്കും ഒരു സ്ഥാനവുമില്ല. നമ്മുടെ സമാജത്തിന്റെ മറ്റൊരു സവിശേഷതമ്രേത വർണ്ണ വ്യവസ്ഥയാണ്. എന്നാൽ ഇന്ന് അതിനെ ജാതീയത എന്ന് മുദ്രകുത്തി പുച്ഛിച്ചു തള്ളുകയാണ്. വർണ്ണ വ്യവസ്ഥയെന്നു പരാമർശിക്കുന്നതുതന്നെ അപഹസിക്കേണ്ട ഒന്നാണെന്നു നമ്മുടെ ആളുകൾക്കു തോന്നിത്തുടങ്ങിയിട്ടുണ്ട്. അതിലടങ്ങിയിട്ടുള്ള സാമൂഹ്യവ്യവസ്ഥയെ സാമൂഹ്യവിവേചനമായി അവർ പലപ്പോഴും തെറ്റിദ്ധരിക്കുന്നു. (പുറം. 151) *വിചാരധാര*ക്കാരന്റെ ചിന്താപരമായ ഈ സത്യസന്ധത തീർച്ചയായും അംഗീകരിക്കേണ്ടതാണെന്നതിൽ തർക്കമില്ല. എന്നാൽ, തങ്ങളുടെ ലക്ഷ്യവും ചാതുർ വർണ്ണ്യവ്യവസ്ഥിതിയിലുള്ള ഹിന്ദുമത-ഹിന്ദുരാഷ്ട്ര വ്യവസ്ഥാപനമാണ് എന്ന് സത്യസന്ധതയോടെ ജനങ്ങളോട് പറയാനുള്ള കരളുറപ്പ് ഇന്നത്തെ ഏതെങ്കിലും ഹിന്ദുമതമൗലികതാവാദികൾക്ക് ലഭിച്ചിട്ടു ണ്ടോ?. വാസ്തവത്തിൽ തികഞ്ഞ കാപട്യവും വഞ്ചനയുമായി നടക്കുന്ന ഇവർ അത് തന്ത്രപരമായി നിഷേധിക്കുകയാണ് ചെയ്യുന്നത്. കാരണം, തങ്ങളുടെ ഗുരുനാഥൻ പറയുന്നതുപോലെ ചാതുർവർണ്ണ്യ വ്യവസ്ഥ ഏറ്റവും ഉദാത്തമായ സങ്കല്പമാണെന്ന് ഇന്ത്യൻ ജനതയുടെ അനുഭവപാഠങ്ങൾ തെളിയിക്കു ന്നില്ല. ഇന്നുപോലും സവർണ്ണരുടെ തീവെപ്പിൽ ചാരമാകുന്ന നൂറു നൂറു ദളിത് ഗ്രാമങ്ങൾ ഇന്ത്യൻ മനഃസാക്ഷിക്കുമുമ്പിൽ വലിയ ചോദ്യചിഹ്നമായി നിലകൊള്ളുന്നു. ദളിത് ആദിവാസി ജനവിഭാഗങ്ങൾ ശാരീരികമായും മാനസികമായും പീഡിപ്പിക്കപ്പെടുന്നത് ഒരു വാർത്തയേ അല്ല. ദളിതർക്ക് വെള്ളം കോരിക്കുടിക്കാൻ അവകാശമില്ലാത്ത എത്രയോ കിണറുകൾ ഇന്നും ഭാരതത്തിലുണ്ടെന്നോ? അയിത്ത വും മറ്റനാചാരങ്ങളും നിലനിൽക്കുന്ന നിരവധി ഗ്രാമങ്ങൾ ഇന്നും ഇന്ത്യയിൽ കാണപ്പെടുന്നു. സർക്കാർ ആപ്പീസുകളിൽപോലും ദളിതനു കുടിക്കാൻ പ്രത്യേകം പാത്രങ്ങൾ സജ്ജീകരിച്ചിട്ടുള്ള സംസ്ഥാനങ്ങൾ ഇന്ത്യൻ മനഃസാക്ഷിക്കുമുമ്പിൽ വലിയ പുഴുക്കുത്തായി ഇന്നും നിലകൊള്ളുന്നു, അതും ആർക്കും ഒരു മുറുമുറുപ്പുപോലും ഇല്ലാതെ! സർക്കാരാപ്പീസിൽ ദളിതൻ ഇരുന്ന കസേര കഴുകി ചാണകവും പുണ്യാഹവും തെളിച്ച് ശുദ്ധിചെയ്തത് നമ്മുടെ കേരളത്തിലാണ്. നരനു നരൻ അശുദ്ധവസ്തുവായിരുന്ന പഴയ പീഡനകാലത്തിന്റെ ഈ തിരുശേഷിപ്പുകളുടെ മുന്നിൽ ചാതുർ വർണ്ണ്യവ്യവസ്ഥയെ പുകഴ്ത്തിപ്പാടുക സുസ്സാധ്യമല്ല. അതുകൊണ്ടുതന്നെ, ബുദ്ധിപരായ സത്യസന്ധത അപകടമാണെന്ന് അവർ തിരിച്ചറിയുന്നു. എന്നാൽ അവരുടെ അടിസ്ഥാനപരമായ നിലപാട് മാറ്റമില്ലാ ത്തതാണ്. ഗോൾവൽക്കറുടെ അഭിപ്രായത്തിൽ ഈ ഉച്ചനീചത്വങ്ങളെല്ലാം ആധുനിക കാലത്ത് സംഭ വിച്ചതാണ്. അദ്ദേഹം പറയുന്നു- ഉച്ചനീചത്വത്തിന്റേതായ





അസമത്വചിന്ത താരതമ്യേന അടുത്തകാല ത്താണ് വർണ്ണവ്യവസ്ഥയിൽ കടന്നുകൂടിയത്. വിഭജിച്ചു ഭരിക്കുകയെന്ന തങ്ങളുടെ നയത്തിന്നനുസൃത മായി തന്ത്രജ്ഞരായ ബ്രിട്ടീഷുകാർ ഈ തലതിരിഞ്ഞ ചിന്തക്ക് കൂടുതൽ വളം വെച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ ഈ സാമൂഹ്യവ്യവസ്ഥയുടെ ആദിരൂപത്തിൽ അതിന്റെ ഘടകങ്ങൾക്കിടയിൽ വലിപ്പ-ചെറുപ്പത്തിന്റേയോ, ഉച്ചനീചത്വത്തിന്റേയോ ഭേദഭാവനകൾക്ക് സ്ഥാനമുണ്ടായിരുന്നില്ല . (പുറം, 151)

തന്റെ ശരീരവും ജീവിതവും തമ്പ്രാന്റെ കഞ്ഞിയും കരിക്കുമാണെന്നും, ചവിട്ടുന്ന തമ്പ്രാന്റെ കാലടി കൾ നാക്കുകൊണ്ട് തഴുകാനുള്ളതാണെന്നും ഉള്ള ബോധത്തിന്റെ പരകോടിയിൽ തളഞ്ഞുകിടക്കുന്ന ഒരു സമൂഹത്തിനു മുന്നിൽ *വിചാരധാരക്കാരന്റെ* ഈ ഉദ്ബോധനം അനിവാര്യമായ ഫലമുളവാക്കി യേക്കാം. എന്നാൽ അക്ഷരമറിയുന്ന അടിമയുടെ മുന്നിൽ ഈ ഗിരിപ്രഭാഷണം വിലപ്പോവില്ല എന്നത് എടുത്തു പറയേണ്ടതില്ല. കേരളത്തിലെ വർഗീയതയുടെ വിചാരകേന്ദ്രങ്ങളിൽനിന്നു പുതിയ വ്യാഖ്യാ നങ്ങളും പതിപ്പുകളും മറ്റൊന്നുകൊണ്ടുമല്ല പുറത്തേക്ക് വരുന്നത്. ചാതുർവർണ്ണ്യവ്യവസ്ഥ എന്നെ ങ്കിലും മനുഷ്യരെ സമഭാവനയോടെ കണ്ടിട്ടുണ്ടോ? ശംബൂകനെ ദ്വാപരയുഗത്തിൽ (അതോ ത്രേതാ യുഗത്തിലോ) ശ്രീരാമൻ കഴുത്തറുത്തത് എന്തിനാണ്? സൂതപുത്രനെന്ന് തെറ്റിദ്ധരിക്കപ്പെട്ട കർണ്ണനും നീചജാതിയിൽ പിറന്നവനായ ഏകലവ്യനും ദ്രോണർ വിദ്യ നിഷേധിച്ചതെന്തുകൊണ്ടാണ് ? വിദുരർക്ക് മഹാഭാരതത്തിൽ ഒരു രണ്ടാംതരം പൗരത്വം കല്പിക്കപ്പെട്ടത് എന്തുകൊണ്ടാണ്? ചാതുർവർണ്ണ്യവ്യവസ്ഥയുടെ നിയമസംഹിതയുടെ അപ്പസ്തോലനായ മനുവും ഇതര സ്മൃതികർത്താക്കളും ബ്രാഹ്മണ ഹത്യ മഹാപാതകമായും ശൂദ്രഹത്യ പൂച്ചയെയും കാക്കയെയും കൊല്ലുന്നതിനു സമമായുമല്ലേ പരി ഗണിച്ചിരിക്കുന്നത്? എന്നെല്ലാം തിരിച്ചു ചോദിക്കാൻ കെല്പുള്ള അക്ഷരമറിയുന്ന ശൂദ്രന്മാർ കേരളത്തി ലുണ്ട് എന്നതുകൊണ്ട് മാത്രമല്ല, ശ്രീ ശങ്കരന്റെ അപശൂദ്രാധികരണമടക്കം പഠിച്ചുമനസ്സിലാക്കിയ വരാണ് കേരളീയർ എന്ന തിരിച്ചറിവും വർഗീയതയുടെ പേക്കോലങ്ങൾക്ക് വിചാരധാരക്കാരന്റെ സത്യ സന്ധത നടിക്കാൻ പോലും കഴിയാത്ത സാഹചര്യമുണ്ടാക്കുന്നു. എന്നാൽ, ഈ ഒരു സാഹചര്യ സമ്മർദ്ദം നേരിടേണ്ടി വന്നിട്ടില്ലാത്ത ഗോൾവൽക്കർക്ക് സ്വന്തം നിലപാട് ഉച്ചൈസ്വരം ആവർത്തിക്കാൻ അവസരം കൊടുത്തു. തികഞ്ഞ സത്യസന്ധതയോടെ അദ്ദേഹം അത് ഉദ്ഘോഷിക്കുകയും ചെയ്തു.

നാമെല്ലാം ഹിന്ദുക്കളായി ജനിച്ചു എന്നതുകൊണ്ട് ഈ ഐക്യം (ഹിന്ദുരാഷ്ട്ര പുനർനിർമ്മാണകർമ്മൈക്യം) നമ്മുടെ രക്തത്തിൽ കലർന്നിട്ടുണ്ടെന്നു നാമെല്ലാം ഓർക്കുക. വെറും മനുഷ്യനായല്ലാതെ ആരും ഹിന്ദുവായോ മുസ്ലീമായോ ക്രിസ്ത്യാനിയായോ ജനിക്കുന്നില്ലെന്ന് ചില ബുദ്ധിമാന്മാർ ഇന്നു പറഞ്ഞേക്കാം. മറ്റുള്ളവരെപ്പറ്റി ഇതു ശരിയായിരിക്കാം. എന്നാൽ ഹിന്ദുവിനെ സംബന്ധിച്ചിടത്തോളം ആദ്യത്തെ സംസ്കാരം അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുമ്പോഴും ഒടുവിലത്തേതു ശരീരം അഗ്നിജ്വാലയിൽ ദഹിക്കുമ്പോഴും ലഭിക്കുന്നു....... യഥാർത്ഥത്തിൽ നാം അമ്മയുടെ ഗർഭപാത്രത്തിൽ നിന്നു പുറത്തുകടക്കുന്നതിനു മുമ്പുതന്നെ ഹിന്ദുക്കളാണ്. അതുകൊണ്ട് ഹിന്ദുക്കളായാണ് നാം ജനിക്കുന്നത്. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം അവർ പേരില്ലാത്ത മനുഷ്യകുഞ്ഞുങ്ങളായി ഈ ലോകത്ത് ജനി ക്കുകയും പിന്നീട് മാമോദീസയോ സുന്നത്തോ കഴിയുന്നതിന്നനുസരിച്ച് ക്രിസ്ത്യാനിയോ മുസ്ലീമോ ആവുകയും ചെയ്യുന്നു. (പുറം. 164)

സിന്ധുനദിയുടെ മറുകരയിൽ പാർക്കുന്നവർ, അല്ലെങ്കിൽ ആസേതുഹിമാചലഭൂവിൽ പാർക്കുന്നവരാണ് ഹിന്ദുക്കൾ എന്ന സങ്കല്പത്തോട് ഗോൾവൽക്കർക്ക് യാതൊരു മമതയുമില്ല. ഹിന്ദു എന്നാൽ ഗോൾവൽക്കറെ സംബന്ധിച്ചിടത്തോളം ഹിന്ദുമതത്തിൽ പിറന്നവൻ എന്നുമാത്രമാണ് അർത്ഥം. ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്തു ജനിച്ചതുകൊണ്ടോ വളർത്തപ്പെട്ടതുകൊണ്ടോ മാത്രം അതിന്ന നുസൃതമാ യൊരു മനോഭാവമില്ലെങ്കിൽ ഒരാൾക്ക് അവിടത്തെ ദേശീയന്റെ പദവി ലഭിക്കുന്നില്ല. ദേശീയ തക്കു സാർവലൗകികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഉപാധി മാനസികമായ കൂറാണ്. എന്താണ് ഈ മാനസികമായ കൂറ്? ഗോൾവാൽക്കർ മറ്റൊരിടത്ത് വ്യക്തമാക്കുന്നു- രാജനൈതികമോ മറ്റേതു വിധ ത്തിലുള്ളതോ ആയ പരിഗണനകളാലും നമ്മുടെ കാൽ ഇടറിപ്പോകാതിരിക്കത്തക്കവിധം നമ്മുടെ ദേശീ യതയുടെ അവഗാഢമായ ഭാവാത്മകസംസ്കാരം (അതെ. ഇതു ഹിന്ദുരാഷ്ട്രമാണ് എന്ന് വേരുറച്ച ദൃഢമായ വിശ്വാസത്തിൽ ഉയിർകൊണ്ട സംസ്കാരം) നമുക്ക് ഉൾക്കൊള്ളുകതന്നെ വേണമെന്ന് നാം പറയുന്നു. നമ്മുടെ ദൈനംദിന വ്യവഹാരങ്ങളിൽ തദനുസൃതമായ ഒരു ജീവിതമാതൃക ഇല്ലാത്തിടത്തോളം കാലം ഹിന്ദുദേശീയതയെയും ഹിന്ദുജീവിതരീതിയുടെ മഹത്വത്തെയും കുറിച്ചു പറഞ്ഞതുകൊണ്ട് ഫലമില്ല. (പുറം. 88)

എന്നുവെച്ച് മ്ലേച്ഛന്മാരായ അന്യമതസ്ഥർ ഈ ഹിന്ദുരാഷ്ട്രം വിട്ട് പുറത്തുപോകണം എന്നൊന്നും ഗോൾവൽക്കർ ആവശ്യപ്പെടുന്നില്ലെന്നത് തികച്ചും അഹിന്ദുക്കളുടെ ജന്മസുകൃതമാണെന്ന് അംഗീകരിക്കാം. അദ്ദേഹത്തിന്റെ ശിഷ്യന്മാർ - 1947ൽ

കണക്കു പറഞ്ഞ് ഭാഗംവാങ്ങി പോയവർക്ക് ഇനി ഇവിടെ എന്തു കാര്യം ? എന്നു ചോദിക്കുന്ന പശ്ചാത്തലത്തിൽ ഗോൾവൽക്കർ എത്രയോ വിശാല ഹൃദയൻ എന്നു തോന്നിപ്പോകും! എന്നാൽ അണ്ടിയോടടുക്കുമ്പോഴാണ് മാങ്ങയുടെ പുളി അനുഭവ വേദ്യമാകുന്നത്. അഹിന്ദുക്കൾക്കും ഹിന്ദുരാഷ്ട്രത്തിൽ താമസിക്കാം. എന്നാൽ അതിനു ചില മൂന്നു പാധികൾ നിറവേറ്റണം. അത്തരക്കാർക്ക് ആത്മാഭിമാനം എന്നത് ഉണ്ടാകാൻ പാടില്ലതന്നെ.

നാം വീണ്ടും പരാക്രമവാദത്തെ ഉജ്ജീവിപ്പിക്കണം. അതിനായി ഇവിടെ താമസിക്കുന്ന അഹിന്ദുവിന് ഒരു രാഷ്ട്രധർമ്മം (രാഷ്ട്രത്തോടുള്ള ഉത്തരവാദിത്വം), ഒരു സമാജധർമ്മം (സമാജത്തോടുള്ള കടമ), ഒരു കുലധർമ്മം (പൂർവികന്മാരോടുള്ള കടമ) ഉണ്ടെന്നും വ്യക്തിധർമ്മത്തിൽ മാത്രം തന്റെ ആധ്യാത്മിക പ്രേരണയെ തൃപ്തിപ്പെടുത്തുന്ന ഏതുമാർഗവും സ്വീകരിക്കാവുന്നതാണെന്നും നാം വ്യക്തമാക്കണം. അങ്ങനെ സാമൂഹ്യ ജീവിതത്തിലെ ഈ വിവിധ കർത്തവ്യങ്ങൾ നിറവേറ്റിയതിനുശേഷം വല്ലയാളും ഖുറാനോ, ബൈബിളോ തങ്ങൾ പഠിച്ചിട്ടുണ്ടെന്നും അതിലെ ആരാധനാരീതി തന്റെ ഹൃദയത്തിന് ആനന്ദം തരുന്നുവെന്നും അതിൽ കൂടി തനിക്കു കൂടുതൽ നല്ലനിലയിൽ പ്രാർത്ഥിക്കാമെന്നും പറയുകയാണെങ്കിൽ നമുക്ക് യാതൊരു എതിർപ്പുമില്ല. അതുവഴി അവനു തന്റെ വ്യക്തിജീവിതത്തിന്റെ ഒരു ഭാഗം സ്വന്തം ഇഷ്ടാനുസാരിയാക്കിത്തീർക്കാം. ബാക്കി ഭാഗത്തെ സംബന്ധിച്ചിടത്തോളം അവനു രാഷ്ട്രീയ പ്രവാഹവുമായി ഏകാത്മകത ഉണ്ടായിരിക്കണം. അതാണ് ശരിയായ ആത്മസാത്കരണം (പുറം. 181)

ആത്മാഭിമാനം പണയംവെച്ച് ഹിന്ദുസംസ്കാരവും, ഹിന്ദുരാഷ്ട്രവാദവും, ഹിന്ദുദേശീയതയും ഹിന്ദു കുലധർമ്മവും അംഗീകരിച്ച് നല്ല പ്രജയായി കഴിയാൻ തയ്യാറുള്ളവരെ ഗോൾവൽക്കർ പൂർണ്ണമനസ്സോടെ സ്വാഗതം ചെയ്യുന്നു. അത്തരമൊരു അവസ്ഥയിലേക്ക് എത്തിച്ചേരാൻ ഒരാൾക്കും കഴിയില്ല എന്ന് ഗോൾവൽക്കർക്ക് വ്യക്തമായ ധാരണയുണ്ടായിരുന്നു. ഹിന്ദുമതത്തെ വിട്ട് മറ്റേതെങ്കിലും മതത്തിൽ തെല്ലെങ്കിലും വിശ്വാസമുള്ള ഒരാൾക്കും ഹിന്ദുരാഷ്ട്രത്തോട് സ്നേഹവും ഭക്തിയും നില നിർത്താനാവില്ല എന്ന് അദ്ദേഹം മുമ്പേ പ്രഖ്യാപിച്ചിട്ടുള്ളത് (പുറം. 174) മറ്റൊന്നുകൊണ്ടുമല്ല. യുഗങ്ങളായി ഹൈന്ദവ ഹൃദയത്തിൽ എരിഞ്ഞു നീറിക്കൊണ്ടിരിക്കുന്ന അനശ്വരങ്ങളായ തീക്കനലുകളെ മൂടിക്കിടക്കുന്ന ആത്മവിസ്മൃതിയുടേയും പരാനുകരണത്തിന്റേയും ചാരങ്ങൾ ഊതിയകറ്റി ഹിന്ദു ജീവിതരീതിയെ വീണ്ടും ആളിക്കത്തിച്ച് ഈ പുണ്യഭൂമിയായ രാഷ്ട്രത്തിന്റെ ആത്മാവിന്റെ പവിത്ര ജ്വാല അതിന്റെ മുഴുവൻ ശോഭയോടും കൂടി ഒരിക്കൽകൂടി തെളിഞ്ഞു പ്രകാശിക്കുന്ന കൃത്യം അതിനാൽ രാഷ്ട്രീയ സ്വധർമ്മത്തിന്റെ ആഹ്വാനമായി (പുറം. 94) പ്രഖ്യാപിച്ച ഗോൾവൽക്കറുടെ ഉള്ളിലിരിപ്പ് ഇക്കാര്യം അടിവരയിട്ടു തെളിയിക്കുന്നു.

അതെ. ചാതുർവർണ്ണ്യവ്യവസ്ഥിതിയിൽ അധിഷ്ഠിതമായ ഹിന്ദുമതപുനരുജ്ജീവനത്തിൽ വേരൂന്നിയ ഹിന്ദുരാഷ്ട്രവാദമാണ് ആർഷഭാരതം, ഭാരതവർഷം, സനാതനധർമ്മം, വിശാല ഹിന്ദു, ഹിന്ദുത്വം, എന്നിങ്ങനെ പല രൂപത്തിലും ഭാവത്തിലും ഭാരതത്തിന്റെ അന്തരീക്ഷത്തെ മലീമസപ്പെടുത്തുന്നത്. അതിനുവേണ്ടി എന്തും ചെയ്യാൻ ഈ മസ്തിഷ്ക്ക വ്യാധി പീഡിതർ തയ്യാറാവുന്നു. ദേശീയ നവോത്ഥാന നായകരെ മാത്രമല്ല, ദേശീയ പതാകയെപ്പോലും ഇത്തരം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ള അവസരം ഇന്ത്യൻ ഭരണാധികാരികൾ ഇക്കൂട്ടർക്ക് ചെയ്തു കൊടുക്കുന്നു. താൽക്കാലികമായ നേട്ടങ്ങൾക്കുവേണ്ടി നടത്തുന്ന ഇത്തരം വിട്ടുവീഴ്ചകൾ സ്വയം വിഴുങ്ങപ്പെടുക എന്ന അവസ്ഥയിലേക്കാണ് ഇന്ത്യൻ ഭരണാധികാരികളെ നയിച്ചുകൊണ്ടിരിക്കുന്നത്. കൂടെ വിഴുങ്ങപ്പെടുന്നത് നമ്മളും കൂടിയാണെന്നത് തികഞ്ഞ ജാഗ്രതക്കുള്ള മുന്നറിയിപ്പാണ്.

1. എസ്.പി.ഗുപ്തയുടെ *ദി ഇന്ത്യസ്-സരസ്വതി സിവിലൈസേഷൻ-ഒറിജിൻ, പ്രോബ്ലം ആന്റ് ഇഷ്യു*, ഡൽഹി. 1996, ബി. ബി. ലാൽ, *ഋഗ്വേദിക്ആര്യൻസ്-ദി ഡിബേറ്റ് മസ്റ്റ് ഗോ ഓൺ, ഈസ്റ്റ് ആന്റ് വെസ്റ്റ്*, വാല്യം 48, ലക്കം 3-4, 1998 എന്നീ പഠനങ്ങൾ കാണുക
2. നഞ്യൈഃ പ്രാച്യ രതേഷു .ശ്. 2. 113
3. ശരാവതീ നദിയുടെ കിഴക്കു-തെക്കു വ്യാപിച്ചു കിടക്കുന്ന ദേശമായിരുന്നു പ്രാച്യം. അതിന്റെ വടക്കുപടിഞ്ഞാറുഭാഗം ഉദീച്യം. ഭാരതവർഷത്തിന്റെ കിഴക്കു- വടക്കുത്ഭവിച്ച് തെക്കു-പടിഞ്ഞാറോട്ടൊഴുകി സമുദ്രത്തിൽ ചേരുന്ന നദിയത്രെ ശരാവതീ. *അമരകോശം*, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1983, പുറം 246
4. ഡി.സി.സർക്കാർ, *സെലക്റ്റഡ് ഇൻസ്ക്രിപ്ഷൻസ് ബെയറിങ്ങ് ഓൺ ഇന്ത്യൻ ഹിസ്റ്ററി ആന്റ് സിവിലൈസേഷൻ*, 1. നമ്പർ.91.വരി 10
5. *സർവവിജ്ഞാനകോശം*, തിരുവനന്തപുരം, 1998, ഭാഗം. ശഃ. പുറം. 619-20
6. വിശദമായ ചർച്ചക്ക് എസ്.എം.അലി, *ദി ജിയോഗ്രഫി ഓഫ് ദി പുരാണാസ്*, ന്യൂഡൽഹി, 1966, പുറം 109 നോക്കുക
7. ജംബുദ്വീപ് ആദ്യകാല ബൗദ്ധ-ജൈന സാഹിത്യങ്ങളിലാണ് ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. വൈദിക സാഹിത്യങ്ങളിലോ പാണിനിയുടെ *അഷ്ടാധ്യായി*യിലോ ജംബു ദ്വീപ് എന്നൊരു പദമില്ല. പാണിനി ജംബു എന്ന മരത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ജംബുമരം ധാരാളമുള്ള പ്രദേശം എന്നായിരിക്കണം ജംബുദ്വീപം എന്ന പദം അർത്ഥമാക്കുന്നത്. ജംബുമരം പുരാണപ്രസിദ്ധമാണ്. നൂറു യോജന ഉയരം, പതിനഞ്ച് യോജന വിസ്തീർണ്ണമുള്ള തടി, അമ്പതു യോജന നീണ്ടുകിടക്കുന്ന ശാഖകൾ, നൂറു യോജന പരന്നുകിടക്കുന്ന മഹാവൃക്ഷമാണത്രെ ജംബു മരം.

8. കൂടുതൽ വിവരങ്ങൾക്ക് *വാമനപുരാണം* 13-ംഅദ്ധ്യായം നോക്കുക. ജംബുദ്വീപത്തെകുറിച്ച് ദേവീഭാഗവതത്തിന്റെ എട്ടാം സ്കന്ധത്തിൽ മറ്റുചില പാഠങ്ങൾ ലഭിക്കുന്നു. ജംബുദ്വീപവും ഭാരതവർഷവും ഒന്നാണെന്ന പരാമർശവും ചില പുരാണങ്ങൾ മുന്നോട്ടുവെക്കുന്നുണ്ട്
9. നേമിചന്ദ്രശാസ്ത്രി (എഡി), വാരണാസി, 1964. കഥ.12
10. വിശദമായ ചർച്ചക്ക് ഡി. എൻ. ജാ എഴുതിയ *ലുക്കിങ് ഫോർ ഏ ഹിന്ദു ഐഡന്റിറ്റി*, വിശ്വഭാരതി, ശാന്തിനികേതൻ, 2006 എന്ന പുസ്തകം നോക്കുക.
11. മഖൻലാൽ, *ഇന്ത്യ ആന്റ് ദ വേൾഡ് ഫോർ സിക്സ്*, നാഷണൽ കൗൺസിൽ ഓഫ് എഡുക്കേഷണൽ റിസർച്ച് ആന്റ് ട്രയ്നിങ്ങ്, ന്യൂഡൽഹി, 2002. പുറം. 133
12. നവാൽ കെ. പ്രജ്ഞ, *എക്സ്പ്ലെയ്നിങ് ഹിന്ദു ധർമ്മ: എ ഗെയ്ഡ് ഫോർ ടീച്ചേഴ്സ്*, നോർവിച്ച്, 1996. പുറങ്ങൾ 7, 13, 54, 153.
13. *വിവേകാനന്ദ സാഹിത്യ സർവസ്വം*, ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുകര, 1980 ഭാഗം. 3. പുറം 120.
14. Edward C Sachau (Tr) Alberuni's India, London, 1910, Pp.7, 19, 21
15. Philip B Wagoner, 'Sultan Amoung Hindu Kings.....' Journal of Asian Studies, Vol.55. No.4. Nov. 1996
16. *ധർമ്മപദം ഭാഷ*, കെ.രാഘവൻ തിരുമുൽപ്പാട്, ക.5
17. വിശദമായ ചർച്ചക്ക് ലേഖകന്റെ *മാർക്സിസവും ഭഗവദ്ഗീതയും* എന്ന പുസ്തകം നോക്കുക
18. *മനുസ്മൃതി*, 1. 118, 7. 98, 9. 64, 325 തുടങ്ങിയ കാരികകൾ കാണുക
19. സാക്ഷാത്കൃതധർമ്മാണ ഋഷയോ ബഭൂവുഃ, യാസ്കൻ, *നിരുക്തം*, 1. 6. 20
20. വേദോഖിലോ ധർമ്മമൂലം, *മനുസ്മൃതി*. 2. 6
21. ഇതിഹാസപുരാണം പഞ്ചമം വേദാനാം വേദം *ഛാന്ദോഗ്യോപനിഷത്ത്*. 7. 2
22. വിശദമായ ചർച്ചക്ക് ദേബീപ്രസാദ് ചതോപാധ്യായയുടെ *ലോകായതം* നോക്കുക
23. *ഋഗ്വേദം*, 5. 30. 1, 6. 18. 3, 6. 27. 3, 8. 64. 7, 8. 100. 3, 10. 22. 1 തുടങ്ങിയ മന്ത്രങ്ങൾ കാണുക
24. *മുണ്ഡ*. 2. 3, *കഠം*. 1. 2. 23, *ബൃഹ*. 1. 5. 23, *കൗഷീതകി*. 5. 11. 24, *തൈത്തിരി*. 2. 5 കാണുക
25. വിശദമായ ചർചക്ക് *നിരുക്തം* 1. 5. 14 നോക്കുക
26. *മത്സ്യപുരാണം* 53. 3. 20, 5. 3. 1.20. *നാരദീയപുരാണം* 2. 24. 16 എന്നിവ കാണുക
27. *ഭാരതീയദർശനം*, മാതൃഭൂമി, കോഴിക്കോട്, 1978, ഭാഗം 2. പുറം. 4, 293
28. *ഭാരതീയദർശനം*, മാതൃഭൂമി, കോഴിക്കോട്, 1978, ഭാഗം 2. പുറം. 6
29. *ഭാരതീയദർശനം*, മാതൃഭൂമി, കോഴിക്കോട്, 1983, ഭാഗം 1. പുറം. 249
30. റൊമീല ഥാപ്പർ, *ഇന്റർപ്രെട്ടിങ് ഏർളി ഇന്ത്യ*, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്, ന്യൂഡെൽഹി, 1994, പുറം. 73-74. ബുദ്ധനെയും മറ്റും അംഗീകരിക്കുക വഴി ബുദ്ധവിഹാരങ്ങളി ലേക്കും അവിടെയുളള സമ്പത്തിലേക്കും ബ്രാഹ്മണ പുരോഹിതർ കടന്നു കയറിയ കഥ ഇക്കൂട്ടർ മറക്കുന്നു. ബുദ്ധവിഹാരങ്ങൾ പിൽക്കാലത്ത് വൈഷ്ണവ-ശൈവ ക്ഷേത്രങ്ങളായി പരിവർത്തനം ചെയ്യപ്പെട്ടതും ബുദ്ധമതത്തിന് ജന്മനാടു തന്നെ ഉപേക്ഷിക്കേണ്ടിവന്നതിന്റെ ചരിത്രവും വേറെ പഠിക്കാൻ കിടക്കുന്നു. *ശങ്കരദിഗ്വിജ* യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ബുദ്ധനെ ഉന്മൂലനംചെയ്യാനാണ് പരമശിവൻ ശങ്കരനായി അവതരിച്ചത് എന്നാണ്.(1. 28-43). ശങ്കരാനുയായികളോടും ഇതരഹിന്ദുമതാനുയായികളോടും ഏറ്റുമുട്ടിയതിന്റെ പരിണതഫലമാണ് ബുദ്ധവിഗ്രഹങ്ങളുടേയും ബുദ്ധവിഹാരങ്ങളുടേയും അംഗച്ഛേദവും തകർച്ചയും.
31. *വിഗ്രഹാരാധനാഖണ്ഡനം*, സിദ്ധാശ്രമം, ആലത്തൂർ, 1999, പുറം. 51
32. വിരോധഃ ശാശ്വതികഃ. *വ്യാകരണമഹാഭാഷ്യം*. 2. 4. 9
33. ഡി. ആർ. പാട്ടീൽ, *ആന്റിക്വേറിയം റിമെയ്ൻസ് ഓഫ് ബീഹാർ*, 1963. പുറം. 304
34. വിശദ വിവരങ്ങൾക്ക് റൊമീല ഥാപ്പർ, *ഇന്റർപ്രെട്ടിങ് ഏർളി ഇന്ത്യ*, പുറം. 73-74 നോക്കുക
35. പദ്യു ഹ വാ ഏതത് ശ്മശാനം യദ് ശൂദ്രഃ തസ്മാദ് ശൂദ്രസമീപേ ന അധ്യേതവ്യം. 18. 11. 12
36. അഥാസ്യ വേദമുപശ്രുണ്വതഃ ത്രപുജതുഭ്യാം ശ്രോത്ര പ്രതിപൂരണം. ഉദാഹരണേ ജിഹ്വാച്ഛേദോ ധാരണേ ശരീരഭേദഃ. *ഗൗതമധർമ്മസൂത്രം*. 2. 3. 4
37. *വിവേകാനന്ദ സാഹിത്യ സർവസ്വം*, ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുകര, 1980 ഭാഗം. 3.
38. *വിചാരധാര*, ജയഭാരത് പബ്ലിക്കേഷൻസ്, കോഴിക്കോട്, 1981, പുറം. 80
39. *ലോകായതം*, കറന്റ് ബുക്സ്, കോട്ടയം, 1998. പുറം. 41
40. എസ്.പി.ഗുപ്ത, ബി. ബി. ലാൽ തുടങ്ങി കടുത്ത ഹിന്ദുത്വവാദികൾ ഇത് അംഗീകരിക്കുന്നില്ല. ലോകത്തിന്റെ ഇതരഭാഗങ്ങളിലേക്ക് ഇന്ത്യയിൽ നിന്ന് കുടിയേറ്റം ആരംഭിച്ചു എന്നാണ് അവരുടെ സിദ്ധാന്തം
41. ആര്യന്മാർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് വംശീയതയല്ല, സംസ്കൃതം പൊതുഭാഷയായി സ്വീകരിച്ചിട്ടുളള ഒരു സമൂഹം എന്നു മാത്രമെ ഈ പദം അർത്ഥമാക്കുന്നുളളു.
42. ലേഖകന്റെ *ഋഗ്വേദത്തിന്റെ ദാർശനിക ഭൂമിക* എന്ന കൃതിനോക്കുക
43. കൃഷ്ണകഥയുടെ വികാസപരിണാമങ്ങളെക്കുറിച്ച് അറിയാൻ ലേഖകന്റെ *ഭാരതീയത-തനിമയും പൊലിമയും*, മൈത്രീബുക്സ്, തിരുവനന്തപുരം, 2005 എന്ന കൃതി നോക്കുക.



# ബരാക് ദേ വന്നൂ ദാ പോയി



**ജോൺ മത്തായി നൂറനാൽ**
*സെന്റ് മേരീസ് കോളജ്,*
*സുൽത്താൻ ബത്തേരി*

ബരാക് ദേ വന്നു, ദേ പോയി എന്നു പറഞ്ഞാൽ ശ്രീ. മോഡിജിയേപ്പോലെ കുറച്ചുപേർക്കേ മനസ്സിലാവു. ആരാണ് വന്നതെന്നും ആരാണ് പോയതെന്നും. കാരണം അമേരിക്കയുടെ, എന്നാൽ അത്രക്കങ്ങ് അമേരിക്കനല്ലാത്ത പ്രസിഡന്റ് ബരാക് ഒബാമയെ, അൽപ്പമല്ല, കുറച്ചു അധികം സ്നേഹം ചേർത്ത് ബരാക്, ബരാക് എന്ന ഒന്നാം പേര് തന്നെ വിളിച്ച് ശ്രീ. മോഡിജി അനേക തവണ സംബോധന ചെയ്തു. ബരാക് തിരിച്ച് വിളി .... മോഡി എന്ന ഔപചാരികതയിൽ ഒതുക്കി. പണ്ടേ പ്രൊഫഷണലായി കാര്യങ്ങൾ ചെയ്തു കൂട്ടുന്ന അമേരിക്കക്കാർക്ക് എന്തിനാണ് വന്നതെന്നും, എങ്ങിനെയാണ് തിരിച്ചു പോകേണ്ടതെന്നും നന്നായി അറിയാം. ബഹു. സായിപ്പിന് ഈ കഴിവ് പണ്ടേ ഉള്ളതാണല്ലോ. നമ്മുടെ സ്വന്തം വാസ്കോ ഡ ഗാമ തന്നെ നല്ല ഉദാഹരണം . കച്ചവടത്തിൽ പുറമെ അത്യാവശ്യം ഭാരതീയ ക്രിസ്ത്യാനികളെ ഒന്നു കൂടി മതം മാററിയെടുക്കാം എന്ന പട്ടംകൂടി അദ്ദേഹം ലിസ്ബോൺ രാജാവിൽ നിന്നും സമ്പാദിച്ചിരുന്നു. അതിൽ അദ്ദേഹം കുറേ വിജയിക്കുകയും ചെയ്തു. പക്ഷേ 21-ാം നൂററാണ്ടിലെ വാസ്കോഡഗാമ അൽപ്പം വ്യത്യസ്തനായെന്ന് മാത്രം. മത പീഡനത്തിനെതിരെയാണ് പോകുന്ന പോക്കിൽ ടിയാൻ സംസാരിച്ചത്. ... മോഡിക്ക് പറഞ്ഞരീതി അത്ര ഇഷ്ടപ്പെട്ടുമില്ല. അതുകൊണ്ട് തന്നെ, വന്നപോലെയല്ല, ബരാക് മടങ്ങി പോയത്. ഇത്തവണ യാത്രയയക്കാൻ... മോഡി പോയില്ല. ബരാക് വന്നപ്പോൾ, സകല പ്രോട്ടോക്കോളും തെററിച്ച് മോഡിജി വിമാനപ്പടി വരെ പോയി. പക്ഷേ തിരിച്ച് വിട്ടപ്പോൾ




അതുണ്ടായില്ല. കൊള്ളാം ആളു മിടുക്കൻ തന്നെ. സായിപ്പിൻെറ അതേ സ്വഭാവം അതേ കഴിവ് പെരുമാറേണ്ടത് എങ്ങനെയെന്ന് നന്നായി അറിയാം. അതാരും പഠിപ്പിക്കേണ്ട. പക്ഷേ, മനസ്സിലാക്കാൻ പററാത്ത കാര്യം, അത്യാവശ്യം ... ഏകാന്ത വാസവും ഉപേക്ഷിച്ച് പൊളിററിക്കൽ സയൻസ് പഠിച്ച്, ആർ എസ് എസ് ഓഫീസ് അടിച്ച് വാരി ജനങ്ങളോടൊപ്പം എന്ന വണ്ണം ജീവിച്ച ഒരു വ്യക്തിക്ക് എങ്ങനെ, ഇങ്ങനെ മാറാൻ പററും? അദ്ദേഹം 10 ലക്ഷത്തിൻെറ കോട്ടിട്ടോ ഇല്ലയോ എന്നല്ല വിഷയം മറിച്ച് കുത്തക കോർപ്പറേററുകളോടുള്ള മമത നമ്മെ സംശയാലു വാക്കുന്നു. ഉദാഹരണത്തിന് ഉന്നത വിദ്യാഭ്യാസ ത്തേക്കുറിച്ച് നമുക്ക് ചിന്തിക്കാം. മാറി മാറി യു പി എ സർക്കാരുകൾ തുടർന്നു വന്ന നയം പിന്തുടരുക മാത്രമാണ് ഇപ്പോഴത്തെ സർക്കാർ ചെയ്തു വരുന്നത് എന്ന് വേണം കരുതാൻ. യൂണിവേഴ്സിററി-കച്ചവടക്കാരെ കയറൂരി വിട്ടു. വിമാനക്കമ്പനി തുടങ്ങുന്നതു പോലെ ഒരോ യൂണിവേർസിററികളും കൂടിയാവാം എന്ന മട്ടിലായി പല കോർപ്പറേററുകളും. പൈലട്ടില്ലാത്ത വിമാനക്കമ്പനി നടത്താൻ പററില്ലെന്ന സാമാന്യ ബോധം പോലും, പ്രൈവററ് യൂണിവേഴ്സിററി കച്ചവടക്കാർക്കുണ്ടാവുന്നില്ല. അങ്ങനെയു മാവാം എന്ന മട്ടിലാണ് കാര്യങ്ങൾ. ചേട്ടൻ ചാൻസലറും അനിയത്തി വൈസ് ചാൻസലറുമായി എന്ന മട്ടിൽ പ്രൈവററ് യൂണിവേഴ്സിററികൾ കൂന്നുപോലെ പൊന്തി വന്നു. അറിവിൻെറ ഉൽപാദനവും, സംവേദനവും എങ്ങനെ ഒരു ജനാധിപത്യ വിരുദ്ധ വ്യവസ്ഥക്കുള്ളിൽ നടക്കും?

കാര്യങ്ങൾ ഇങ്ങനെയൊക്കെ ആയിരിക്കെയാണ് പുതിയ വാർത്തയും വന്നത്. ഒട്ടും കുറയാതെ 4000 കോടിയോളം രൂപ ഉന്നത വിദ്യാഭ്യാസ ചെലവിൽ നിന്ന് വെട്ടിക്കുറച്ചിരിക്കുന്നു. കൊട്ടിഘോഷിച്ച് എഴുന്നെള്ളിച്ച ആർ യു എസ് എ ക്കും കിട്ടി വെട്ട്. 2200 കോടിയിൽ നിന്നും 397 കോടിയിൽ എത്തി നിൽക്കുന്നു.

പൊതുവിദ്യാഭ്യാസത്തിനും മററും പണം വെട്ടിച്ചുരുക്കുന്നതിനുള്ള പ്രധാന വാദം, സർക്കാരിൻെറ കൈയ്യിൽ പണമില്ലെന്നുള്ളതാണ്. എന്നാൽ സർക്കാരിൻെറ കൈയ്യിൽ പണം ഇല്ലാതെ വരുന്നത് തന്നെ ഒന്നാമത്തെ തെററ്. വെറും 10% ത്തിൽ നിൽക്കുന്ന കൊണ്ട് എങ്ങനെ സർക്കാരിൻെറ കൈയിൽ പണമുണ്ടാകും? അക്കാര്യത്തിൽ മാത്രം വിദേശ രാജ്യങ്ങൾ നമുക്ക് മാതൃകയായില്ല. അല്ലെങ്കിലും എങ്ങനെ മുതലാളിമാരെ പിണക്കും എന്നാണ് ചിന്ത. വെറും സർക്കാർ ഉദ്യോഗസ്ഥൻമാർ മാത്രം..... നന്നായി കൊടുക്കട്ടെ എന്നാവും നയം. പണക്കാരനോടും, പണത്തോടു അടിമത്ത സ്വഭാവം കൈവിടാത്തിടത്തോളം കാലം കാര്യങ്ങൾക്ക് മാററമുണ്ടാവില്ല. ഇത്രയും കഴിവ് പ്രകടിപ്പിച്ച് സമ്പദ് വ്യവസ്ഥ താങ്ങിക്കൊണ്ട് പോകുന്ന പണക്കാരൻെറ കൈയ്യിൽ നിന്നും എങ്ങനെ... വാങ്ങും എന്നാണ് പേടി. പോരാത്തതിന് അവനല്ലേ എല്ലാം ഉദ്പാദിപ്പിക്കുകയും എല്ലാവർക്കും ജോലി കൊടുക്കുകയും ചെയ്യുന്നവൻ. സർക്കാരിനാണെങ്കിൽ ഇതൊന്നും സാധിക്കുന്നുമില്ല. ഇതാണ് മാനസിക അടിമത്തം. അത് മാറാത്തിട ത്തോളം കാലം സ്വകാര്യ മൂലധനം മാത്രം കൊഴുക്കും. പൊതുഖജനാവിൽ നിന്നും ഉന്നത വിദ്യാഭ്യാസത്തിനു മുടക്കുന്ന പണം വെറും ഒന്നും രണ്ടും ശതമാനമായി തുടരുകയും ചിലപ്പോൾ കുറയുകയും ചെയ്യും. മുതലാളിത്ത ഉന്നത വിദ്യാ ആഭാസം തുടരുകയും ചെയ്യും. ഒരു ജനാധിപത്യ വ്യവസ്ഥയിലല്ലാതെ,ത എത്ര പണം മുടക്കിയുണ്ടാക്കിയ യൂണിവേർസി ററിയായാലും എത്ര പ്രഗത്ഭനായ അധ്യാപകനാ യാലും വിജ്ഞാനത്തിൻെറ ഉദ്പാദനം നടക്കില്ല. മറിച്ച് കൈയിൽ വന്നു ചേർന്ന പണം നിക്ഷേപിക്കുന്നതിനു പററിയ മറെറാരു വ്യവസായമാണ് വിദ്യാഭ്യാസം എന്ന നവ- പണക്കാരൻെറ പുതിയ കണ്ടെത്തലിൽ നിന്നും ഉയരുന്ന അവൻെറ അത്യാഗ്രഹത്തിൻെറയും പണം കൈയിൽ വന്നു എന്ന ഒററക്കാരണത്തിൽ നിന്നും ഉദ്ഭവിക്കുന്ന അവൻെറ അഹങ്കാരത്തിൻെറയും പ്രത്യുൽപാദന പ്രക്രിയയായിരിക്കും അവിടെ നടക്കുക. കൂട്ടത്തിൽ ചില ഡിഗ്രികളും സമ്പാദിച്ച്, മുതലാളൻെറ അഹങ്കാരത്തിന് തന്നെ ചീഞ്ഞ് വളമായിത്തീരുന്ന കുറേ വിദ്യാർത്ഥി ജീവിതങ്ങളും ഉദ്പാദിക്കപ്പെടും എല്ലാത്തിനുമുപരി ജ്ഞാനത്തിൽ നിന്നും അർത്ഥം ഉണ്ടാകുന്നതിനു പകരം പണം, ജ്ഞാനമില്ലാത്ത അറിവിനെ മാത്രം ഉദ്പാദിപ്പിക്കുന്ന ഒരു തരം.... പ്രക്രിയയ്ക്ക് സൂതികർമ്മിണികളായ ഒരു പററം പാവം അധ്യാപക ജീവിതങ്ങളും ഉദ്പാദിക്കപ്പെടും.

ഒബാമ ഒരു മാനസിക അവസ്ഥയാണ്. അത് ഇവിടെ തന്നെയുണ്ട്. അതുകൊണ്ടാണ് ഒബാമയെ പറഞ്ഞയക്കാൻ മോഡി വിമാനത്താവളത്തിൽ പോകാതിരുന്നത്.

1. ഒബാമ അത്രക്കങ്ങ് അമേരിക്കനല്ലാത്തതു കൊണ്ടായിരിക്കാം ഒരു കറുത്ത ആദിവാസി പ്രസിഡ ണ്ടാകാൻ പോയപ്പോൾ അത് തന്നെ വാർത്തയായത്, അതും ആധുനിക ജനാധിപത്യത്തിൻെറ ഈററില്ലമായ വടക്കേ അമേരിക്കയിൽ ഇന്ത്യാ മഹാരാജ്യത്ത് ഒരു ആദിവാസി പ്രസിഡണ്ടായപ്പോൾ അത് പ്രത്യേകിച്ച് ഒരു വാർത്ത ആയിരുന്നില്ലെന്നതും, ഒരു പെൺ പ്രസിഡണ്ട് വന്ന കാര്യം നാം ചർച്ച ചെയ്തില്ലെന്നതും ഓർക്കുക. അടുത്ത അമേരിക്കൻ പ്രസിഡണ്ട് ഒരു പെണ്ണ് ആയിരിക്കുമോ എന്നത് അമേരിക്കക്കാരൻെറ ഒരു വിഷയം തന്നെയാണ്.



# ചുംബനസമരത്തിലെ ജാഗ്രതയും രാഷ്ട്രീയവും



**ഡോ:ടി.മധു**
*ഡി.ബി. കോളേജ്, ശാസ്താംകോട്ട*

**അ**ർത്ഥവത്തും ഫലപ്രദവുമായ സമരരൂപം ഏതെന്ന അന്വേഷണം പണ്ടു മുതലേ ആരംഭിച്ചതാണ്. കൃത്യമായൊരു ഉത്തരം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. രീതി ഏതായാലും ഒരു ജനത കാലങ്ങളായി തുടർന്നു പോരുന്ന ജീവിതാവബോധത്തെ ആഴത്തിൽ പുനർനിർവചിക്കാൻ പ്രേരിപ്പിക്കുന്നതാകണം സമരം. സമരഫലങ്ങളിൽ ഒന്നായി ഇതിനെ കരുതാവുന്നതാണ്. ദുരാചാരനിഷ്ടകൾക്കും അടിച്ചമർത്തലുകൾക്കും സദാചാര ബോധ്യങ്ങൾക്കും എതിരെ അത് ചോദ്യങ്ങൾ ഉന്നയിക്കുകയും കലഹിക്കുകയും കലാപങ്ങൾ കൂട്ടുകയും ചെയ്തുകൊണ്ടിരിക്കും. ഇങ്ങനെ പുനർനിർവചിക്കാൻ നടത്തുന്ന ശ്രമത്തിനെതിരെ തന്നെ സമരം രൂപപ്പെട്ടുവരും എന്നതാണ് സമരചരിത്ര പാഠം. ഒരു സമരത്തിലൂടെ സ്ഥാപിച്ചെടുക്കുന്ന പുതിയ ജീവിതാവബോധത്തിനെതിരെ മറ്റൊരു ചരിത്രഘട്ടത്തിൽ മറ്റൊരു സമരം രൂപമെടുക്കും എന്നതിനും ചരിത്രത്തിൽ തന്നെ ഉദാഹരണങ്ങൾ ഉണ്ട്. എന്നാൽ ചോദ്യം ചെയ്യലും പുതുക്കലും ഓരോ സമരത്തിന്റെയും പ്രവർത്തന വഴികളിൽ പ്രധാനമാണ്.

സമരങ്ങൾ അപ്രസക്തമോ അഡ്ജസ്റ്റ്മെന്റുകളോ ആയിത്തീരുന്നു എന്ന വിമർശനങ്ങൾ ഉയർന്നു കേൾക്കുന്ന വർത്തമാനകാല സന്ദർഭത്തിലാണ് നാം ജീവിക്കുന്നത്. രാഷ്ട്രീയ സംഘടനകൾ ഉയർത്തികൊണ്ടുവന്ന സമരങ്ങളിൽ ചിലതെങ്കിലും ലക്ഷ്യം തെറ്റുകയോ ഭരണകൂട ഭീകരതയിൽ വിഫലങ്ങളാകുകയോ ചെയ്തിട്ടുണ്ട്. എങ്കിലും പരമ്പരാഗത സമര രീതികളോടുള്ള അവിശ്വാസവും സമരത്തോട് സംഘടനകൾ എടുക്കുന്ന സമീപന

ത്തിലെ ആത്മാർത്ഥതാകുറവും സമര പരാജയങ്ങളുടെ കാരണങ്ങൾ അന്വേഷിക്കുമ്പോൾ പ്രാധാന്യത്തോടെ വരാതിരുന്നുകൂടാ. യുവസമൂഹം രാഷ്ട്രീയമായും നൈതികമായും പൊള്ളയായി തീർന്നിരിക്കുന്നു എന്ന പരാതിയും നമുക്കിടയിൽ പ്രബലമായി പ്രചാരം നേടിയിട്ടുണ്ട്. എന്നാൽ ഒരിടത്തും എല്ലാ സമരരൂപങ്ങളും വിജയിച്ചിട്ടില്ല എന്നതാണ് വാസ്തവം. അത് അസാധ്യവുമാണല്ലോ. അതിനർത്ഥം ആ സമരങ്ങൾ ഉയർത്തികൊണ്ടുവന്ന പ്രശ്നങ്ങൾ അപ്രസക്തങ്ങളാണെന്നല്ല. പരാജയസമരങ്ങളും ഗൗരവവും മൗലികവുമായ

**ശരീരം ഒരു സമരോപകരണമാണെന്ന തിരിച്ചറിവിന് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്. അതിന്റെ നിരവധിയായ ആവിഷ്ക്കാരങ്ങൾകൊണ്ട് സമ്പന്നമാണ് ലോകചരിത്രം. ശരീരത്തെ വിവിധ നിലകളിൽ സമര വസ്തുവാക്കി പ്രയോഗിച്ചുകൊണ്ടാണ് ഗാന്ധിജി അടക്കമുള്ള ലോകനേതാക്കൾ നീതിരഹിതമായ ലോകത്തിന് എതിരെ പോരാടി വിജയിച്ചത്. മുലക്കരം പിരിക്കുന്നതിനോടുള്ള പ്രതിഷേധമായി സ്വന്തം മുലതന്നെ അറുത്തെടുത്ത് എറിഞ്ഞുകൊടുത്ത ധീരവനിത മൺമറഞ്ഞിട്ട് അധികമായിട്ടില്ല.**

ഉള്ള സാമൂഹിക ജാഗ്രതയെ വില കുറച്ചു കാണുന്നതും ശരിയല്ല. പ്രദർശിപ്പിക്കപ്പെട്ട മാറിടം അശ്ലീലം അല്ലാതിരുന്ന ഒരു ചരിത്ര സന്ദർഭം നമുക്കുണ്ടായിരുന്നു എന്നത് മറന്നുകൂടാ. മാറ് മറയ്ക്കപ്പെടുന്നതാണ് അന്യായവും അശ്ലീലവും സദാചാര വിരുദ്ധവുമായി കണക്കാക്കിയിരുന്നത്. തികച്ചും യാഥാസ്ഥിതികവും ജാതിയിലധിഷ്ഠിതവും സ്ത്രീവിരുദ്ധവുമായിരുന്ന ഈ നിലപാടിന് എതിരെയുള്ള മുന്നേറ്റങ്ങൾ ഇന്നത്തെപ്പോലെ അടിച്ചമർത്തലിനും വിമർശനത്തിനും വിധേയമായിട്ടുണ്ട്. എന്നാൽ ആധുനിക പൗരസമൂഹരൂപീകരണ



ചില ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. സമൂഹത്തെ ബാധിച്ചിരിക്കുന്ന ഒരു പ്രശ്നം പൊതുജനത്തെ ഫലപ്രദമായി ബോദ്ധ്യപ്പെടുത്താൻ കഴിയുന്നിടത്തും സമരത്തിന് പ്രസക്തിയുണ്ട്. സമീപകാല കേരളചരിത്രത്തിലെ ഏറ്റവും അർത്ഥവത്തായ സമരമായി ചുംബനസമരത്തെ നിരക്ഷിക്കുന്നതിലെ യുക്തിയും ഇതാണ്.

ശരീരം ഒരു സമരോപകരണമാണെന്ന തിരിച്ചറിവിന് മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട്. അതിന്റെ നിരവധിയായ ആവിഷ്ക്കാരങ്ങൾകൊണ്ട് സമ്പന്നമാണ് ലോകചരിത്രം. ശരീരത്തെ വിവിധ നിലകളിൽ സമര വസ്തുവാക്കി പ്രയോഗിച്ചുകൊണ്ടാണ് ഗാന്ധിജി അടക്കമുള്ള ലോകനേതാക്കൾ നീതിരഹിതമായ ലോകത്തിന് എതിരെ പോരാടി വിജയിച്ചത്. മുലക്കരം പിരിക്കുന്നതിനോടുള്ള പ്രതിഷേധമായി സ്വന്തം മുലതന്നെ അറുത്തെടുത്ത് എറിഞ്ഞുകൊടുത്ത ധീരവനിത മൺമറഞ്ഞിട്ട് അധികമായിട്ടില്ല. ഇനിയുള്ള കാലം പൊതുഇടങ്ങളിൽ ചുംബിച്ചു നടക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും സ്ഥാപിച്ചെടുക്കുക എന്നതായിരുന്നില്ല ചുംബന സമരത്തിന്റെ കാതലായ പ്രമേയം. മതവർഗ്ഗീയതയുടെ സദാചാരഗുണ്ടായിസത്തെ തുറന്നു കാണിക്കാനും ചെറുത്തുതോൽപ്പിക്കാനുമുള്ള ശ്രമമായി വേണം അതിനെ മനസിലാക്കാൻ. അതിനു പിന്നിലു

ത്തിന്റെ മുന്നോടികളായി അതിനെ തിരിച്ചറിഞ്ഞ് സ്വീകരിക്കാൻ പിന്നീട് കേരളം നിർബന്ധിതമായിട്ടുണ്ട്. ഇതിനർത്ഥം ചുംബന സമരത്തെ ഇത്തരം സമരചരിത്രത്തോട് തുല്യം ചാർത്തണമെന്നോ സ്ഥാനപ്പെടുത്തണമെന്നോ അല്ല. അതിന്റെ വിമോചകമൂല്യത്തെ കാലമാണ് തെളിയിച്ച് എടുക്കേണ്ടത്. അതിന് കാത്തിരുപ്പ് അനിവാര്യവുമാണ്. അതുപക്ഷേ ചുംബനസമരത്തിന്റെ രാഷ്ട്രീയവും സാമൂഹികവുമായ ഉള്ളടക്ക വിശകലനത്തിന് തടസമാകുന്നില്ല.

ചുംബനസമരത്തിനെതിരെ ഏതൊക്കെ തരത്തിലുള്ള വിമർശനവും അക്രമവും അഴിച്ചുവിടുമ്പോഴും കേരളസമൂഹം

അതീവ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ട നിരവധി പ്രമേയങ്ങളെ അവതരിപ്പിക്കുന്നുണ്ട്. കേരളത്തിലെ പൊതുഇടങ്ങൾ ആരുടേതാണ്, സ്ത്രീകളുടെ സ്വാധികാരത്തെ എടുത്ത് കളയേണ്ടത് ആരുടെ ആവശ്യമാണ്, ആധുനിക പൗരസമൂഹമായി കേരളം പരിണമിക്കുന്നതിനെ എതിർക്കുന്നതിന് പിന്നിലെ ലക്ഷ്യം എന്താണ്, നമ്മുടെ സദാചാര മൂല്യങ്ങളെ ആരാണ് നിർമ്മിച്ച് വിതരണം ചെയ്യുന്നത്, ജനാധിപത്യ സംവിധാനങ്ങളും മൗലികാവകാശങ്ങളും എങ്ങനെയെല്ലാമാണ് പൗരന് കൈമോശം വരുന്നത്, സമരരൂപങ്ങൾക്ക് കൈവരുന്ന പുതിയ മുഖം എന്താണ് എന്നിങ്ങനെ ആഴത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളെ ആണ് ചുംബനസമരം സമൂഹത്തിന്റെ മുന്നിൽ വയ്ക്കുന്നത്.



ആധുനിക സാമൂഹിക രൂപീകരണത്തിന്റെ ഭാഗമായി/ഫലമായി കൈവന്ന പൊതുഇടങ്ങളുടെ ഉടമസ്ഥാവകാശം പൊതുജനങ്ങൾക്ക് നഷ്ടമാവുകയാണ്. യാതൊരുവിധ നിയന്ത്രണങ്ങൾക്കും വിധേയമാകാതെ സമൂഹത്തിലെ എല്ലാവർക്കും എത്തിച്ചേരാനും അവരുടെ രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ ഏതൊരു കാര്യത്തിലും അഭിപ്രായം രേഖപ്പെടുത്തി ഐക്യത്തോടെ മുന്നോട്ടു പോകാൻ വേണ്ടുന്ന തീരുമാനങ്ങൾ എടുക്കാൻ സാദ്ധ്യമായ സ്ഥലമായി പൊതുഇടങ്ങൾ ഒരുകാലത്ത് സവിശേഷ ശ്രദ്ധ നേടിയിരുന്നു. ഇന്നത് അപഹരിക്കപ്പെടുകയോ, ഭരണകൂട - മതഫാസിസ്റ്റ് ശക്തികളുടെ മേൽനോട്ടത്തിലേക്ക് മാറ്റപ്പെടുകയോ ചെയ്തിരിക്കുന്നു. ഞങ്ങൾ ഭാര്യാഭർത്താക്കന്മാരാണ്, സഹോദരിസഹോദരന്മാരാണ്, സുഹൃത്തുക്കളാണ് എന്നെല്ലാം തെളിയിച്ച് ജീവിക്കേണ്ട നിസ്സഹായാവസ്ഥയിലേക്ക് ജനതയെ എത്തിയിക്കുകയാണിവർ. നാളെ ഒരു സ്ത്രീക്കും പുരുഷനും ഒരുമിച്ചു നടക്കാനും, യാത്ര ചെയ്യാനും സിനിമ കാണാനും വിനോദ സഞ്ചാരത്തിനു പോകാനും ഒക്കെ ഇവരുടെ അനുവാദസർട്ടിഫിക്കറ്റ് കരുതേണ്ടിവരുന്ന നിലയിലേക്ക് കാര്യങ്ങൾ വഴിമാറും. സാംസ്കാരികഫാസിസം ഇതിനകം തന്നെ അരങ്ങേറി കഴിഞ്ഞു. പല രൂപത്തിലാണത് അത് അവതരിപ്പിക്കപ്പെടുന്നതെന്നു മാത്രം. ഏതു സിനിമ കാണണം, പാട്ട് കേൾക്കണം, പുസ്തകം വായിക്കണം എന്നൊക്കെ തീരുമാനിക്കുന്ന നിലയിലേക്ക് അത് വളർന്നിട്ടുണ്ട്. എടുക്കുന്ന സിനിമയുടെയും പുസ്തകങ്ങളുടെയും ഉള്ളടക്കം എങ്ങനെ ആയിരിക്കണമെന്ന കടുത്ത നിലപാടുകളിലേക്കും സാംസ്കാരിക ഫാസിസ്റ്റുകൾ പ്രവേശിച്ചതിന്റെ സൂചനകൾ വന്നു കഴിഞ്ഞു.

ഇതിനെതിരെയുള്ള യുവാക്കളുടെ സമരമുഖമായിരുന്നു ചുംബനസമരം. വിമർശകർ ഉന്നയിക്കുന്നതുപോലെ കുറേ യുവതീയുവാക്കൾക്ക് പ്രണയപ്രകടനം നടത്താനുള്ള വേദിയായി പൊതുഇടം വിട്ടുകിട്ടുന്നതിനു വേണ്ടിയായിരുന്നില്ല. ഫാസിസ്റ്റുശക്തികൾ കയ്യേറിയ ജനാധിപത്യത്തിന്റെ പൊതുഇടങ്ങളെ വീണ്ടെടുക്കാനുള്ള ശ്രമമാണത്. ഒരു ജനാധിപത്യപ്രതിഷേധരൂപമാണത്. ഫാസിസ്റ്റുകൾ ജനാധിപത്യ പ്രതിഷേധരൂപങ്ങളെ എന്നും സംശയത്തോടും ഭയത്തോടുമാണ് വീക്ഷിച്ചിട്ടുള്ളത്. അതിന്റെ ഫലം കൂടിയാണ് സമരകാർക്ക് എതിരെയുള്ള ക്രൂരവും മനുഷ്യത്വരഹിതവുമായ കയ്യേറ്റങ്ങൾ. എന്നാൽ മാറുമറയ്ക്കാനും, വഴി നടക്കാനും, ക്ഷേത്രത്തിൽ കയറാനും ഒക്കെ വേണ്ടി നടന്ന സമരത്തോടും ഫാസിസ്റ്റുകൾ ഇതേ സമീപനമാണ് സ്വീകരിച്ചത് എന്ന തിരിച്ചറിവാണ് ഈ സമരക്കാരു

ടെയും ഊർജം. ചുംബനസമരം ഉയർത്തുന്ന പ്രശ്നങ്ങളിലെ സത്യസന്ധതയും മൗലികതയും ഫാസിസ്റ്റ് ശക്തികൾ ഒഴികെയുള്ള കേരള സമൂഹം തിരിച്ചറിയുമെന്ന വിശ്വാസവും ഇതിന്റെ പിന്നിലുണ്ട്. കൊച്ചി, തൃശൂർ, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നും ഹൈദ്രബാദ്, കൊൽക്കത്ത, ഡൽഹി എന്നിവിടങ്ങളിലേക്കും ഇതിന്റെ ജ്വാലകൾ പടർന്നു കയറിയിട്ടുണ്ട് എങ്കിൽ സമൂഹത്തെ ബാധിക്കുന്ന കാതലായ പ്രശ്നത്തിലാണ് സമരം തൊടുന്നതെന്ന് ന്യായമായും വിശ്വസിക്കേണ്ടതുണ്ട്.


കേരള മധ്യവർഗ്ഗജീവിതത്തിൽ സ്ഥാനം പിടിച്ച യാഥാസ്ഥിതികവും മതാത്മകവുമായ സദാചാര സങ്കല്പങ്ങളെ ഇളക്കി മറിക്കുന്നതായിരുന്നു ചുംബനസമരം. സാമൂഹിക ജീവിതാരംഭം മുതൽ തന്നെ ഉയരുന്ന സദാചാരത്തിന്റെ ഉല്പാദകരും വിതരണക്കാരും ആരെന്ന ചോദ്യം തന്നെയാണ് ഇവിടെയും മുഴങ്ങിയത്. ഭരണകൂടത്തിന്റെയും അിറവധികാരികളുടെയും മതാധിപന്മാരുടെയും ഉല്പന്നമായാണ് സദാചാരം പലപ്പോഴും ജനമദ്ധ്യത്തിൽ വിതരണം ചെയ്യപ്പെടുന്നത്. അതിനെ അണുവിട വിടാതെ പാലിച്ചു കൊള്ളേണ്ട ചുമതലയേ ജനതയ്ക്കുള്ളൂ. പാലിക്കപ്പെടുന്നവരുടെ കാര്യത്തിൽ പോലും പലപ്പോഴും വ്യത്യസ്തകൾ നിലനിർത്തികൊണ്ടാണ് അത് പ്രയോഗക്ഷമത കൈവരിക്കുന്നത്. ഉദാഹരണമായി സ്ത്രീയുടെ സ്വാധികാരത്തെ ഹനിക്കുന്നതായിരിക്കും ഏതൊരു സദാചാര സംഹിതയും. ഹിംസാത്മകമായ സ്ത്രീവിരുദ്ധ നിലപാടിനെ വിമർശനാത്മകമായി വിലയിരുത്താൻ പ്രേരിപ്പിക്കുന്ന ഒന്നായി ചുംബനസമരം മാറിയിട്ടുണ്ട്. പുരുഷാധികാരത്താൽ നിയന്ത്രിതവും മതാത്മകവുമായ സദാചാരത്തിന്റെ പിടിയിൽ നിന്നും സ്ത്രീശരീരത്തെയും ജീവിതത്തേയും മോചിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ ഈ സമരം ഉന്നംവയ്ക്കുന്നു. നവോത്ഥാന മുന്നേറ്റത്തിന്റെ പാതിവഴിയിൽ നിലച്ചുപോയ സ്ത്രീവിമോചനമെന്ന വാഗ്ദാനത്തെ സാധിച്ചെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി സമരത്തെ വായിച്ചെടുക്കാം.

സദാചാരത്തെ കേവലം ലൈംഗികത മാത്രമായി മനസിലാക്കാനാണ് മലയാളിക്ക് താല്പര്യം. നല്ല ആചാരമോ, നന്മയുള്ള പ്രവർത്തിയോ ആണ് സദാചാരം. മനുഷ്യത്വവും പൗരനാകാനുള്ള പെരുമാറ്റവുമാകണം സദാചാരത്തിന്റെ കാതൽ. അത് ലൈംഗികതയുടെ കാര്യത്തിൽ മാത്രം പാലിച്ചാൽ പോരാ. ജീവിതവുമായി ബന്ധപ്പെട്ട എല്ലാ തലങ്ങളിലും ആചരിക്കപ്പെടേണ്ടതുതന്നെ. സ്ത്രീ പുരുഷന്മാരുടെ സ്വകാര്യതയിലേക്ക് ഒളിഞ്ഞുനോക്കി സദാചാര വിചാരം നടത്തി ആക്രമിക്കുന്നതാണോ നന്മയുള്ള പ്രവൃത്തി ? . തെരുവിലെ പരസ്യ ചുംബനം അവസാനിപ്പിച്ചാൽ കുട്ടികൾ എന്നോ വൃദ്ധകൾ എന്നോ വ്യത്യാസമില്ലാതെ സ്ത്രീകൾക്ക് മേൽ പുരുഷൻ നടത്തുന്ന ലൈംഗിക തേരോട്ടങ്ങൾക്ക് അറുതിയാകുമോ? അഴിമതിക്കും ഭരണ നിർവ്വഹണത്തിലെ വീഴ്ചകൾക്കും പ്രകൃതിക്കുമേൽ നടക്കുന്ന കയ്യേറ്റങ്ങൾക്കും പരിഹാരമാണോ പൊതുഇടങ്ങളിലെ ചുംബന നിരോധനം? കേരളീയ സംസ്ക്കാരത്തിന് ചേർന്നതല്ലത്രേ പരസ്യചുംബനം. സംസ്ക്കാരമെന്നത് ഒരു വ്യക്തി അപരന് സ്വയം നൽകുന്ന പരിഗണനയാണ്. അപരദുംഖത്തെ ആത്മസുഖമാക്കലല്ല എന്നർത്ഥം. അന്യരുടെ സൗകര്യങ്ങൾക്കും സ്വകാര്യതകൾക്കും സ്വാതന്ത്ര്യത്തിനും അർഹിക്കുന്ന പരിഗണന ലഭിക്കേണ്ടതനിവാര്യമാണ്.അതോടൊപ്പം സമൂഹത്തിന്റെ സുഗമമായ ഗതിക്ക് ആവശ്യമായ നിയമങ്ങളെ ബാഹ്യ ഇടപെടലുകളില്ലാതെ സ്വയം അറിഞ്ഞ് പിൻതുടരുന്നതിലും കേരളീയർ ഇനിയും മുന്നേറേണ്ടതുണ്ട്. സ്ത്രീപുരുഷ ബന്ധത്തേയോ ഇടപെടലിനെയോ മുൻനിർത്തി സംസ്ക്കാരത്തെ അളക്കുന്നത് അസംബന്ധമായിരിക്കും. സമഗ്രജീവിത ശൈലിയാണ് സംസ്ക്കാരമെന്ന് സമ്മതിക്കാൻ ഫാസിസ്റ്റുകൾ ഇനിയും തയ്യാറല്ല. എല്ലാതരത്തിലുമുള്ള ലൈംഗികതയേയും അതിന്റെ പ്രകാശന രീതികളേയും അംഗീകരിക്കുകയും പ്രചരിപ്പിക്കുകയുംചെയ്യുന്ന സംസ്ക്കാരമാണ് നമ്മുടേതെന്ന് ഇവർ മറച്ചുവയ്ക്കുകയാണ്. കാമസൂത്രവും ഖജുരാഹോയിലെ രതിശില്പങ്ങളും ഇവർ ഉദ്ഘോഷിക്കുന്ന ആർഷസംസ്ക്കാരത്തിന്റെ തന്നെ പൈതൃക സ്വത്തുക്കളാണ്. ശരീരപരതയും രത്യാത്മകതയും നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിൽ ആഴത്തിൽ ഇടം പിടിച്ചിരുന്നു എന്ന് ഇത് വ്യക്തമാക്കും. അതിനാൽ കപടസദാചാര ഭ്രമങ്ങളെ ചെറുത്തു തോൽപ്പിക്കേണ്ടത് അത്യാവശ്യമാണ്. മാത്രമല്ല അതിലൂടെ ഒളിച്ചു കടത്താൻ ശ്രമിക്കുന്ന മതവർഗ്ഗീയ സങ്കുചിത താത്പര്യങ്ങളെ കണ്ടെത്തി തകർക്കേണ്ടതുണ്ട്. ഇവരുടെ പ്രവൃത്തികൾ ആഭാസം മാത്രമായി ഭാവി ചരിത്രം രേഖപ്പെടുത്താതിരിക്കില്ല. ആർഷ ഭാരത സംസ്ക്കാരം എന്ന വാക്കിലെ ആദ്യക്ഷരങ്ങൾ കൂട്ടിച്ചേർത്താൽ ഉണ്ടാകുന്ന വാക്കാണതെന്ന് ഇവർ തിരിച്ചറിഞ്ഞിട്ടുണ്ടാവില്ല. സദാചാര ധ്വംസനമുണ്ടായാൽ ജനാധിപത്യ സംവിധാനത്തിൽ പരിഹരിക്കാൻ മാർഗ്ഗങ്ങൾ നിലവിലുണ്ട്. ബാഹ്യപ്രേരണയോടെ അനുവർത്തിക്കേണ്ടതാണോ സാമൂഹ്യ സ്വച്ഛതയ്ക്ക് ഉതകുന്ന നിയമങ്ങൾ. ആണെങ്കിൽ തന്നെ അത് നടപ്പിലാക്കേണ്ടത് ഫാസിസ്റ്റുകളോ ഫാസിസ്റ്റ് രീതിയിലോ അല്ല. ഇവിടെയാണ് ഏറ്റവും സഫലമായ ഇടപെടലായി ചുംബനസമരം മാറുന്നത്. അത് ഉയർത്തി കൊണ്ടുവരുന്ന സാമൂഹിക ജാഗ്രതയെ സംബന്ധിച്ച മുന്നറിയിപ്പിനേയും രാഷ്ട്രീയപാഠത്തെയും നിസംഗതയോടെ സമീപിക്കുന്നത് അപകടമായിരിക്കും.നമ്മുടെ ജനാധിപത്യ സംവിധാനങ്ങളെയും മൗലികാവകാശങ്ങളേയും കൈമോശം വരാതെ സൂക്ഷിക്കേണ്ടത് ഏതൊരു പൗരന്റെയും ഉത്തരവാദിത്വമായതുകൊണ്ട് തന്നെ ഈ നിസംഗത തുടരാനും സാധ്യമല്ല. അതോടൊപ്പം ചുംബനസമരം എന്ന പ്രതീകാത്മക സമരരൂപത്തെ സ്വാർത്ഥ താത്പര്യക്കാർ അപഹരിച്ച് സാമൂഹിക വിരുദ്ധ പ്രവർത്തനത്തിന്റെ ഉപകരണമാക്കി തീർക്കാതിരിക്കുന്നതിനുവേണ്ട ജാഗ്രതയും നമ്മൾ പുലർത്തേണ്ടത് അത്യാവശ്യമാണ്..


കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച നോവൽ

ആടുജീവിതം

ബെന്യാമിൻ




# ആടുജീവിതം അതിജീവനത്തിന്റെ ഫലശ്രുതി



ഡോ.സി.ഉണ്ണികൃഷ്ണൻ
*ഡി.ബി. കോളജ്, ശാസ്താംകോട്ട*

വിലങ്ങണിഞ്ഞ എൺപത് ആടുകളെ ഒരു മസറയിലേക്ക് ആട്ടിത്തെളിച്ചുകയറ്റുന്നതായിട്ടാണ് എനിക്കിപ്പോൾ തോന്നിയത്. അതിൽ ഒരാട് ഞാനായിരുന്നു! ആടുജീവിതം - ബെന്യാമിന്റെ ആടുജീവിതത്തിന്റെ അവസാനവാക്യം ഇങ്ങനെയായിരുന്നു. ഇനിയും വെളിപ്പെടാത്ത ഒരു ഉത്തരത്തിനുവേണ്ടിയുള്ള ചോദ്യം ഇവിടെ നിന്ന് ഉയരുന്നുണ്ട്. ഭൂമിയിൽ പിറന്ന എത്രപേർക്കാണ് അതിന്റെ പൂർണ്ണാർത്ഥത്തിൽ മനുഷ്യജീവിതം ലഭിച്ചിട്ടുള്ളത്. ജനിമൃതികൾക്കിടയിലെ ക്ഷണികകാലത്തിനിടയിൽ മനുഷ്യനെപ്പോലെ നിവർന്ന് ജീവിക്കുന്ന കാലമെത്രയാണ്. ഏതൊരു തിര്യക്കിനെപ്പോലെ പിറന്ന്, ഉരുണ്ടും, നീന്തിയും, ഇഴഞ്ഞും, പിടിച്ചുനടന്നും, വീണും ഒടുവിൽ കാലുറപ്പുള്ളൊരു മനുഷ്യനായിത്തീരാൻ കാലമെത്ര വേണ്ടിവരുന്നു. തുടർന്നും മനുഷ്യത്വത്തിലേക്കുള്ള വഴി അടക്കപ്പെടുകയാണെങ്കിലോ? അത് സൃഷ്ടിക്കുന്ന അസ്വസ്ഥതയുടെ അലയൊലികളിൽ നിന്നും നമുക്ക് മുക്തമാവുക എന്നത് ഏറെ പ്രയാസകരമായി മാറും. മനുഷ്യനായി മാറാനുള്ള പോരാട്ടത്തിനിടയിൽ മറ്റ് ജീവിതങ്ങളിലേക്ക് പതിച്ചുപോകുന്നവർ അതായിത്തന്നെ മാറി ഒടുങ്ങുകയാണ് പതിവ്. മനുഷ്യനായിട്ടും മനുഷ്യജീവിതം ലഭിക്കാതെ പോയവരാണ് മഹാഭൂരിപക്ഷവും. അവരുടെ ജീവിതമാണ് എഴുത്തുകാരനെ എന്നും അലട്ടിയിരുന്നതും, അസ്വസ്ഥനാക്കിയിരുന്നതും. സാഹചര്യങ്ങളുടെ സമ്മർദ്ദഫലമായി വീണുകിട്ടിയ ജീവിതത്തെക്കുറിച്ചൊട്ടുമറിയാതെ സ്വയം ജീവിച്ചു തീർക്കുകയും വിധിയുടെ നിയോഗം എന്ന് ആശ്വസിക്കുകയും ചെയ്യുന്ന മനുഷ്യനിൽ ചിലരെങ്കിലും ഇതിനെ മുറിച്ചു കടക്കാൻ ശ്രമിച്ചിട്ടുണ്ടാകാം. അതിജീവിച്ചിട്ടുണ്ടാകാം. ഇത്തരത്തിലൊരു അതിജീവനത്തിന്റെ ഫലശ്രുതിയാണ് ബെന്യാമിന്റെ ആടുജീവിതം.

എല്ലാം പരിചിതമാക്കപ്പെട്ട ഒരു ലോകമാണ് നമ്മുടേത്. എല്ലാ അനുഭവങ്ങളും



നാം ആർജ്ജിച്ചതായി അഭിമാനിക്കുന്നു. എന്നാൽ പരിചിത കാലത്തിന്റെ ഉള്ളറകളിൽ അപരിചിതമാർന്ന അനുഭവങ്ങൾ ഏറെ കൂട് വെച്ചിട്ടുണ്ടെന്ന് നാം തിരിച്ചറിയുന്ന ചില നിമിഷങ്ങളുണ്ട്. ജീവിതത്തിലേക്ക് ഞെട്ടിത്തിരിഞ്ഞ് നോക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ചില മുഹൂർത്തങ്ങളുണ്ട്. എന്റെ ജീവിതം എത്രയോ ഭേദമെന്ന് ആത്മവിശ്വാസം കൊള്ളാൻ പ്രേരിപ്പിക്കുന്ന സംഭവങ്ങളുണ്ട്. നമ്മുടെ അഹന്തയുടെ പാഴ്ക്കുമിളകൾ പൊട്ടിപ്പോകുന്നതും, അതൊടൊപ്പം തന്നേക്കാൾ നിസ്വരാക്കപ്പെട്ടവരുണ്ടെന്ന ബോധം പകർന്നു തരുന്നതുമായ ജീവിത പാഠങ്ങളുമുണ്ട്. ഇവയെല്ലാം പരിചിതലോകത്തെ അപരിചിതമായ ചില മുഹൂർത്തങ്ങളിലൂടെ കാട്ടിത്തരുന്നു എന്നതാണ് ആടുജീവിത ത്തിന്റെ സവിശേഷത. ഏത് സങ്കടത്തിൽ നിന്നും കരകയറാനുള്ള ഒരേയൊരു വഴി നമ്മളേക്കാൾ സങ്കടമുള്ളവരുടെ കഥകൾ കേൾക്കുക എന്നതുതന്നെയാണ് എന്നെഴുതുമ്പോൾ ആടുജീവിതം അടയാളപ്പെടുത്തുന്ന സങ്കടങ്ങളുടെ പരിസ്സരം എന്തെന്ന് നോവലിസ്റ്റ് സൂചിപ്പിക്കുന്നുണ്ട്. ഇത് കരളലിയിക്കുന്ന കാരുണ്യത്തെ സൃഷ്ടിച്ച് കണ്ണീർപ്രവാഹത്തിന് വഴി തുറക്കാൻ വേണ്ടിയുള്ളതല്ല. മനുഷ്യന് അവന്റെ ദുർവിധികളെ അതിജീവിക്കാൻ ചില സങ്കടങ്ങളുടെ സ്പർശനങ്ങൾ സഹായകമാകും എന്ന തിരിച്ചറിവാണ് ഈ നോവൽ പകർന്നു തരുന്നത്. അതിജീവനത്തിന് ഉൾപ്രേരകമായ സങ്കടങ്ങളാണ് ആടുജീവിതം ആവിഷ്കരിക്കുന്നത്. ഇതിലെ അനുഭവങ്ങൾ വികാരവിരേചനം (കഥാർസിസ്) ചെയ്യാനല്ല. വികാരങ്ങളെ വിചാരങ്ങളായി പരിവർത്തനം ചെയ്ത് ഉൾക്കരുത്തുള്ളതാക്കി മാറ്റുന്ന രസതന്ത്രം അഥവാ വികാരോന്മീലനമാണ് സാദ്ധ്യമാക്കുന്നത്. നിസ്സഹായാവസ്ഥയിൽ അധീരനായിപ്പോകുന്ന മനുഷ്യനിൽ നിന്ന് ഭിന്നമായി, സങ്കടലുകളുടെ ചുഴികളെ അതിജീവിച്ച് മറുകര പറ്റുന്ന മനുഷ്യന്റെ അതിജീവനശക്തിയാണ് നജീബിലൂടെ ബെന്യാമിൻ തെളിച്ചുകാട്ടുന്നത്. എന്നാൽ പാതിവഴിയിൽ അപൂർണ്ണമായിപ്പോകുന്ന എത്രയെത്ര ജീവിതങ്ങൾ!. സ്വന്തം കഥ ആരോടും പറയാനാകാതെ ഒടുങ്ങിപ്പോകുന്ന നിസ്സഹായ ജീവികൾ!. അവരേയും ഈ നോവൽ തിരിച്ചറിയുന്നുണ്ട്. തോട്ടത്തിലെ അടിമപ്പണിയിൽ നിന്നും ജയിലിലേക്ക് രക്ഷപ്പെട്ടെത്തിയ ഹമീദ് വീണ്ടും അറബിയാൽ പിടികൂടപ്പെട്ട് വലിച്ചിഴയ്ക്കപ്പെട്ട് കൊണ്ടുപോകുന്നത്, മസറയിലെ തടവിൽ നിന്ന് ഒരു സ്വപ്നം പോലെ രക്ഷപ്പെട്ടെങ്കിലും മരുഭൂമിയിലൂടെയുള്ള ഓട്ടത്തിനിടയിൽ എല്ലാ ശക്തിയും ചോർന്ന് ചോര ഛർദ്ദിച്ച് തീക്കാറ്റൂതുന്ന മണലാരണ്യത്തിലേക്ക് വീണുപോകുകയും മണൽമല എന്നന്നേക്കുമായി മൂടുകയും ചെയ്യുന്ന ഹക്കീമിന്റെ ജീവിതം. ഇതെല്ലാം മുന്നിലുള്ളപ്പോഴും അതിജീവിതത്തിന്റെ സാധ്യത കെട്ടുപോകുന്നില്ലെന്ന് നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് നജീബിലൂടെ നോവൽ മുന്നോട്ടുപോകുന്നത്.

മനുഷ്യൻ വിധിയുടെ കൈകളിലേക്ക് എറിഞ്ഞുകൊടുക്കപ്പെടുന്ന പാവയാണ്. വിധിവിശ്വാസത്തെ സാധൂകരിക്കാൻ പ്രാപ്തമായ അനുഭവപാഠങ്ങൾ തേടുകയായിരുന്നു പരിണിതപ്രജ്ഞരായ എഴുത്തുകാരെല്ലാം. വിധിയുടെ കൈകളിലെ കളിപ്പാട്ടമാണ് മനുഷ്യനെന്ന തത്വത്തെ കൊണ്ടാടാനാണ് പാശ്ചാത്യ-പൗരസ്ത്യ എഴുത്തുകാരെല്ലാം മിക്കപ്പോഴും ശ്രമിച്ച് പോന്നിട്ടുള്ളത്. ഈ വിധി വിശ്വാസത്തോട് എതിരിടാൻ പ്രാപ്തമാകുന്ന മനുഷ്യ കഥാനുഗായികൾ തന്നെ കുറവായിരുന്നു. വിധിയുടെ ഭാഗധേയത്തിൽ കുരുങ്ങി ജയിലിലേക്ക് അടക്കപ്പെട്ട ഹതഭാഗ്യർക്കായി ജയിൽ വളപ്പിൽ പനിനീർച്ചെടികൾ നട്ട് ഇറങ്ങിപ്പോരുന്ന വൈക്കം മുഹമ്മദ് ബഷീറിനെപ്പോലെ വിധി കൊണ്ടെത്തിച്ച മസറയിൽ സ്നേഹത്തിന്റെ വസന്തം സൃഷ്ടിച്ച് മണലാരണ്യത്തിലൂടെ ഇറങ്ങിയോടുന്ന നജീബ് വിധിനിശ്ചയത്തെ മാറ്റിമറിക്കാനുള്ള മനുഷ്യന്റെ ഇച്ഛാശക്തിതന്നെയാണ് പ്രതിഫലിപ്പിക്കുന്നത്. വിധിയുടെ അദൃശ്യമായ ചരടുകളിൽ കുടുങ്ങിയ ഈഡിപ്പസിനെപ്പോലെ (സോഫോക്ലിസിന്റെ ഈഡിപ്പസ് രാജാവ്) അതിനുകീഴ്പ്പെടുകയല്ല നജീബ്. മറിച്ച് വിധി സൃഷ്ടിച്ച എല്ലാ പ്രതിബന്ധങ്ങളേയും അതിജീവിക്കുകയാണ് ചെയ്യുന്നത്. വിധിയെ തോല്പിക്കാൻ പ്രാപ്തനായ മനുഷ്യന്റെ ഉൾക്കരുത്താണ് ആടുജീവിതത്തിൽ പ്രതിഫലിക്കുന്നത്. ഓരോരുത്തരും അവരവരുടെ വിധിനിശ്ചയങ്ങളിലേക്കാണ് പിറന്നു വീഴുന്നത് എന്ന വിശ്വാസത്തേയും ഈ നോവൽ തിരുത്തുന്നു. അബ്ദുള്ളയെ തേടി എയർപോർട്ടിലെത്തിയ അർബാബ് നജീബിനെയും ഹക്കീമിനേയും തട്ടിക്കൊണ്ടുപോയിട്ടുള്ളതാണ്. വിധി നടപ്പാക്കാൻ വിധിയുള്ള ദൈവം തന്നെ അത് ലംഘിക്കുന്നതിനെ കുറിച്ചുള്ള സൂചന ഈ നോവൽ നല്കുന്നുണ്ട്. എങ്കിൽ അള്ളാ......... മറ്റാരുടെയും വിധിയിലേക്ക് നീ എന്നെ മനഃപൂർവ്വം പറഞ്ഞയക്കുകയായിരുന്നോ? എന്ന ചോദ്യം ഒരു നിസ്സഹായന്റെ നിലവിളിയല്ല ജീവിതം എന്ന പുസ്തകം പഠിച്ചവന്റെ ഈശ്വരാസ്തിത്വത്തെ സംബന്ധിച്ച തിരിച്ചറിവാണുള്ളത്.

ജീവിതം അതിക്രൂരതയിലേക്ക് വലിച്ചെറിയപ്പെടുകയും, ഇനിയും മുക്തിയില്ലാത്തവിധം ഒരു ഒടുങ്ങലിലേക്ക് എത്തിച്ചേരുകയും ചെയ്യു

മ്പോൾ വിശ്വാസിയായ മനുഷ്യർ പ്രാർത്ഥിക്കുന്നത് കരുണാമയനായ ഈശ്വരനെയാണ്. ആടിനും ഒട്ടകങ്ങൾക്കും പാമ്പുകൾക്കും നാനാതരത്തിലുള്ള കീടങ്ങൾക്കും പ്രവേശമുള്ള മസറയിൽ മനുഷ്യൻ മാത്രമാണ് വിലക്കുള്ളവൻ. പരസ്പരബന്ധം നിഷേധിക്കപ്പെട്ടവരും മനുഷ്യർ മാത്രമാണ്. മസറയിൽ മണമില്ലാത്ത ഒരു ജീവി ഞാൻ മാത്രമാണെന്ന് നജീബ് ആത്മഗതം ചെയ്യുമ്പോൾ മനുഷ്യത്വത്തിന്റെ ആത്മാംശങ്ങളെല്ലാം ചോർത്തപ്പെട്ട ഒരിടത്തെകുറിച്ചുള്ള സൂചനയാണ് നൽകുന്നത്. അവിടേക്ക് ഒരു രക്ഷകൻ എത്തുകതന്നെ ചെയ്യുന്നു. ഇബ്രാഹിം ഖാദിരി. ഖാദിരിയുടെ പ്രേരണയിൽ മണലാരണ്യ അറിവുകളിൽ അവർ രക്ഷതേടി ഓടുകയാണ്. എന്നാൽ നമ്മുടെ ദു:ഖത്തെ നമ്മുടെ അലച്ചിലിനെ അസ്തമിപ്പിക്കാൻ ഈശ്വരൻ കൂടെയുണ്ടെങ്കിലും സാദ്ധ്യമാകുമോ എന്ന ചോദ്യം ആടുജീവിതം ഉയർത്തുന്നുണ്ട്. നമ്മുടെ സങ്കടങ്ങളെ മുറിച്ചുകടക്കാൻ നമ്മളല്ലാതെ നമ്മളിലൂടെയല്ലാതെ സാധ്യമല്ല. പക്ഷേ നിരാശയിലാണ്ടുപോകാതെ ലോകത്തുള്ള ഏത് മനുഷ്യനും ഉരുവിടാവുന്ന ഒരു ശബ്ദമാണ് ദൈവം. അള്ളാ, കർത്താവേ, ദൈവമേ എന്ന പദങ്ങളിൽ കുടികൊള്ളുന്ന ഏകൈകമായ വിശ്വാസം ഈ നോവലിൽ ധ്വനിക്കുന്നുണ്ട്. എന്നാൽ ഈശ്വരാർപ്പിതമായ നോവലല്ല ആടുജീവിതം . ഈശ്വരന്റെ പരിമിതിയെ തന്നെ തിരിച്ചറിയുന്ന നോവലാണിത്. ഈശ്വരൻ സുഹൃത്തായി കൂടെ നടക്കുമ്പോഴും മനുഷ്യന് തന്റെ ദു:ഖങ്ങളിൽ നിന്ന് മുക്തിയില്ല എന്ന് തിരിച്ചറിയുന്ന മഹാഭാരതത്തിലെ അർജ്ജുനവിഷാദയോഗത്തിലെ മുഹൂർത്തങ്ങൾ ഇവിടെ സ്മരിക്കാം. വറചട്ടിയിലേക്ക് വലിച്ചെറിയപ്പെട്ടതുപോലെ മണലാരണ്യത്തിലേക്ക് വലിച്ചെറിഞ്ഞ് വരണ്ടുണങ്ങി ചോര ഛർദ്ദിച്ച് മരണത്തിലേക്ക് ഹക്കിം വീഴുമ്പോൾ നിസ്സഹായനായി വെറും കാഴ്ചക്കാരൻ മാത്രമായി ഇരിക്കുകയായിരുന്നു ഇബ്രാഹിം ഖാദിരി. എല്ലാ പ്രതീക്ഷയും തന്നിലേൽപ്പിച്ചുവിട്ട ഹക്കീമിന്റെ അന്ത്യം സഹിക്കവയ്യാതെ നിശ്ചലനായി ഇരിക്കുന്ന ഖാദിരിയെ നജീബ് അടിക്കുകയും തൊഴിക്കുകയും തുപ്പുകയും ശപിക്കുകയും ചെയ്യുന്നുണ്ട്. ഒടുങ്ങാത്ത വ്യസനങ്ങൾക്ക് മുന്നിൽ പ്രതീക്ഷയുടെ കിരണങ്ങളേറ്റുവാങ്ങുന്ന മനുഷ്യൻ ഈശ്വരനോട് കലഹം കൂട്ടാറുണ്ട്. തുല്യനീതിയുടെ സാധ്യത അടച്ചുകളയുന്ന ഈശ്വരനെ കൊല്ലുക എന്നു വിളിച്ചു പറഞ്ഞ ഫെഡറിക് നീഷേയെപ്പോലെ '(ആന്റി-ക്രൈസ്റ്റ്), വിശപ്പ് സഹിക്കാനാവാതെ തൂങ്ങിച്ചാവാൻ എത്തിയ കുഞ്ഞിക്കണ്ണന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ട്, എടുക്കാനല്ലാതെ കൊടുക്കാൻ കഴിയില്ല എന്നു പറയുന്ന പി.എം. താജിന്റെ ദൈവത്തെപ്പോലെ (കുടുക്ക അഥവാ വിശക്കുന്നവന്റെ വേദാന്തം), ഉറഞ്ഞുതുള്ളിയതെല്ലാം വ്യർത്ഥമാണെന്ന തിരിച്ചറിവിൽ നെറ്റിപിളർത്തി ചോരയും കഫവും ഭഗവതിയുടെ മുഖത്തേക്ക് ആഞ്ഞുതുപ്പുന്ന എം.ടി യുടെ വെളിച്ചപ്പാടിനെപ്പോലെ (നിർമാല്യം എന്ന ചലച്ചിത്രം) നജീബും തന്റെ രക്ഷകനായ ദൈവത്തെ നിസ്സഹായതയുടെ മൂർദ്ധന്യതയിൽ അടിക്കുകയും തൊഴിക്കുകയും തുപ്പുകയും ചെയ്യുന്നു. (രക്ഷപെടാനുള്ള വഴിയിൽ എത്തിച്ചതിനുശേഷം എവിടേക്കോ അപ്രത്യക്ഷനാകുമ്പോഴാണ് ഖാദിരിയുടെ ഈശ്വരരൂപം നജീബ് തിരിച്ചറിയുന്നത്.)

ദൈവം നിസ്സഹായനായിത്തീരുന്ന ഒട്ടേറെ മുഹൂർത്തങ്ങൾ ആടുജീവിത ത്തിലുണ്ട്. ഖാദിരിയോടൊപ്പം മണലാരണ്യത്തിലൂടെ ഓടിത്തുടങ്ങുമ്പോൾ ഒരു മിനിലോറി കാണുന്നുണ്ട്. ആ ലോറിയെ പേടിച്ച് മൺകൂനയ്ക്ക് പിന്നിൽ ഒളിച്ചിരിക്കുന്നു. എന്നാൽ അതോടിച്ചിരുന്നത് ഖാദിരിയുടെ പരിചയക്കാരനായിരുന്നു. അവൻ തീർച്ചയായും രക്ഷിക്കുന്നവനായിരുന്നു. ഈശ്വരൻ കൺമുന്നിലുണ്ടായിട്ടും ഭാഗ്യം കൈവിട്ടുപോകുന്ന നിമിഷങ്ങളാണിത്.

ഭാഗ്യം കൺമുന്നിലൂടെ കടന്നുപോകുന്നതിൽപ്പരം സങ്കടം മറ്റെന്തുണ്ട്. ദേഷ്യം കൊണ്ടു ഞാൻ തലമുടി പിടിച്ചുവലിക്കുകയും നെഞ്ചത്തിടിക്കുകയും ചെയ്തു - എന്ന് ഈ നിർഭാഗ്യത്തെക്കുറിച്ച് നജീബ് സൂചിപ്പിക്കുന്നുണ്ട്. ആ വണ്ടിയിൽ അഭയം ലഭിച്ചിരുന്നെങ്കിൽ ഹക്കീമിനെ മണൽക്കാട് മൂടുകയില്ലായിരുന്നു.

എല്ലാവരേയും ചിരിപ്പിച്ചും സന്തോഷിപ്പിച്ചും ജയിലറയിലെത്തിയതിൽ ആഹ്ലാദിച്ചും നിൽക്കുന്ന ഹമീദ് തന്റെ സ്വപ്നങ്ങളെല്ലാം വിഴുങ്ങാനെത്തിയ അറബിയെ കണ്ട നിമിഷം വിളിച്ച 'എന്റെ നജീബേ' എന്ന വിളിയിൽ ഘനീഭൂതമായിരുന്നത് എന്തെല്ലാമായിരുന്നു. സങ്കടം, ഭീതി, വേദന, കണ്ണീർ, നൊമ്പരം... എല്ലാം അതിൽ സമാസമം കലർന്നിരുന്നു. ഒരൊറ്റ വാക്കിൽ ഒരൊറ്റ വിളിയിൽ അത്രയും വികാരങ്ങൾ ഒന്നിച്ചു സമ്മേളിച്ചിരിക്കുന്നു. ലോകത്തിൽ ഒരു കലാകാരനും പുനരാവിഷ്കരിക്കാൻ കഴിയാത്ത ഒരു ജീവിതത്തിന്റെ പച്ചനിമിഷം. ഒരു പക്ഷേ തന്റെ നോവലിനെക്കുറിച്ചുള്ള ബെന്യാമിന്റെ ആത്മവിമർശനം കൂടിയല്ലേ ഇത്. ആടുജീവിതം എന്ന ഒറ്റ വാക്കിൽ ജീവിതത്തിന്റെ വികാരങ്ങളെല്ലാം പച്ചത്തഴപ്പാർന്നു നിൽക്കുന്നു എന്ന എഴുത്തുകാരന്റെ ആത്മബോധം ഇവിടെ കുടികൊള്ളുന്നുണ്ട് എന്നു പറയാം. മറ്റു പുൽച്ചെടികൾ തിന്നാൻ കൊതിക്കുന്ന വൈലോപ്പിള്ളിയുടെ കൊറ്റനാടിന്റെ ജീവിതമോ (കുടിയൊഴിക്കൽ; വൈലോപ്പിള്ളി), പണമെന്ന മൂല്യക്രമത്തിനിടയിൽ ഞെരിയുന്ന ബന്ധങ്ങൾ അടയാളപ്പെടുത്താൻ ബഷീർ കൊണ്ടുവരുന്ന ആടിന്റെ ജീവിതമോ (പാത്തുമ്മയുടെ ആട്; വൈക്കം മുഹമ്മദ് ബഷീർ) അല്ല ബെന്യാമിന്റെ ആടുജീവിതം. ഇവിടെ പരാമർശിക്കപ്പെട്ടത് ദൈവം നിസ്സഹായനായിപ്പോകുന്ന മുഹൂർത്തങ്ങളെക്കുറിച്ചാണ്. ഹമീദ് വലിയ നിലവിളിയോടെ തന്റെ ഇരുണ്ട ലോകത്തിലേക്ക് വലിച്ചിഴക്കപ്പെട്ടു. അത്ര വലിയ കരച്ചിലോടെ അടുത്ത കാലത്തെങ്ങും ഒരാളും അറബിക്കൊപ്പം മടങ്ങിപ്പോയതായി അറിവില്ല. അത്ര കരളലിയിക്കുന്നതായിരുന്നു ആ നിലവിളി. പിറ്റേ ദിവസം എംബസി ഉദ്യോഗസ്ഥർ ആദ്യം വിളിച്ച പേര് ഹമീദിന്റേതായിരുന്നു എന്നോർക്കുമ്പോൾ നിർഭാഗ്യങ്ങളുടെ അടിമയായി മനുഷ്യൻ മാറുന്നതിന്റെ ചിത്രം പൂർണ്ണമാകുന്നു. ദൈവത്തെ പുലഭ്യം പറയാൻ വിശ്വാസിയായ മനുഷ്യൻ തയ്യാറാകുന്ന തപ്തനിമിഷം എന്നല്ലാതെ എന്താണ് ഇതിനെക്കുറിച്ച് പറയാനുള്ളത്.

നജീബ് പറയുന്നു എന്റെ പട

ച്ചതമ്പുരാനേ... കഴിഞ്ഞ ആഴ്ച ഈ പേര് വിളിക്കപ്പെടാൻ നീ അവസരം ഒരുക്കിയില്ലല്ലോ. എങ്കിൽ അവന്റെ ജീവിതം എത്ര വ്യത്യസ്തവും സന്തോഷം നിറഞ്ഞതും ആവുമായിരുന്നു. ഇല്ല. നിന്റെ വിധിയിൽ ന്യായവിസ്താരം നടത്താൻ ഞാൻ തുനിയുന്നില്ല.... ഈശ്വരേച്ഛയെ ചോദ്യം ചെയ്യാൻ ആളല്ലാത്ത മനുഷ്യൻ. ഈശ്വരൻ കല്പ്പിക്കുന്ന വിധികളിൽ ന്യായത്തോടൊപ്പം അന്യായവുമുണ്ടെന്ന് തിരിച്ചറിയുന്ന നിമിഷങ്ങളാണ് ആടുജീവിതത്തിലൂടെ ലഭിക്കുന്നത്. ദൈവത്തിന്റെ കോടതിയിലും ജനാധിപത്യത്തിന്റെ കോടതിയിലും ചോദ്യങ്ങൾക്ക് വിലക്കേർപ്പെടുത്തുന്ന ഈ കാലഘട്ടത്തിൽ ആടുജീവിതം മുന്നോട്ടു വെക്കുന്ന ദർശനത്തിന്റെ പ്രസക്തി തിരിച്ചറിയപ്പെടേണ്ടതുണ്ട്.

വീണിടം മഹാലോകമാക്കുന്ന മാന്ത്രിക വിദ്യ മലയാളിയുടെ സമ്പത്താണ്. അപ്രതീക്ഷിതമായി എത്തിച്ചേരുന്ന സ്വർഗ്ഗമോ നരകമോ ഏതുമാകട്ടെ അവിടെ മലയാളത്തിന്റെ ഒരു പുതുലോകം സൃഷ്ടിച്ചെടുക്കാൻ അവൻ ശ്രമിക്കുന്നു. ആറ്റുകരയിലെ ആർദ്രമായ ജീവിതത്തിനിടയിൽ മണൽ തേടി വെള്ളത്തിൽ മുങ്ങി ജീവിച്ച നജീബ് കര കാണാത്ത മണൽ തിങ്ങുന്ന മരുഭൂമിയിൽ എത്തുന്നതും വെള്ളം ഒരു കൊതിയായി അയാളിൽ അവശേഷിക്കുന്നതിലൂടെയുമാണ് അയാളുടെ ഗൾഫ് ജീവിതം തുടങ്ങുന്നത്. വെള്ളത്തിന്റെ നിഷേധം നാറ്റത്തിന്റെ വഴിയാണ്. ഒരിക്കലും രക്ഷപ്പെടാനാവാത്ത മസറയിലകപ്പെടുന്ന നജീബിന് ഇനിയൊരൊറ്റ വഴിയേയുള്ളൂ. മസറയിൽ സ്വയം ആടായിത്തീരുക. തന്റെ വീടും ജീവിതവുമെല്ലാം പൂർവ്വാശ്രമമായി കാണുക. അകപ്പെട്ട മസറയിൽ ആടിനെപ്പോലെ ജീവിക്കുക. ഇവിടുത്തെ സദാചാരപാഠങ്ങൾ ഉൾക്കൊണ്ട് തന്റെ ഗ്രാമത്തെ ഇവിടെ പുനഃസൃഷ്ടിക്കുക. തൂറിയിട്ട് ചന്തി കഴുകുന്നത് അപരാധമാണെന്ന ഒന്നാം പാഠം പഠിച്ചു, പ്രസവം എടുക്കുന്നത് നിയമലംഘനമാണെന്ന പാഠം ഉൾക്കൊണ്ടു, ജനിച്ചുവീണ നിമിഷംകൂടി കുട്ടിക്ക് അമ്മയുടെ പാല് നിഷേധിക്കണമെന്ന അറിവ് ലഭിച്ചു. അമ്മയും കുഞ്ഞുങ്ങളും തമ്മിലുള്ള അഗാധമായ സ്നേഹത്തിന്റെ ചേർന്നുരുമ്മലുകൾ, മുലചുരത്തലുകൾ പാടില്ല എന്നതും പഠിച്ചു. പക്ഷേ ഹൃദയത്തിലെന്നോ രൂഢമാക്കപ്പെട്ട് നിലകൊള്ളുന്ന കേരളീയതയുടെ ആർദ്രഭാവങ്ങൾ അങ്ങനെയങ്ങ് മണലാരണ്യത്തിലല്ല മഹാസ്വർഗ്ഗങ്ങളിലും കുഴിച്ചുമൂടാൻ ആവില്ലല്ലോ. നജീബ് ഒരു ആടിന്റെ പ്രസവം എടുത്തു. തന്നെ യാത്രയാക്കുമ്പോൾ ഗർഭിണിയായിരുന്ന തന്റെ ഭാര്യ സൈനുവിന്റെ പ്രസവമായി അയാൾക്കതു തോന്നി. താൻ കൊതിച്ച ഒരാൺകുട്ടിയെ ആട് പെറ്റു. അതിന് നബീൽ എന്ന പേരിട്ടു. ആടായി മാറിയ നജീബിന്റെ രക്തത്തിൽ പിറന്ന നബീൽ. അവനെ അയാൾ സ്നേഹിച്ചു. രഹസ്യമായി പാല് കുടിപ്പിച്ചു. പക്ഷേ നബീൽ തന്റെ സാന്നിദ്ധ്യത്തിൽ വന്ധ്യംകരിക്കപ്പെട്ടു. അന്ന് നജീബിനും തന്റെ ഉണർച്ചകൾ നഷ്ടപ്പെട്ടതായി തോന്നി. മസറ നജീബിന് തന്റെ ഗ്രാമമാണ്. കേരളീയന് കലയും സാഹിത്യവുമുണ്ട്. അതിനാൽ ജനകീയ കലയായ സിനിമയിലെ ആരാധനാപാത്രങ്ങൾ മസറയിലുണ്ട്. ജഗതി, മോഹൻലാൽ, ലളിത, പത്മിനി, രാഗിണി എന്നിവർ. ഒരു ശരാശരി മലയാളിക്ക് കുടഞ്ഞുകളയാൻ കഴിയാത്തതാണ് അയാളുടെ രാഷ്ട്രീയം. അതിനാൽ മസറയിൽ ഇ.എം.എസുണ്ട്. കൊച്ചുകൊച്ചു രതിസുഖം തേടുന്ന കൗമാരം മലയാളിക്ക് മറക്കാനാവില്ല. പോച്ചക്കാരി രമണിയും അവിടെയുണ്ട്. വിചിത്ര പ്രകൃതികളായ ധാരാളം മനുഷ്യരുടെ കൂട്ടമാണ് കേരളത്തിലെ ഓരോ ഗ്രാമവും. അവിടെ ഞണ്ട് രാഘവനുണ്ട്, അറവു റാവുത്തരുണ്ട്, പരിപ്പു വിജയനുണ്ട്, പോക്കറും ചക്കിയും മേരിമൈമുനയും കൗസുവും റൗഫത്തും പിങ്കിയും അമ്മിണിയും റസിയവും അമ്മുവുമുണ്ട്. ഇവരെല്ലാം ആടുകളാണ്. വ്യത്യസ്ത ആചാരങ്ങളും അനുഷ്ഠാനങ്ങളും ജീവിത സങ്കൽപ്പങ്ങളും രാഷ്ട്രീയബോധവും കലാസ്നേഹവും ചേരുന്ന കേരളത്തിലെ ഗ്രാമമായി മരുഭൂമിയിലെ മസറ മാറിയിരിക്കുന്നു. അല്ലെങ്കിൽ ദുർവിധിയുടെ ആഴങ്ങളിൽ ഭാഷ നഷ്ടപ്പെട്ടുപോയ ഒരു മനുഷ്യൻ സ്വയം മൃഗമായി മാറിയ ഒരു കേരള ഗ്രാമം സങ്കൽപ്പിച്ചെടുത്തിരിക്കുന്നു. ഇവിടെ കാഫ്കയുടെ ഗ്രിഗർ സാംസയെ നാം ഓർക്കുന്നു (രൂപാന്തരപ്രാപ്തി). പക്ഷേ നജീബിന് ഭാഷ നഷ്ടപ്പെടുകയല്ല. അയാൾ തന്റെ മനസ്സിന്റെ അറയിൽ ഭാഷയെ ഒളിപ്പിക്കുകയായിരുന്നു. മസറയിൽ നിന്ന് മോചനം നേടി ജയിലിലെത്തുമ്പോൾ ആ ഭാഷ, മറ്റാർക്കും അവസരം കൊടുക്കാതെ അയാൾ പുറത്തെടുക്കുന്നുണ്ട്.

കേരളം നേരിടുന്ന പാരിസ്ഥിതിക ദുരിതങ്ങളുടെ ആഴക്കയങ്ങൾ ഈ നോവൽ പ്രവചിക്കുന്നുണ്ട്. വെള്ളത്തിനായി മരുഭൂമിയിലൂടെ ഓടിത്തളർന്നു വീഴുന്ന ഹക്കീമും, ചാവുന്നതിനു മുൻപ് എനിക്കിത്തിരി വെള്ളം കുടിക്കണം അതിന്റെ രുചി എന്താണെന്ന് ഒന്നറിയണം എന്നു പറഞ്ഞ് ചീറുകയും കുതറുകയും ചെയ്യുന്ന നജീബും നമ്മെ ഞെട്ടിയുണർത്തുന്നു. ഈ അനുഭവങ്ങൾ ഓരോ കേരളീയനും അനുഭവിക്കാൻ പോകുന്ന ദുർവ്വിധിയുടെ മിന്നലാണ് തെളിക്കുന്നത്, ഇടിമുഴക്കം പിന്നാലെയുണ്ട് എന്ന് ഓർമ്മിപ്പിക്കുന്നുമുണ്ട്. വെള്ളത്തിൽ മുങ്ങി ജീവിച്ച നജീബാണ് വെള്ളക്കൊതിയനായി ഭ്രാന്തനെപോലെ ചീറുന്നത് എന്ന ഓർമ്മ ഈ നോവൽ വായിക്കുമ്പോൾ നമുക്കുണ്ടാകുന്നില്ലെങ്കിൽ ദൈവങ്ങളുടെ ഈ സ്വന്തം നാട്ടിൽ ഇബ്രാഹിം ഖാദിരിയുടെ മുന്നിൽ ഹക്കീമെന്നപോലെ നമ്മളും പിടഞ്ഞുവീണുപോകും. നമ്മുടെ വിധിയെ തിരുത്താനുള്ള മുൻകരുതലുകളുടെ പ്രവചനസ്വരമാണ് ആടുജീവിതം മുഴക്കുന്നത്. നവഉദാരവൽക്കരണം എല്ലാ അർത്ഥത്തിലും ഗ്രസിച്ചുകഴിഞ്ഞ ഈ കാലഘട്ടത്തിൽ, അന്യഭാഷാത്തൊഴിലാളികളാൽ നിറയപ്പെട്ട കേരളത്തിന്റെ തൊഴിലിടങ്ങളിൽ, സ്നേഹവും ബന്ധവുമെല്ലാം വിപണിവൽക്കരിക്കപ്പെട്ടിരിക്കുന്ന വേളയിൽ, പുതിയ അർബാബുമാരാൽ നയിക്കപ്പെട്ട മസറകളായി കേരളീയ ഗ്രാമങ്ങൾ മാറിപ്പോകുന്നതിനെക്കുറിച്ചുള്ള ആപൽക്കരമായ സൂചന തന്നെയാണ് കേരളത്തിലേക്കുള്ള മടക്കം മസറയിലേക്കുള്ള ആട്ടിത്തെളിക്കലാണെന്ന തോന്നൽ നജീബിലുണ്ടാക്കുന്നത്. മണൽക്കാടുകളിലെ മസറകളെന്നപോലെ കേരളീയ ഗ്രാമങ്ങളിൽ രൂപം കൊണ്ടുവരുന്ന മണലാരണ്യത്തെയും മസറകളേയും ബെന്യാമനെന്ന നോവലിസ്റ്റ് നന്നേ മനസ്സിലാക്കിയിരിക്കുന്നു.



# വില്യം ഷേക്സ്പിയർ : മൃതിയിൽ 400



ഡോ.എം.എസ്.വസന്തകുമാർ
*എസ്.എൻ.കോളജ്, കൊല്ലം*

പതിനാറാം നൂറ്റാണ്ടിൽ ജനിച്ച വില്യം ഷേക്സ്പിയർ എന്ന അത്ഭുത പ്രതിഭൻ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തോളം പോലും ഇന്നത്തെപ്പോലെ ആദരിക്കപ്പെട്ടിരുന്നില്ല. ഇംഗ്ലണ്ടിലെ സ്ട്രാറ്റ്ഫോർഡ് എന്ന പട്ടണത്തിലെ വ്യാപാരി ആയിരുന്ന ജോൺ ഷേക്സ്പിയർ, വില്യം ഷേക്സ്പിയറുടെ പിതാവായിരുന്നു. അമ്മ മേരി ആർഡൻ. ഓക്സ്ഫോഡ് കേംബ്രിഡ്ജ് സർവകലാശാലാ വിദ്യാഭ്യാസം സിദ്ധിച്ചവർ മാത്രമേ പണ്ഡിതപ്രൗഢിയിൽ ആദരിക്കപ്പെടൂ എന്ന അർത്ഥശൂന്യമായ യാഥാസ്ഥിതിക ധാരണകളായിരുന്നു ഈ അംഗീകാരവിളംബത്തിന് പിന്നിൽ. ഒരു വ്യാപാരിയുടെ മകൻ, അതും സർവ്വകലാശാലാസ്പർശം ഏൽക്കാത്തവൻ, ഒരിക്കലും വലിയവനല്ല എന്ന് വിശ്വസിച്ച ഏഴു നാടകകൃത്തുകൾ ചേർന്ന ഒരു സംഘം, യൂണിവേഴ്സിറ്റി വിറ്റ്സ് എന്ന പേരിൽ അറിയപ്പെട്ടിരുന്നു. റോബർട്ട് ഗ്രീൻ, മാർലോ എന്നിവർ അടങ്ങിയതായിരുന്നു ആ സംഘം. റോബർട്ട് ഗ്രീൻ ഷേക്സ്പിയറെ സാഹിത്യത്തിലെ ഒരു പുതുപ്പണക്കാരനായ അൽപൻ എന്ന് ആക്ഷേപിച്ചിട്ടുണ്ട്.

പ്രസിദ്ധനായ ബർണാഡ് ഷാ പറഞ്ഞത് ഹോമർ അല്ലാതെ മറ്റൊരു മഹാനായ സാഹിത്യകാരനുണ്ടോ? സർ വാൾട്ടർ സ്കോട്ട് പോലും വില്യം ഷേക്സ്പിയറെപ്പോലെ എനിക്ക് അവജ്ഞ തോന്നുന്ന സാഹിത്യകാരനാണ് എന്നാണ്. കവിത്വവും അസാധാരണ തത്വവിചിന്തനം തുളുമ്പുന്ന ഉൾക്കാഴ്ചയും സർവതല സ്പർശിയായ വിജ്ഞാനവും ഒത്തിണങ്ങിയ ഷേക്സ്പിയറെ വിഡ്ഢി യും പണഭ്രമിയും വിഷയലമ്പടനായ മദ്യപാനിയും ഒക്കെയായി ചിത്രീകരിക്കുന്ന സിനിമകൾ അടുത്ത കാലത്തുപോലും നിർമ്മിച്ച് ഇറക്കുന്നു


ണ്ട്.

പക്ഷെ 37 സ്റ്റേജ് നാടകങ്ങളും 154 ഗീതകങ്ങളും (Sonnet) രണ്ട് സുദീർഘകാവ്യങ്ങളും അടങ്ങുന്ന സമുജ്ജ്വല സംഭാവനകൾ ഷേക്സ്പിയറുടെ തിളക്കം ഉത്തരോത്തരം കാലാതിവർത്തിയായി വളർത്തി, ആക്ഷേപതാഢനങ്ങളിൽ കൂടുതൽ കൂടുതൽ തിളക്കമാർന്നു. ഷേക്സ്പിയർ ലോകപ്രവേശം ചെയ്തതും നിർഗമിച്ചതും ഏപ്രിൽ 23 ന് ആണ്. ജനിച്ചിട്ട് 451-ഉം മരിച്ച് 400-ഉം സംവത്സരങ്ങൾ കടന്നുപോയിരിക്കുന്നു.

ഷേക്സ്പിയർക്ക് മൂന്ന് വയസ്സുള്ളപ്പോൾ അച്ഛൻ ജോൺ, സ്റ്റാറ്റ്ഫോർഡ് ഓൺ ഏവോണിലെ മേയറായി തെരഞ്ഞെടുക്കപ്പെട്ടു. ഇടത്തരം ജീവിതനിലവാരത്തിലാണ് ഷേക്സ്പിയർ വളർന്നത്.

പതിനെട്ടാമത്തെ വയസ്സിൽ ഇരുപത്തിയാറു വയസ്സുള്ള ആൻ ഹാത്‌വേ എന്ന സ്ത്രീയെ വിവാഹം ചെയ്യാൻ ഷേക്സ്പിയർ നിർബന്ധിതനായി. വിവാഹം കഴിഞ്ഞ് ആറ് മാസത്തിനുള്ളിൽ ആദ്യത്തെ മകൾ പിറന്നു. പിന്നെ ഇരട്ടക്കുട്ടികൾ പിറന്നു. പ്രാരാബ്ധങ്ങൾക്ക് അറുതിയുണ്ടാക്കാൻ തൊഴിൽ തേടി നടന്നു. സ്റ്റാറ്റ്ഫോർഡ് വിട്ട് ലണ്ടനിൽ എത്തി. ജോൺ ബെർബേജ് എന്നൊരാളിന്റെ നാടക കമ്പനിയിൽ സഹായിയായി വില്യം കൂടി. പിന്നെ ലെസ്റ്റർ പ്രഭുവിന്റെ നാടക കമ്പനിയിൽ വിദൂഷക വേഷക്കാരൻ ആയി. മാർലോയും ഗ്രീനും നാഷും കിഡ്ഡും നാടക കമ്പനികൾക്ക് വേണ്ടി നാടകങ്ങൾ എഴുതി പേരും പെരുമയും നേടിയ കാലമായിരുന്നു അത്. പരസ്പര വിദ്വേഷം ഉണ്ടായിരുന്ന നാടക രചയിതാക്കൾ പരസ്പരം ആക്ഷേപിക്കാൻ നാടക രചന തന്നെ ഉപയോഗിച്ചിരുന്നു.

1589 ൽ ലൗസ് ലേബേഴ്സ് ലോസ്റ്റ് എന്ന നാടകം എഴുതി അവതരിപ്പിച്ച് ഷേക്സ്പിയറുടെ നാടക കമ്പനി പ്രവർത്തനം ആരംഭിച്ചു. പിന്നീടാണ് കോമഡി ഓഫ് എറേഴ്സ് എഴുതുന്നത്. നാടകങ്ങൾ എഴുതി കൊടുക്കുന്നതിന് അദ്ദേഹം നല്ല പ്രതിഫലം വാങ്ങിയിരുന്നു. ലഭിച്ച വരുമാനം സ്വരൂപിച്ച് ഇംഗ്ലണ്ടിലെ ഏറ്റവും വലിയ വീടുകളിൽ ഒന്ന് അദ്ദേഹം നിർമ്മിക്കുകയും ചെയ്തു. പക്ഷെ അദ്ദേഹം അതിലൊന്നും അഹങ്കരിച്ചിരുന്നില്ല. സ്വന്തം സഹപ്രവർത്തകരെ സഹായിക്കാൻ അദ്ദേഹം സന്നദ്ധനായിരുന്നു. രാജ്യം ഭരിച്ചിരുന്ന എലിസബത്ത് രാജ്ഞി മുതൽ ഏറ്റവും ചെറിയ ജോലികൾ ചെയ്തവർ വരെ ഷേക്സ്പിയറെ ഇഷ്ടപ്പെട്ടിരുന്നു.





**കവിത്വം**

കവി എന്ന നിലയിൽ ആണ് ഷേക്സ്പിയർ ആദ്യം അറിയപ്പെട്ടത്. വീനസും അഡോണിസും പ്രസിദ്ധകാവ്യമാണ്. ഷേക്സ്പിയർ സോണറ്റുകളും മറ്റ് ലഘുകാവ്യങ്ങളും രചിച്ചപ്പോൾ കാലവിഭിന്നമായ സ്വാതന്ത്ര്യവും ശക്തവുമായ ശൈലി പ്രത്യക്ഷമായി. അലങ്കാര ഭാഷയും ഇമേജറികളും വിരസത സൃഷ്ടിച്ച് തുടങ്ങിയ കാലത്ത് ഷേക്സ്പിയറുടെ സ്വാനുഭവ പ്രചോദിതമായ നവകാവ്യരചനകൾ വായനക്കാരുടെ മനം കവർന്നു. എന്നാൽ ഒരു എലിസബീതൻ കവി എന്ന സ്വീകാര്യത ഷേക്സ്പിയർക്ക് സമ്മാനിച്ചത് അദ്ദേഹത്തിന്റെ ഗീതകങ്ങൾ ആയിരുന്നു. പ്രേമഗായകൻ എന്ന സന്ദിഗ്ദ്ധാതീതമായ വിശേഷണത്തിന് അദ്ദേഹം പാത്രീഭൂതനായത് അവയിൽ കൂടിയായിരുന്നു. പിൽകാല കവികളുടെ വഴികാട്ടിയായി അങ്ങനെ ഷേക്സ്പിയർ മാറി. മനുഷ്യമനസ്സിലെ അവ്യക്തമായ ആശയങ്ങൾക്കും ഭാവങ്ങൾക്കും ആവിഷ്കാരഭംഗിയും സുതാര്യതയും പകർന്ന കാവ്യരചനകളാണ് ഷേക്സ്പിയർ കവിതകൾ.

Whereat her tears began to turn their tide

Being prison'd in her eye like pearls in glass;

(Venus and Adonis)

ഈ കവിത്വം കാവ്യനാടകങ്ങളുടെ സംഭാഷണങ്ങളിൽ ശിഞ്ജിതം പെയ്തു. അവ സ്വന്തം കാഴ്ചയും കേൾവിയും ചിന്തയും അനുഭൂതിയും ജാഗരം കൊണ്ടി

രുന്ന നിമിഷങ്ങൾ സഹൃദയന് സമ്മാനമായി നൽകി.

Love when vex'd is a sea
nourished by lovers' tears

(തെല്ലൊന്ന് അസഹ്യപ്പെടുത്തിയാൽ പിന്നൊരു കണ്ണീർ കടലാണ് പ്രേമം)

(Romeo and Juliet)

ഭാവനാത്മകമായ സഞ്ചാരത്തിൽ ഷേക്സ്പിയറുടെ മനസ്സ് സർഗസൃഷ്ടിയുടെ മുഹൂർത്തങ്ങളിൽ ഏർപ്പെടവെ, സമുത്തരമായ തത്വചിന്തയുടെ സത്യപ്രവാഹം ലോകത്തിന് ലഭിച്ചതിന് സാക്ഷ്യങ്ങൾ ഏറെ.......


Life is a tale told by an idiot, full of sound and fury , signifying nothing. (ജീവിതം വിഡ്ഢി പറഞ്ഞ ശബ്ദായമാനവും ഉഗ്രകോപാദ്രവും അന്തസ്സാര ശൂന്യവുമായ ഒരു കഥയാണ്)

(Macbeth)

ഭാഷയ്ക്കും ദേശത്തിനും വഴങ്ങാതെ ഭൂഗോളത്തിലെ സമസ്ത ചിന്താ വ്യാപരങ്ങളിലും ഇപ്പോഴും നിറഞ്ഞ് നിൽക്കുന്ന ഇത്തരം ഷേക്സ്പിയർ വായ്ത്താരികൾ വിസ്മയിപ്പിക്കുന്ന ആ പ്രതിഭാശക്തി പോലെ വിളങ്ങുന്നു. What is in a name ? എന്ന റോമിയോ ആന്റ് ജൂലിയറ്റിലെ ചോദ്യത്തിന്റെ പൊരുൾ, റോമിയോ, നിന്റെ പേര്, ഞാൻ ജൂലിയറ്റ്, ഒന്ന് മാറിവിളിച്ചാലും, നിന്റെ തനിമയ്ക്ക് വ്യത്യാസമില്ല എന്ന് ജൂലിയറ്റ് പറയുന്നതാണ്.

**കർതൃത്വപ്രശ്നം**

ഒരു നടൻ ആയിട്ടും നാടകകൃത്തായിട്ടും 1592-ൽ ഷേക്സിപയർ ഇംഗ്ലണ്ടിൽ അനിഷേധ്യ സ്ഥാനത്ത് എത്തിയിരുന്നു. അതിനുള്ള ഒരുക്കങ്ങളോ പരിശീലനങ്ങളോ ഷേക്സിപയർ നടത്തിയതായി തെളിവുകളില്ല എന്ന ന്യായം പറഞ്ഞ്, ഉന്നതസ്ഥാനീയരും സർവ്വകലാശാല പണ്ഡിതന്മാരും ആയ ചിലരുടെ പിന്തുണ അതിന് വേണ്ടി ഷേക്സിപയർ സമാർജിച്ചു എന്ന സ്ഥാപിക്കാൻ ശ്രമങ്ങൾ നടന്നിട്ടുണ്ട്. ഷേക്സ്പിയറുടെ സൃഷ്ടികൾ ചില സാഹിത്യ വരേണ്യരുടേതാണ് എന്ന് സ്ഥാപിക്കാനുള്ള കൊണ്ടു പിടിച്ച ശ്രമങ്ങളുടെ പരമ്പര തന്നെ വിസ്തൃ



തമാണ്. ചില നോബിൾമാൻ സ്റ്റാറ്റസുള്ള മാന്യന്മാരാണ് ഷേക്സ്പിയറുടെ കൃതികൾ എഴുതിയത് എന്ന അതിര് കടന്ന നിഗമനങ്ങളും ഏറെയുണ്ട്. ഫ്രാൻസിസ് ബേക്കൺ, ക്രിസ്റ്റഫർ മാർലോ, ഏൾ ഓഫ് ഓക്സോഫോർഡ് പതിനേഴാമൻ എന്നീ കേംബ്രിഡ്ജ് സർവകലാശാല മഹാന്മാർക്ക് ഷേക്സ്പിയറുടെ കൃതികളുടെ കർതൃത്വം കൽപിക്കാൻ മൂഢഭാവനന്മാർ ഇപ്പോഴും സജീവമാണ്.

**നാടകങ്ങൾ**

ദുരന്തനാടകങ്ങളുടെ അന്ത്യരംഗങ്ങൾ മൂന്നും നാലും അഞ്ചും കൊലമരണങ്ങൾ തുന്നിപ്പിടിച്ച് സദസ്സിനെ പിടിച്ചിരുത്തുന്ന ഗ്രീക്ക് നാടകങ്ങളുടെ 'ഭയങ്കര ശൈലി ഷേക്സ്പിയർ അവലംബിച്ചിരുന്നു. ഈസ്കിലസ്, സോഫോക്ലിസ്, യൂറിപ്പെഡിസ് എന്നീ ഗ്രീക്ക് ത്രിമൂർത്തികളുടെ നാടകങ്ങളിൽ ദുർവിധിയുടെ ശാപ ഫലമായിട്ടായിരുന്നു കഥാപാത്രങ്ങളുടെ മരണം സംഭവിച്ചതെങ്കിൽ, ഷേക്സ്പിയർ നാടകങ്ങളിൽ കഥാപാത്രങ്ങളുടെ പ്രവൃത്തികളുടെ ഫലമായിട്ടായിരുന്നു അവർക്ക് ദുരന്തമുണ്ടായത്. ഒഥെല്ലൊ, കിങ്ങ് ലിയർ, മക്ബെത്, ഹാംലെറ്റ് എന്നിവ ഏറ്റവും നല്ല നാല് ദുരന്തനാടകങ്ങളാണ്.

പിരിമുറുക്കമുളവാക്കുന്ന ദുരന്ത കഥകളിൽ നിന്ന് വിട്ടുമാറി ആഴമില്ലാത്ത പ്രണയകഥകളും നേരമ്പോക്ക് വിഭവങ്ങളും ഹാസ്യവും നിറഞ്ഞ കോമഡി നാടകങ്ങൾ എഴുതി ഷേക്സ്പിയർ പിന്നെ ചുവടുമാറ്റി. സംഗീതാത്മകതയും അവയുടെ സ്വഭാവമായി. ആസ് യു ലൈക്ക് ഇറ്റ്, മിഡ്സമർ നൈറ്റ്സ് ഡ്രീം, മച്ച് എഡു എബൗട്ട് നതിംഗ്, ദി ടെയ്മിംഗ് ഓഫ് ദി ഷ്റു എന്നിവ പ്രസിദ്ധങ്ങളാണ്.

കേരളത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് മാത്രം ഒതുങ്ങി നിന്ന ഷേക്സ്പിയർ വിഭവങ്ങൾ 1964 ൽ പൊതുജനങ്ങളിലേക്ക് പ്രസരിപ്പിച്ചുകൊണ്ടുള്ള ആദ്യ ശ്രമം കഥാപ്രസംഗ വേദിയിലാണ് നടന്നത്. കഥാപ്രസംഗകനായ വി.സാംബശിവൻ ഒഥെല്ലൊ കഥാപ്രസംഗമായി ആവിഷ്കരിച്ച് അവതരിപ്പിച്ച് ചരിത്രം സൃഷ്ടിച്ചു. കേരളത്തിലെ ഗ്രാമീണ സദസ്സുകളിൽ നിരന്ന അനഭ്യസ്ത വിദ്യനുപോലും അങ്ങനെ ഷേക്സ്പിയർ നാടകം അനുഭവവേദ്യമായി. മനുഷ്യസ്നേഹം ആഹുതി ചെയ്യപ്പെടുന്നു എന്ന് വിശ്വം നടുക്കി പ്രഖ്യാപിച്ച ഒഥെല്ലൊ എന്ന സ്റ്റേജ് നാടകം ഹൃദ്യമായ ഒരു കഥാപ്രസംഗ വിഭവമായി. പിന്നീട് സാംബശിവൻ റോമിയോ ആന്റ് ജൂലിയറ്റും കഥാപ്രസംഗമാക്കി. ഷേക്സ്പിയറുടെ അവസാന നാടകം ടെമ്പസ്റ്റ് ആണ്. നാട്ടിൽ വന്ന സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങൾ ശാന്തിക്കും



സമാധാനത്തിനും വേണ്ടി ഉള്ളവ ആയിരുന്നതിനാൽ, ആ ചുവരെഴുത്തിന് അനുസൃതമായ വീക്ഷണ വ്യത്യാസം ടെമ്പസ്റ്റിൽ ഉണ്ട്. നിതാന്തമായ അവസാന വിശ്രമത്തിലേക്കുള്ള പ്രവണതാ വിശേഷവും ടെമ്പസ്റ്റ് സൂചിപ്പിക്കുന്നു.

**നിരൂപണം**

ഷേക്സ്പിയർകൃതികളുടെ നിരൂപണം തന്നെ ബൃഹത്തായ സാഹിത്യനിധിയാണ്. ആഗസ്റ്റ്റാലിയുടെ History of Shakespeare Criticism സുപ്രസിദ്ധമാണ്. ഷേക്സ്പിയർക്ക് ശേഷമുള്ള കാലപ്രവാഹത്തിൽ നിരൂപണ ഗ്രന്ഥങ്ങൾ വർദ്ധിച്ചതേയുള്ളൂ. ബെൻ ജോൺസൺ, ഡ്രൈഡൻ എന്നിവർ ഷേക്സ്പിയർ നിരൂപണത്തിൽ അഗ്രഗണ്യരാണ്. പതിനെട്ടാം നൂറ്റാണ്ടിൽ അഡിസിൻ, പോപ്പ് എന്നിവർ ഷേക്സ്പിയറുടെ വ്യക്തി പ്രഭാവത്തെക്കുറിച്ച് ആണ് എഴുതിയത്. ഷേക്സ്പിയർക്ക് ഒരു മുഖവുര (A Preface to Shake-speare) എന്ന ഡോ.ജോൺസന്റെ കൃതി ഏറ്റവും പ്രമുഖമായ ഷേക്സ്പിയർ നിരൂപണമായി വാഴ്ത്തപ്പെടുന്നു. പത്തൊൻപതാം നൂറ്റാണ്ടിലെ നിരൂപകർ കോളറിഡ്ജ്, ചാൾസ് ലാമ്പ്, ഹാസ്ലിറ്റ്, ഡികിൻസി എന്നിവരാണ്. ഇ.ഇ.സ്റ്റോൾ, ടി.എസ്.എലിയേറ്റ് , ബർണാഡ്ഷാ, എച്ച്.ബി.ചാൾടൺ എന്നിവർ ഷേക്സ്പിയർ നിരൂപണത്തിന് മുതൽക്കൂട്ട് ഉണ്ടാക്കിയവരാണ്. ഇരുപതാം നൂറ്റാണ്ടിലെ ശ്രദ്ധേയനായിരുന്നു ഹാർലി ഗ്രെൻവിൽ ബാർക്കർ.

ജീവനും ജീവിതവും തുടിക്കുന്ന ലോകത്തെ നോക്കി വരച്ച ചിത്രകാരന്റെ ചാതുരിയായി ഷേക്സ്പിയർ സാഹിത്യം നൂറ്റാണ്ടുകളെ അതിജീവിച്ചിരിക്കുന്നു. തുറക്കാത്ത ചെപ്പുകൾ തുറന്ന് തുറന്ന് ആചന്ദ്രതാരം ത്രസിക്കുന്ന പ്രതിഭാ പ്രഭാവമായി അത് നില കൊള്ളും.


Mine eye hath play'd the painter and hath stell'I .
Thy beauty's form in table of my heart.
My body is the frame wherein it is held
And perspective it is best painter's art.

GENUINE SCIENTIFIC INSTRUMENTS
TC : 19/2135 (4). Devi Vilasam . Mudavanmugal.
Poojappura. P.O Thiruvananthapuram-695012
Phone: 0471-2350447, Mobile: 9746214960
E-mail: genuinescientific@gmail.com

AuthourisedDistributors & Stockists For Kerala :

OLYMPUS BROOKFIELD SHIMADZU TaKaRa Clontech ARCTIKO
ASI memmert IMAGING biosan Thermo SCIENTIFIC

# Local Finance – Issues to be Addressed by the Fifth Kerala State Finance Commission



Dr.Kumar S P
*S N College, Kollam*

State Finance Commission is constituted by the government as envisaged in Article 243- I and 243-Y of the Constitution of India and as provided in section 186 of the Kerala Panchayat Raj Act, 1994 and Section 205 of the Kerala Municipality Act, 1994. The major duties of the Commission are:

- The distribution between the State, Panchayats and Muncipalities of the net proceeds of the taxes, duties, tolls and fees leviable by the State, which may be divided between them under Part IX and Part IX-A of the Constitution and the allocation between the Panchayats at all levels and the Muncipalities of their respective shares of such proceeds.
- The determination of the taxes, duties, tolls and fees which may be assigned to or appropriated by the Panchayats and the Munci-palities.
- The grants-in-aid to the Panchayats and the Muncipalities from the Consolidated Fund of the State.

The Government of Kerala decided to appoint the Fifth State Finance Commission in December 2014 for a period of one year. Professor B.A Prakash, former Head of the Department of Economics of Kerala University and the Chairman of the Public Expenditure Review Committee is appointed as the Chairman of the Commission. Besides him the Commission has two members and one Secretary. The first four Finance Commissions have done a reasonably good job in maintaining good relationship between State and Local Self Governments (LSGs). But the last four and a half years of UDF rule virtually dismantled the pith of People Planning Programme. Hence various aspects of fiscal decentralisation require a fair amount of repair works. The following are

some issues to be addressed by the Fifth State Finance Commission in connection with the local finance.

1. **Fiscal Devolution and LSGs**

A major task in front of the Commission is to rectify the problems of fiscal devolution. It comprises of vertical and horizontal devolution. The following table explains various items and trend of vertical devolution to LSGs.

**Table: 1 The Vertical Devolution of Funds to LSGs (Rs in Crore)**

| Items | 2011-12 | 2012-13 | 2013-14 |
|---|---|---|---|
| General Purpose Fund | 622.2 | 757.9 | 900.2 |
| Maintenance Fund ( Road) | 506.7 | 713.1 | 928.4 |
| Maintenance Fund ( Non Road) | 206.3 | 326.4 | 458.5 |
| Development Fund | 2021.6 | 2195.0 | 3003.8 |
| **Devolution by the State Govt** | 3356.8 | 3992.4 | 5290.9 |
| World Bank Assistance | 140.0 | 284.3 | 270.0 |
| 13th CSFC Grant | 387.8 | 591.2 | 673.9 |
| **Total Devolution** | 3884.6 | 4867.8 | 6234.8 |
| State Own Tax Revenue (SOTR) | 25718.6 | 30076.6 | 31809.4 |

Source: Economic Review

**Table 2: Percent Distribution of Total Fund Allocated**

| Items | 2011-12 | 2012-13 | 2013-14 |
|---|---|---|---|
| General Purpose Fund | 16.0 | 14.6 | 14.4 |
| Maintenance Fund ( Road) | 13.0 | 14.6 | 14.9 |
| Maintenance Fund ( Non Road) | 05.3 | 06.7 | 07.4 |
| Development Fund | 52.0 | 45.1 | 48.2 |
| **Devolution by the State Govt** | 86.4 | 82.0 | 84.9 |
| World Bank Assistance | 03.6 | 05.8 | 04.3 |
| 13th CSFC Grant | 10.0 | 12.1 | 10.8 |
| **Total Devolution** | 100.0 | 100.0 | 100.0 |

Source: Calculated by the author

Vertical distribution of finance of LSGs shows a decline in development funds over the years, which means that the welfare activities of the Panchayats and Municipal Corporations have weaned because of low fund. It is to be noted that, the fund allocation has not taken into account the inflationary effect. Due to poor fund utilisation, World Bank Assistance and Central Finance Commission (CFC) Grant were also declined. The distribution of funds between various tiers of Panchayats known as horizontal devolution also explains the same trend.

**Table 3: Horizontal Devolution of Funds (Rs in Crore)**

| Year | Gram Panchayat | Block Panchayat | District Panchayat | Municipality | Corporations | Total |
|---|---|---|---|---|---|---|
| 2011-12 | 1814.9 | 401.9 | 503.1 | 344.3 | 292.5 | 3356.8 |
| 2012-13 | 2252.0 | 441.3 | 572.7 | 382.5 | 343.9 | 3992.4 |
| 2013-14 | 2879.3 | 617.5 | 839.6 | 496.7 | 457.8 | 5290.9 |
| % to total Devolution by the State | | | | | | |
| 2011-12 | 54.1 | 12.0 | 15.0 | 10.3 | 8.7 | 100 |
| 2012-13 | 56.4 | 11.1 | 14.3 | 9.6 | 8.6 | 100 |
| 2013-14 | 54.4 | 11.7 | 15.9 | 9.4 | 8.7 | 100 |

Source: Economic Review

Table 3 infers that percent distribution of funds to Gram Panchayats and Municipalities are declining in the last three years. Major reasons are the inability of these organisations to utilise funds, financial problems of the State government, low central allocation etc. For instance, the 4th SFC had recommended for the allocation of 2/3rd of the maintenance fund for road and 1/3rd for non road maintenance. Of the total maintenance fund of Rs. 1387 Crore, 67% was spent for road and 33% for non road maintenance during 2013-14. Hence the major issue comes as whether we have to give more priority and allocation for maintenance of non – road assets of LSGIs and the institutions transferred by the state.

## 1. Fiscal Structure of LSGs

The Panchayati Raj institutions as well as Muncipalities heavily rely on the State Government transfer for meeting their expenses connected with establishment undertaking, mandatory and civic functions, maintenance of assets etc. The major source of own revenue consists of own tax and non tax revenue and its share was only 12.6% for Gram Panchayats. But the share of these two taxes for Muncipalities and Corporations was 32.5 and 36 percent respectively. Following are the different types of Own tax revenues and its trend.

**Table: 4 Percentage Distribution of Own Tax Revenue**

| Items | 2010-11 | 2011-12 | 2012-13 | 2013-14 |
|---|---|---|---|---|
| Property Tax | 44.7 | 42.8 | 43.5 | 41.5 |
| Profession Tax | 49.3 | 50.1 | 50.5 | 53.0 |
| Advertisement Tax | 2.7 | 3.8 | 2.8 | 2.5 |
| Entertainment Tax | 0.3 | 0.3 | 0.3 | 0.3 |
| Other Taxes | 3.0 | 3.0 | 2.9 | 2.7 |
| Total | 100 | 100 | 100 | 100 |

Source: IKM Data

An interesting outcome from the above table is that there is a sharp deviation between Municipal Corporations and Gram Panchayats in the prudency of tax collection. The growth rate of profession tax is higher than that of property tax which cannot be seen anywhere else in India. It clearly indicates corruption and imprudence in tax collection especially among Gram Panchayats. Out of 978 Gram Panchayats in Kerala, around 320 Panchayats has not collected any advertisement tax so far. The fifth finance commission should conduct a clear cut analysis on the own revenue loss of LSGs.

## 2. Poor Performance of Plan Expenditure

Fund utilisation of LSGIs since 2010 was highly unsatisfactory. It is mainly because of the hidden agenda of the UDF government to expose People's Planning Programme as a failed programme. Besides this, the inability to prepare viable projects and schemes, failure to get early administered sanctions, poor monitoring, implementation etc is adding oil to fire. This results in unutilisation or under utilisation of funds which is having a negative impact on various developmental activities of the LSGIs. The following table shows it clearly.

**Table: 5 Plan Expenditure in 2014-15 (Up to December 2014) (in Crore)**

| Institutions | Outlay | Expenditure | Expenditure % |
|---|---|---|---|
| Corporations | 376.1 | 85.9 | 22.8 |
| Muncipalities | 482.4 | 145.9 | 30.3 |
| District Panchayats | 623.0 | 189.0 | 30.3 |
| Block Panchayats | 623.0 | 242.6 | 38.9 |
| Gram Panchayats | 2595.0 | 883.0 | 34.0 |
| **Total** | 4700.0 | 1546.4 | 32.9 |

Source: IKM Site

A review of the plan expenditure during the financial year 2014-15 shows that only 32. 9% of the total outlay was spent up to December 2014. In the case of Municipal Corporations the expenditure was only 23% of the outlay. Spending huge amount of money within three months of this financial year is not only impossible but unproductive also. This can be identified as a most serious problem in the working of LSGIs.

**3. Fiscal Crisis and LSGs**

A major pillar of Fiscal decentralisation is Fiscal Autonomy. The state government has been following the practise of releasing the funds awarded by the State Finance Commission to local governments in instalments. It helped the LSGs to exercise its fiscal autonomy. Now the state government is suffering from serious financial crisis due to mounting unproductive expenditure. By saying about financial crisis, the government impose restrictions on the release of funds to LSGs in order to reduce their revenue deficit. This will create serious problems to Local Governments and the Commission should address the problem in a serious manner. Thus, in short the commission has to take into account a number of aspects regarding the devolution and appropriation of revenues. Since the state government is reducing the plan grant continuously over the years, LSGIs should find a better way to enhance own source revenues of the Panchayats. It can do it by enhancing E-governance system for assessing and collecting various taxes. For instance, current level of property tax assessment is not scientific. Therefore the Commission should stress the need for new scientific assessment of property tax with the help of ICT. Improvement of non-tax revenue is also possible by using better Geographical Information System. Periodical revision of plan and non tax revenue sources, prompt collection of arrears of tax, increasing efficiency in tax collection including entertainment tax in the proposed GST regime are the options to be explored. The mal administration of UDF led state government virtually dismantled the progress of LSGIs in Kerala. The quality of plan formulation and implementation has been deteriorated. Most of the LSGs are not giving any importance to vital civic functions such as solid waste disposal, preventing food adulterations, maintaining parking places, public comfort stations etc. Besides this, the state government may be forced to impose restrictions in the release of funds and are deliberately reducing expenditure in various ways. Thus the task in front of the Commission is more challenging but common people like us have a great expectation, for, there is no alternative for Decentralised Planning.

# A.K.P.C.T.A JOINS AIFUCTO DEMONSTRATION

March to Parliament & court arrest program
on 13th March,2015 at Jantar Mantar, New Delhi

## OUR DEMANDS

- IMMEDIATE MHRD APPROVAL OF UGC DECISIONS ON 3RF AMENDMENTS OF UGC REGULATIONS-2010
- HRM APPOINMENT TO AIFUCTO TO DISCUSS THE LONG STANDING PROFESSIONAL DEMANDS
- ALLOCATE 6 PER CENT GDP TO EDUCATION IN THE BUDGER 2015-16
- IMMEDIATELY CONSTITUTE V11 PAY REVISION COMMITTEE
- STRENTHEN PUBLIC FUNDED EDUCATION
- REGULATE PRIVATE SECTOR INSTITUTION
- ENSURE REGULAR PENSION SCHEME & REJECT PENSION SCHEME-2004
- CONSULT TEACHERS' ORGANISATIONS ON EDUCATION POLICIES



# ഭൂതകാലം സത്യത്തിൽ ഇങ്ങനെയൊക്കെ ആയിരുന്നു...



എ.ജി.ഒലീന
ചെയർപേഴ്സൺ,
വനിതാകമ്മിററി


*യഥാർഥ ചരിത്രജ്ഞാനം ആപത്തിൻെറ നിമിഷത്തിൽ മനസ്സിലൂടെ മിന്നിമറയുന്ന ഒരോർമയെ കൈയെത്തിപ്പിടിക്കലാണ്.*
*- വാൾട്ടർ ബഞ്ചമിൻ.*

ഭൂതകാലത്തെയും ഭൂതകാലത്തെ വിപ്ലവ പ്രവർത്തകരെയും കുറിച്ചുള്ള ഓർമപുതുക്കലുകൾ വിപ്ലവകാരികളെ സംബന്ധിച്ചിടത്തോളം വർത്തമാനത്തിലെ പ്രതിസന്ധികളെ മറിമടക്കാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമാണെന്ന് ധിഷണയുടെ ദുരന്തബോധവും ഇച്ഛയുടെ ശു ഭാപ്തി വിശ്വാസവും എന്ന ലേഖനത്തിൽ ടി കെ രാമചന്ദ്രൻ പരാമർശിക്കുന്നുണ്ട്. മനുഷ്യൻെറ ചിന്തകളെയും സ്വപ്നങ്ങളെയും മാത്രമല്ല ഇച്ഛകളെയും കാമനകളെയും പോലും പ്രതിലോമശക്തികൾ കീഴ്പ്പെടുത്തുകയും അട്ടിമറി ക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന ഒരു ആശയ കാലാവസ്ഥയിൽ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തവും ആഴത്തിലുള്ളതും ദീർഘവീക്ഷണ ത്തോടു കൂടിയതും ആകേണ്ടിയി രിക്കുന്നു. മനുഷ്യജീവിതത്തിൻെറ നാനാരംഗങ്ങളും ഒരുപോലെ ചൂഷണത്തിനു വിധേയമായിക്കൊണ്ടി രിക്കുന്ന സാഹചര്യത്തിൽ പ്രതിസന്ധി യുടെ ആഴവും പരപ്പും പലപ്പോഴും തിരിച്ചറിയാൻ പോലും കഴിയുന്നി ല്ലെന്നതാണ് യാഥാർത്ഥ്യം. പാർശ്വവ ൽക്കൃതരും ദുർബലരും കൂടുതൽ കൂടുതൽ വേട്ടയാടപ്പെടുമ്പോൾ ആരാഷ്ട്രീയമായ ആൾക്കൂട്ടങ്ങൾക്കു താല്ക്കാലിക മായി പ്രാമുഖ്യം കൈവരു മ്പോൾ, ചെറുത്തു നില്പിനായി പ്രത്യയശാസ്ത്ര ഉപകരണങ്ങൾക്ക് മൂർച്ച കൂട്ടേണ്ടതുണ്ട്. ചരിത്രവും ചരിത്രരചനയുമുൾപ്പെ ടെയുള്ള വ്യവഹാരങ്ങളും കൂടുതൽ പ്രസക്തമാകു ന്നതു ഇത്തരം സാഹചര്യങ്ങളിലാണ്. ലോകജനതയെ

ആപത്തിൻെറ വക്കിലെത്തിച്ചിരിക്കുന്ന സർവചൂഷകരും കൈകോർത്തു നില്ക്കുകയും മറനീക്കി പുറത്തുവരികയും ചെയ്യുന്നതു ആശങ്കയോടെ നോക്കിക്കാണേണ്ടതുണ്ട്. സാമ്രാജ്യത്വ ശക്തികളും ഫാസിസ്ററു ശക്തികൾ ആ അച്ചുതണ്ടിൻെറ ഭാഗമായിക്കഴിഞ്ഞുവെന്നതു തന്നെയാണ് ഈയടുത്ത കുറെ സംഭവങ്ങൾ എങ്കിലും സാക്ഷ്യപ്പെടുത്തുന്നത് മാരകമായ സംഹാരശേഷിയോടു കൂടി രംഗത്തെത്തിയിട്ടുള്ള ഫാസിസ്ററുകളും ഒന്നായി ഒരച്ചുതണ്ട് ലോകത്ത് ഇതിനകം രൂപപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ വർഗീയ ശക്തികൾ അവരുടെ ക്രൂരദൃഷ്ടി പായിക്കുന്നത് ഭാവിയിലേക്കാണ്. ഭാവിഭാരതം കാവിഭാരതം മാത്രമായിരിക്കാൻ വേണ്ടി ഇന്ത്യൻ സ്ത്രീയോടു നടത്തുന്ന ആഹ്വാനം ഒട്ടൊന്നുമല്ല. നമ്മെ അമ്പരിപ്പിക്കുന്നത് വിവാഹസർക്കുലറുകൾ വഴി സ്ത്രീജീവിതത്തെ ഇരുട്ടിലാഴ്ത്താനും ചെറുപ്രായത്തിലെ പ്രവസവാവധി നല്കി പെൺകുട്ടികളെ പ്രലോഭിപ്പിക്കാനും ശ്രമിച്ചു കൊണ്ടിരിക്കുന്ന ഭരണകൂട നിലപാടും എത്രമാത്രം മാരകമാണെന്ന് ബോധ്യപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ഈ രീതിയിൽ ആകെ സംഘർഷഭരിതമായ ഒരു ചരിത്രമുഹൂർത്തത്തിൽ ഭൂതകാലത്തെ പോരാളികളുടെ ജീവിതം നമ്മെ സംബന്ധിച്ചിടത്തോളം അതിപ്രസക്തമാണ്. ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീകളും ദൗത്യവും ഉത്തരവാദിത്തവും വർധിച്ചതാകുന്ന വേളയിൽ വിപ്ലവകാരികളുടെ സ്മരണകൾ നമുക്ക് ഊർജ്ജവും ആവേശവും പകരും. വിപ്ലവത്തിൻെറ ഈ കറുത്തനാളുകളിൽ വീണ്ടെടുക്കപ്പെടേണ്ട സ്മരണകളിലൊന്നാണ് സ. മീനാക്ഷിയുടെ വിപ്ലവജീവിതം. കേരളത്തിലെ ട്രേഡ് യൂണിയൻെറ ചരിത്രവും മഹിളാസംഘടനകളുടെ തുടക്കവും കമ്മ്യൂണിസ്ററ് പാർട്ടിയുടെ പ്രവർത്തനങ്ങളും സമരങ്ങളുമൊക്കെ ഇഴുകിച്ചേർന്നതാണ്. സ. മീനാക്ഷിയുടെ ജീവിതം. സംഘടിത പ്രസ്ഥാനങ്ങളും സമരരൂപങ്ങളും കനത്ത വെല്ലുവിളി നേരിടുന്ന വർത്തമാന കാലത്ത്, തൊഴിൽ രംഗത്തെ കൊടിയ ചൂഷണങ്ങളെ വെല്ലുവിളികളോടെ പ്രതിരോധിക്കാൻ സ. മീനാക്ഷിയും കൂട്ടരും നടത്തിയ സംഘടിത ശ്രമങ്ങൾ നമ്മൾ കരുതലോടെ വായിക്കുകയും പഠിക്കുകയും ഊർജ്ജസ്രോതസ്സായി സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

സ്വാതന്ത്ര്യ സമരത്തിൻെറ ഭൂമികയിൽ നിന്നും പുന്നപ്ര വയലാർ സമരസംഘാടനത്തിലും തൊഴിലാളി വർഗപ്ര സ്ഥാന നേതൃപരമായ പങ്കുവഹിച്ച സ. മീനാക്ഷി യുടെ ചരിത്രം പക്ഷേ ലിഖിത ചരിത്രത്തിൻെറ ഏടുകളിൽ കണ്ടെന്നു വരില്ല കാരണം ലിഖിത ചരിത്രം മിക്കപ്പോഴും കരുത്തുള്ളവർ മുക്കിക്കളഞ്ഞ കരുത്തില്ലാ ത്ത വരുന്ന ചരിത്രമാണ്. മലയാളത്തിലെ വിപ്ലവഗാന ശാഖയ്ക്ക് തുടക്കം കുറിച്ചവരിൽ ഒരാൾ കൂടിയാണ് സ. മീനാക്ഷി. 19-ാം നൂററാണ്ടിൻെറ രണ്ടാം പകുതിയി ൽ രൂപംകൊണ്ട, ഇന്ത്യൻ തൊഴിലാളിവർഗ പ്രസ്ഥാ നം കൊടിയ ചൂഷണത്തെയും അടിച്ചമർത്തലിനേയും അതിജീവിച്ചാണ് ശക്തി പ്രാപിച്ചത്. ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ ട്രേഡ് യൂണിയൻ സംഘടനകൾ നിരവധി ആവശ്യങ്ങൾ ചൂണ്ടിക്കാണിച്ചു കൊണ്ട് സംഘടിത രൂപം കൈവരിക്കുകയും സമരപ്രക്ഷോഭങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തു. 1920 ജൂലൈ 16 ന് ട്രേഡ്‌യൂണിയൻ രംഗത്തു പ്രവർത്തിക്കുന്ന ചെറുസംഘടനകൾ ഒരു യോഗം ചേർന്ന് അഖിലേന്ത്യാ ട്രേഡ്‌യൂണിയൻ കോൺഗ്രസ്സ് രൂപീകരിക്കാൻ തീരുമാനിച്ചു. 1920 ഒക്ടോബർ 31 ന് ബോംബെയിൽ ലാലാലജ് പത്റായിയുടെ അധ്യക്ഷതയിൽ എ ഐ ററി യു സി സ്ഥാപക സമ്മേളനം ചേരുകയുണ്ടായി. ഈ സന്ദർഭത്തിൽ ആലപ്പുഴയിലെ കയർ തൊഴിലാളികൾ ഒരു തൊഴിലാളി സംഘടനയ്ക്ക് രൂപം നല്കി. ലേബർ അസോസിയേഷൻ എന്ന പേരിൽ പ്രവർത്തനമാരംഭിച്ച സംഘടനയാണ് തിരുവിതാംകൂർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ എന്ന് പിന്നീടറിയപ്പെട്ടു. വാസ്തവത്തിൽ പതിററാണ്ടുകളായി ആലപ്പുഴയിലെ കയർതൊഴിലാളികൾ അനുഭവിച്ചിരുന്ന കൊടിയ ചൂഷണങ്ങൾക്കെതിരെ നടത്തിയ ചെറുതും വലുതും ഒററപ്പെട്ടതുമായ നിരവധി ചെറുത്തു നില്പുകളുടെ ഒടുവിലാണ് 1922 മാർച്ച് 31-ാം തീയതി ആലപ്പുഴ കളപ്പുരയിൽ തൊഴിലാളികളുടെ സമ്മേളനത്തിൽ ആദ്യ ട്രേഡ് യൂണിയന് രൂപം നല്കിയത്. ഇത് കേരളത്തിലെ തൊഴി ലാളി വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം ചരിത്രപരമായ ഒരു കാൽവെപ്പാണ്. ചരിത്രപരമായിത്തന്നെ പ്രസക്തമായ ഈ അധ്യായത്തിലെ പ്രമുഖ പേരാണ് സ. മീനാക്ഷി.

കയർ തൊഴിലാളി സംഘടന ശക്തമായിക്കൊണ്ടിരിക്കുന്ന കാലത്താണ് മീനാക്ഷിയെന്ന കൗമാരക്കാരി, ജീവിതസാഹചര്യം കൊണ്ട് ആലപ്പുഴ ആസ്പിൻവാൾ കമ്പനിയിൽ തൊഴിലാളിയായിട്ടെത്തുന്നത്. ആശാൻ കവിതകളും ജന്മനാ ലഭിച്ച സംഗീതവാസനയും ഒത്തു ചേർന്നപ്പോൾ സ. മീനാക്ഷി തുടക്കം കുറിച്ചത്, മലയാളത്തിലെ വിപ്ലവഗാന ശാഖയുടെ കൂടിയായിരുന്നു. ജാപ്പ് വിരുദ്ധ സമരക്കാലത്ത് തെരുവോരങ്ങളിൽ സ. മീനാക്ഷിയുടെ വിപ്ലവഗാനം ഒഴിവാക്കാനാകാത്ത ഇനമായി മാറി. തുടർന്ന് ഈ ത്യാഗത്തിൻെറയും സഹനത്തിൻെറയും ക്ലേശങ്ങളു ടെയും കാലഘട്ടത്തിൽ തന്നെയാണ് ആദ്യമഹി ളാ സംഘടനയുടെ രൂപീകരണവും. കമ്മ്യൂണിസ്ററു പാർട്ടിയെന്ന പേരിൽ നേരിട്ടു ജനങ്ങളെ സംഘടിപ്പിക്കാൻ വിഷമമായ ഒരു സാഹചര്യത്തിൽ സ്ത്രീകളെ വ്യാപകമായി സംഘടിപ്പിക്കുകയും വർഗ്ഗസമരാശയങ്ങൾ അവരിലെത്തിക്കുകയും ചെയ്ത സ. മീനാക്ഷിയും സ. ദേവയാനിയും കേരളത്തിൻെറ സമരചരിത്രത്തിൻെറ ഭാഗമാണ്. മനുഷ്യത്വരഹിതമായ തൊഴിൽ വ്യവസ്ഥകളോടും ഭരണകൂടശക്തികളുടെ കൊടിയ മർദ്ദനമുറകളോടും സമൂഹത്തിലെ പൊതുബോധ നിർമിതികളോടും ഒരുപോലെ കലഹിച്ചും കലാപം കൂടിയും സഞ്ചരിച്ച സ. മീനാക്ഷിയെ പോലുള്ളവരുടെ ജീവിതപ്പാത ഇപ്പോൾ നമ്മൾ പാഠപുസ്തകമായി സ്വീകരിക്കേ ണ്ടതാകുന്നു. കാരണം അതൊരു ചരിത്രപാഠമാകുന്നു.






# മനുഷ്യവർഗത്തെ സംരക്ഷിക്കുവാൻ മററു ഗ്രഹങ്ങളിൽ കോളനികൾ സ്ഥാപിക്കേണ്ടി വരും



ഡോ.എ.ആർ.സുദർശനകുമാർ
എ.ജി.കോളജ്, തിരുവനന്തപുരം

## സ്റ്റീഫൻ ഹോക്കിങ്

അമയോ ട്രോപിക് ലാററൽ സ്ക്ലീറോസിസ് അഥവാ മോട്ടോർ ന്യൂറോൺ ഡിസീസ് എന്ന രോഗം 1962 ൽ ബാധിച്ച ശേഷം യന്ത്രസഹായത്തോടെ ജീവിച്ചിരിക്കുന്ന വിശ്രുത ഭൗതിക ശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിങ്ങാണ് മനുഷ്യവർഗത്തെ സംരക്ഷിക്കുവാൻ അന്യഗ്രഹങ്ങളിൽ കോളനികൾ സ്ഥാപിക്കേണ്ടി വരുമെന്ന് അഭിപ്രായപ്പെട്ടത്. മനുഷ്യന്റെ ആക്രമണോത്സുകത മനുഷ്യ വംശത്തിന്റെ നാശത്തിനു തന്നെ വഴി തെളിയിക്കാമെന്നദ്ദേഹം മുന്നറിയിപ്പ് നൽകുന്നു. ബഹിരാകാശ യാത്ര ചെയ്ത് മററാരു ഗ്രഹത്ത് കുടിയേറി പാർക്കുക മാത്രമായിരിക്കും നമുക്കു രക്ഷപ്പെടാനുള്ള മാർഗം അദ്ദേഹം പറഞ്ഞു.

മനുഷ്യ വംശത്തിന്റെ ദീർഘകാല ഭാവി ബഹിരാകാശത്തായിരിക്കും ജീവൻ സുരക്ഷ പ്രദാനം ചെയ്യുന്നതും അവിടെയായിരിക്കും. ലണ്ടനിലെ സയൻസ് മ്യൂസിയത്തിൽ ഒരു മത്സര വിജയിയെ അനുഗമിച്ച് പറഞ്ഞ വാക്കുകളാണിവ. ചന്ദ്രനിലേക്ക് മനുഷ്യരെ അയച്ചത് നാം നേരിടുന്ന പല പ്രശ്നങ്ങളേയും പരിഹരിച്ചില്ലെങ്കിലും നമ്മുടെ വീക്ഷണത്തിലത് വലിയ മാററങ്ങൾ വരുത്തുകയുണ്ടായി. മനുഷ്യ വംശത്തിന്റെ ഭാവിയിലതു വരുത്തിയ മാററങ്ങൾ പൂർണമായി നമുക്കിപ്പോഴും മനസ്സിലായിട്ടില്ല അദ്ദേ

ഹം കൂട്ടിചേർത്തു. മനുഷ്യന്റെ ആക്രമണ സ്വഭാവം ഒരാണവ യുദ്ധത്തിലൂടെ നാം പടുത്തുയർത്തിയ എല്ലാത്തിനേയും നമ്മെ തന്നെയും നശിപ്പിക്കാൻ കാരണമാകാം. ഈ ചിന്ത പരസ്പരം സ്നേഹിച്ച് സുന്ദരവും ശാന്തവുമായ ഒരു ലോക ക്രമത്തിന് വഴിയൊരുക്കട്ടെയെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. കൃത്രിമ ബുദ്ധിയുടെ വികാസം മനുഷ്യവർഗത്തിന്റെ നാശത്തിനു കാരണമാകുന്നുവെന്ന് ഹോക്കിങ് നേരത്തെ മുന്നറിയിപ്പ് നൽകിയിരുന്നു.

ഇന്ന് ജീവിച്ചിരിക്കുന്ന ഭൗതിക ശാസ്ത്രജ്ഞരിൽ ഏററവും പ്രമുഖനാണ് സ്റ്റീഫൻ ഹോക്കിങ്. തമോദ്വാരത്തിലും മഹാവിസ്ഫോടനത്തിലും അദ്ദേഹം നടത്തിയ ഗവേഷണം വളരെ പ്രശസ്തമാണ്. ബഹിരാകാശ ജീവികളെ കുറിച്ചും കൃത്രിമ ബുദ്ധിയെ കുറിച്ചും അദ്ദേഹത്തിന്റെ വിചാരധാരകൾ പരത്തെ അറിവുള്ളതാണ്. മററു ഗ്രഹങ്ങളെ കോളനിവൽക്കരിക്കുന്നതിനെ കുറിച്ച് അദ്ദേഹം ഈയിടെ പറഞ്ഞ വാക്കുകൾ വലിയ ഉൾക്കാഴ്ച നൽകുന്നവയാണ്. 1962 ൽ രോഗം ബാധിച്ച ശേഷം രണ്ടാം കൊല്ലം മാത്രം ഡോക്ടർമാർ ജീവിതമുള്ളൂ എന്നു പ്രഖ്യാപിച്ച ഹോക്കിങ് ലോകത്തിനു തന്നെ അത്ഭുതമായി ജീവിച്ചു പോരുന്നു.

സ്റ്റീഫൻ ഹോക്കിങ്ങിന്റെ ജീവിത കഥ ചലച്ചിത്രമാക്കിയതാണ് 2014 ൽ പുറത്തിറങ്ങിയ ദ തിയറി ഓഫ് എവരിതിങ്. ജയിംസ് മാർഷാണ് സംവിധാനം ചെയ്തിരിക്കുന്നത്. ജെയ്ൻ വിൽഡി ഹോക്കിങ് അവരുടെ മുൻ ഭർത്താവായ സ്റ്റീഫൻ ഹോക്കിങ്ങിനെ കുറിച്ചെഴുതിയ ട്രിവലിങ് ടു ഇൻഫിനിററി. മൈ ലൈഫ് വിത്ത് സ്റ്റീഫൻ എന്ന പുസ്തകത്തിന്റെ ചലച്ചിത്രാവിഷ്കാരമാണ് ഈ ചിത്രം. ചിത്രത്തിൽ സ്റ്റീഫൻ ഹോക്കിങായി വേഷമിട്ട എഡ്ഡി റെഡ്മെയ്ൻ നല്ല നടനുള്ള ഈ വർഷത്തെ ഓസ്ക്കാർ നേടി.

*FOR TOP QUALITY TEXTS ...*

# SOBA PUBLICATIONS

*Changanasserry, Kottayam, Kerala State 686101* ... *wings of wisdom*

*Our prestigeous books which you can confidently follow ...*

- Financial Management (For B.Com / B.B.A) ` *140*
- Income Tax *(For B.Com / B.B.A)* ` *290*
- Direct taxes - Law and Practice *(For M.Com / MBA / CA/ ICWA)* ` *390*
- Principles of Insurance *(For B.Com / B.B.A)* ` *100*
- Capital Market *(For B.Com.)* ` *100*
- Value Added Tax - Concepts and Practices *(For B.Com)* ` *110*
- Indian Financial Markets *(For B.Com / B.B.A)* ` *100*
- Capital Market and Investment Management ` *100*
- Indian Financial System *(For B.Com / B.B.A)* ` *100*
- Financial Management *(For M.Com / MBA/ CA/ ICWA)* ` *290*

*Attention Authors and Eminent Professors ...*

*We invite top quality texts for publication, for B.Com, B.B.A., M.Com and M. B. A., on attractive terms. If interested, contact ...*

**SOBA PUBLICATIONS**

**The Manager**
**175, Manamel, Boat Jetty Road**
**Changanasserry, Kottayam (Dist) Pin-686 101**
**Ph. 9496752663 / 9446223651**
**Website : www.sobabooks.com**



കവിത

# മാർച്ചിന്റെ നോവുകൾ



**അജയഘോഷ്.എസ്**
*ശ്രീനാരായണ കോളേജ്, ചാത്തന്നൂർ*

നീയറിഞ്ഞോ,
എന്റെ മേനിപ്പുറത്തെ
എട്ടാം സർജറി ഇന്നലെ കഴിഞ്ഞു.
അർബുദാണുക്കൾ ബാക്കിവച്ച
എല്ലിൻതുണ്ടിൽ മൂന്നാമത്താണിയും തറച്ചു
പിഞ്ഞിക്കീറിയ പഴന്തുണിയാണ് ദേഹം
നോവൊരു ശീലം
ഏണും കോണുമില്ലാതെ
കത്തിമുനയാൽ പകത്തുവച്ചവ
ചിത്രത്തുന്നലുകളാലലംകൃതം
വറുക്കാൻ വരഞ്ഞുവച്ച വാളമീൻപോലെ നീണ്ട ഒന്ന്
മേനിയഴകിൽ പറ്റിച്ചേർന്ന പഴുതാരപോലെ മറ്റൊന്ന്
കുഞ്ഞിളം കയ്യുകൾ കോറിയിട്ട സൂര്യപടവുമുണ്ട്
ചെത്തിമിനുക്കിയ അമ്പിളിത്തെല്ലും
ഇവിടെയീ പങ്കച്ചുവചട്ടിൽ
സമയവേഗത്തിനു തുരുമ്പെടുക്കുമ്പോൾ
ഞാനറിയുന്നത് നിന്നെ
ചലനമറ്റ നിന്മേനിക്ക്
കരളുരുക്കി കാവലിരുന്ന പകൽവേളകളെ
ഒരു മാർച്ച്കൂടി കൊഴിഞ്ഞു
മിന്നൽ ഞടുക്കത്തോടെ
നീ വിടചൊല്ലിയ ക്രൂരമാസം
അകവും പുറവും അഗ്നിയാളുമ്പോൾ ബാക്കിവച്ചതു
പറയാൻ നീയിനി വരില്ലെന്നറിയാം
എങ്കിലും....
തൊപ്പിത്തലയും തുറുകണ്ണുകളുമായി
നീ തുള്ളിവരുന്നതും
കാത്ത് ഞാൻ..

**ജില്ലാ വാർത്തകൾ**

കണ്ണൂർ- കാസർഗോഡ്

# ശാസ്ത്രീയ അന്വേഷണാത്മകതയുടെ അനുഭവങ്ങൾ പങ്കുവെച്ച് എ കെ പി സി ടി എ ശിൽപശാല

എ കെ പി സി ടി എ കണ്ണൂർ- കാസർഗോഡ് ജില്ലാ അക്കാദമിക് കമ്മിറ്റിയുടെ വൈജ്ഞാനിക കൂട്ടായ്മ സംഘടിപ്പിച്ച ശിൽപശാല ശാസ്ത്രീയ അന്വേഷണാത്മകതയുടെ വിവിധ വശങ്ങൾ ചർച്ച ചെയ്തു. എ കെ പി സി ടി എ സംസ്ഥാന അക്കാദമിക് കൺവീനർ സി. പത്മനാഭൻ ഉദ്ഘാടനം ചെയ്തു വിവിധ വിഷയങ്ങളിലെ നൂതന വികാസങ്ങളും സാധ്യതകളും പരസ്പരം പങ്കുവെക്കുന്നതിനും അവ എങ്ങനെ ശാസ്ത്രീയ വീക്ഷണത്തോടെ സാമൂഹിക വികാസത്തിനുപയോഗിക്കാം എന്ന് കണ്ടെത്തുന്നതിനും വേണ്ടിയാണ് കൂട്ടായ്മ രൂപീകരിച്ചത്.

ശിൽപശാലയുടെ ആദ്യ സെഷനിൽ ഡോ. എ അശോകൻ ഡോ. എൻ. സാജൻ, ഡോ. പി ബാലകൃഷ്ണൻ, ഡോ. പി അബ്രാഹം, ഡോ. എ ആർ ബിജു എന്നിവർ വിഷയാവതരണം നടത്തി. ജില്ലാ വൈസ് പ്രസിഡന്റ് ടി വി രാമകൃഷ്ണൻ അധ്യക്ഷനായി. കൺവീനർ ഡോ. കെ. എം പ്രസീദ് സ്വാഗതം പറഞ്ഞു. രണ്ടാം സെഷനിൽ പ്രമോദ് വെള്ളച്ചാൽ, ഡോ. പി ശ്രീജ, ഡോ. ഇ. ഹരികൃഷ്ണൻ, ശരണ്യ പ്രദീപ് എന്നിവർ വിഷയമവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി വി. കുട്ട്യൻ അധ്യക്ഷനായി. ചെയർമാൻ ഡോ. ജെയിംസ് പോൾ സ്വാഗതവും ജില്ലാ സെക്രട്ടറി എ. നിശാന്ത് നന്ദിയും പറഞ്ഞു. അടുത്ത ശിൽപശാല ഏപ്രിൽ മാസം നടക്കും വിഷയം കൃഷിപരിസ്ഥിതി.



# സ്വയംഭരണ കോളേജ് വിരുദ്ധ കൂട്ടായ്മ

കണ്ണൂർ എസ്.എൻ. കോളജിന് സ്വയംഭരണ പദവി നൽകാനുള്ള നീക്കത്തിൽ പ്രതിഷേധിച്ചുകൊണ്ട് എസ്.എൻ.കോളജ് ബസ്സ്റ്റോപ്പിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിച്ചു. കൂട്ടായ്മ കെ. എസ്. ടി. എ സംസ്ഥാന വൈസ് പ്രസിഡന്റ് എൻ. ബാലകൃഷ്ണൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. സമരസഹായസമിതി കൺവീനർ എം. കെ. മുരളി അധ്യക്ഷതവഹിച്ചു. സി. പി. എം എടക്കാട് ഏരിയ കമ്മിറ്റി മെമ്പർ കെ. വി. കുമാരൻ, എസ്. എഫ്. ഐ ജില്ലാ പ്രസിഡന്റ് എം. വിജിൻ, എ. കെ. പി.സി.ടി.എ ജില്ലാ പ്രസിഡന്റ് പ്രമോദ് വെള്ളച്ചാൽ എന്നിവർ പ്രസംഗിച്ചു. ഡി. വൈ. എഫ്. ഐ എടക്കാട് ബ്ലോക്ക് സെക്രട്ടറി കെ. വി. ബിജു സംരക്ഷണ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എ. കെ. പി.സി. ടി.എ ജില്ലാ സെക്രട്ടറി എ. നിശാന്ത് സ്വാഗതവും എസ്. എഫ്. ഐ എടക്കാട് ഏരിയാസെക്രട്ടറി ഒ.വി. നിജേഷ് നന്ദി




# സ്വയംഭരണ കോളജുകൾ ആർക്കുവേണ്ടി? സിമ്പോസിയം

കണ്ണൂർ എസ്. എൻ കോളജ് സ്വയംഭരണ കോളജ് ആക്കി മാറ്റാനുള്ള തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ കണ്ണൂർ എസ്. എൻ. കോളജിൽ സിമ്പോസിയം സംഘടിപ്പിച്ചു. സിമ്പോസിയത്തിൽ എ. കെ. പി.സി.ടി.എ സംസ്ഥാന അക്കാദമിക് കൺവീനർ സി. പത്മനാഭൻ, സംസ്ഥാന സെക്രട്ടറി വി. കുട്യൻ, ഫെഡ് മാത്യു (കെ.പി.സി.ടി.എ), ഷിജുഖാൻ ( എസ്. എഫ്. ഐ), അഡ്വ. രോഹിത് (കെ. എസ്. യു) എന്നിവർ പങ്കെടുത്തു. എ.കെ.പി.സി.ടി.എ ജില്ലാ പ്രസിഡന്റ് പ്രമോദ് വെള്ളച്ചാൽ മോഡറേറ്ററായിരുന്നു. ജില്ലാ സെക്രട്ടറി എ. നിശാന്ത് സ്വാഗതവും, കെ. അജയൻ നന്ദിയും പറഞ്ഞു.

## മലപ്പുറം



മലപ്പുറം ജില്ലാ വനിതാ കൺവെൻഷൻ 2015 ഫെബ്രുവരി 2 ന് എം. ഇ. എസ് മമ്പാട് കോളേജിൽ വെച്ചു നടന്നു. ജില്ലാ വനിതാ കമ്മിറ്റി പ്രസിഡന്റ് ഡോ. എൻ. ജീനയുടെ അധ്യക്ഷതയിൽ ചേർന്ന പ്രസ്തുത സമ്മേളനം എഴുത്തുകാരിയും, സാമൂഹിക പ്രവർത്തകയുമായ ഡോ. പി. ഗീത ഉദ്ഘാടനം ചെയ്തു. സംഘടനയ്ക്കകത്ത് നിന്നുകൊണ്ടല്ലാതെ തന്നെ സ്ത്രീകൾ തങ്ങളുടെ പോരാട്ടം തുടങ്ങണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ഗീത പറഞ്ഞു. സ്ത്രീകളും സംഘടനകളും എന്നവിഷയത്തെ ആസ്പദമാക്കി പ്രൊഫ. എ. ജി. ഒലീന സംസാരിച്ചു. കോളേജ് മാനേജ്മെന്റ് കമ്മിറ്റി സെക്രട്ടറി പ്രൊഫ. പി. കെ. മുഹമ്മദ്, പ്രിൻസിപ്പൽ ഡോ. ഇ. എം അബ്ദുൾനാസർ, ജില്ലാ പ്രസിഡന്റ് എ. എം. പി ഹംസ, ജില്ലാ സെക്രട്ടറി ഡോ. കെ. ബാലകൃഷ്ണൻ എന്നിവർ ആശംസയർപ്പിച്ചു. ജില്ലാ വനിതാകമ്മിറ്റി കൺവീനർ ഡോ. പി. കെ. കനകലത സ്വാഗതവും കോളജ് യൂണിറ്റ് വനിതാ കൺവീനർ പ്രൊഫ. കെ.വി. രമണി നന്ദിയും പറഞ്ഞു.

## എറണാകുളം



എ. കെ. പി.സി.ടി.എ എറണാകുളം ജില്ല വനിതാ കൺവെൻഷൻ 2015 ഫെബ്രുവരി 7 ന് കാലടി എസ്. എസ് കോളജിൽ വച്ച് നടന്നു. ജില്ലാ വനിതാ കൺവീനർ ഡോ.കെ.എസ്.സജിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗം സംസ്ഥാന വൈസ് പ്രസിഡന്റെ എ. ജി. ഒലീന ഉദ്ഘാടനം ചെയ്തു. ആശംസകൾ അർപ്പിച്ചുകൊണ്ട് ഡോ. ബീന, ഡോ. തോമസ് മാത്യു എന്നിവർ സംസാരിച്ചു. ഡോ. അജിസി പണിക്കർ സ്വാഗതവും, ഡോ. കെ. കെ. കൃഷ്ണദാസ് നന്ദിയും പറഞ്ഞു. സമ്മേളനം ഉന്നതവിദ്യാഭ്യാസരംഗത്തെ പുതിയ നയങ്ങളെക്കുറിച്ചും സംഘടനയുടെ അനിവാര്യതയെക്കുറിച്ചും ചർച്ചചെയ്തു.

## GOVERNMENT OF KERALA
### Abstract

Reckoning prior qualifying service for pension after condoning of sandwiched non qualifying service - Orders - Issued.

FINANCE (PENSION-B) DEPARTMENT

G.O.(P)No:413/2014/Fin — Dated, Thiruvananthapuram, 24/09/2014

### ORDER

As per Rule 29(a) Part III Kerala Service Rules, resignation of the Public Service or dismissal or removal from it, entails forfeiture of past service. As per Rule 29(b) of ibid, resignation of an appointment to take up another appointment the service in which counts is not resignation from public service and the break between two appointments should not exceed the joining time admissible under the service rules plus public holidays.

2) Several requests have been received in Government to reckon the prior qualifying service for pension after condoning the non-qualifying sandwitched service as break without forfeiture of past service.

3) Government have examined the matter in detail and are pleased to order that the prior public service shall be reckoned as qualifying service for pension after condoning the sandwiched non qualifying service as break between the two services.

By Order of the Governor,

Dr.K.M.Abraham
Additional Chief Secretary (Finance)

## GOVERNMENT OF KERALA

**Abstract**

Higher Education Department-Appointment of Principals in Aided Autonomous Colleges from among the Faculties of Aided Colleges without insisting seniority-Sanction accorded-Orders issued.

**HIGHER EDUCATION (C) DEPARTMENT**
**G.O. (Ms.) No: 29/2015/H.Edn Dated, Thiruvananthapuram, 31.01.2015**

*Read:*-1. G.O(Ms)No.130/2013/H.Edn dated 10.05.2013 2.G.O(Ms) No.618/2013/H.Edn dated 13.09.2013 3.Minutes of the Autonomy Approval Committee Meeting held on 08.01.2015

**ORDER**

In the Autonomy Approval Committee Meeting held on 08.01.2015, it was recommended that in the interest of promoting standards of excellence in autonomous colleges, the Managements of Aided College which are conferred autonomy by UGC on the basis of the recommendation of the Autonomy Approval Commitee and the University, should be permitted to appoint Principals of Autonomous Aided Colleges from among the teachers in their Faculties on the basis of merit and suitability without inisting on the criterion of seniority.

Government have examined the matter in detail and are pleased to accord sanction to the Aided College Managements to appoint Principals, in colleges which are conferred autonomy by UGC on the basis of the recommendation of the Autonomy Approval commitee and the University, from among the teachers in their Faculties, as Principals on the basis of merit and suitability without inisting on the criterion of seniority. This relaxation will apply only for the period that the College enjoys autonomy.

Government are also pleased to order that under the provisions of the relevant Chapter in the University Acts applicable to autonomous colleges, this direction shall override existing statutory provisions of Universities regarding such appointments of Principals.

(By order of the Governor )
Dr.K.M Abraham
Additional Chief Secretary to
Govt.

# മടിക്കൈ സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ എൽ 351 പി.ഒ ഏച്ചിക്കാനം,
വഴി ആനന്ദാശ്രമം, കാസർഗോഡ് ജില്ല പിൻ- 671531
ഹെഡ്ഓഫീസ് മടിക്കൈ അമ്പലത്തുകര
ഫോൺ നമ്പർ - 04672 240579, 240679

| ബ്രാഞ്ചുകൾ | | |
|---|---|---|
| 1. ബങ്കളം | - | 04672 280489 |
| 2. ചാളക്കടവ് | - | 04672 240589 |
| 3. കാഞ്ഞിരപ്പൊയിൽ | | 04672 240179 |
| 4. ചതുരക്കിണർ സായാഹ്ന ശാഖ | - | 04672 285189 |
| 5. എരിക്കുളം | - | 0467 2240279 |

**നീതി മെഡിക്കൽ സ്റ്റോർ, തോയമ്മൽ, പി.ഒ. ബല്ല 0467 2209744**

## ഒരു ക്ലാസ് 1 സ്പെഷ്യൽ ഗ്രേഡ് ബാങ്ക്


- ഉയർന്ന പലിശ നിരക്കിൽ സുരക്ഷിതവും ആദായകരവുമായ നിക്ഷേപ പദ്ധതികൾ
- ഉദാരവ്യവസ്ഥയിൽ കാർഷിക - കാർഷികേതര വായ്പകൾ നൽകിവരുന്നു
- സ്വർണ്ണപണ്ട പണയത്തിന്മേൽ കുറഞ്ഞ പലിശയ്ക്ക് ഒരു വർഷക്കാലത്തേക്ക് കാർഷിക വായ്പ നൽകി വരുന്നു.
- വളം, ഡിപ്പോ, റേഷൻ ഷാപ്പ്, കൺസ്യൂമർ സ്റ്റോർ, നീതി സ്റ്റോർ, സിമന്റ്, ഓട്, വ്യാപാരം എന്നിവ നടത്തി വരുന്നു.
- ഹെഡ് ആഫീസിലും ചാളക്കടവ് ബ്രാഞ്ചിലും ചതുരകിണർ ബ്രാഞ്ചിലും എരിക്കുളം ബ്രാഞ്ചിലും സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം ലഭ്യമാണ്.
- ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രഡിറ്റ് സ്കീം ബേങ്കിൽ ആരംഭിച്ചിരിക്കുന്നു.
- നീതി മെഡിക്കൽ സ്റ്റോർ ജില്ലാ ആശുപത്രിക്ക് സമീപം (തോയമ്മൽ, പി.ഒ.ബല്ല) പ്രവർത്തിക്കുന്നു. 1-0% മുതൽ 15% വരെ വിലക്കുറവിൽ മരുന്നുകൾ നൽകുന്നു.
- സർക്കാരിന്റെ നിക്ഷേപ ഗ്യാരണ്ടി സ്കീമിൽ അംഗമായതിനാൽ നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വം.

**ചതുരകിണർ സായാഹ്ന ശാഖ ഞായറായ്ചയും തുറന്ന് പ്രവർത്തിക്കുന്നു.**

**ഇടപാടുകാരുടെ സംതൃപ്തി ഞങ്ങളുടെ ലക്ഷ്യം**

| | |
|---|---|
| പ്രസിഡന്റ് | സെക്രട്ടറി |
| **പി.ബേബി** | **സി.പ്രഭാകരൻ** |
| 9447691837 | 9447374731 |

# എ.കെ.പി.സി.ടി.എയുടെ അഭിവാദ്യങ്ങൾ





കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ട എ.കെ.പി.സി.ടി.എ സംസ്ഥാന ട്രഷറർ പ്രൊഫസ്സർ ആർ.മോഹനകൃഷ്ണനും, കൊട്ടാരക്കര സെന്റ് ഗ്രിഗോറിയസ് കോളേജ് പ്രൊഫസ്സർ കെ. ഷാജിയും.



കേരള സർവ്വകലാശാലയിൽ നിന്നും മലയാള സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ എസ്.അജയഘോഷ് ചാത്തന്നൂർ ശ്രീനാരായണ കോളേജിലെ അസോസിയേറ്റ് പ്രൊഫസറാണ്. ഡോ. എം.എസ്.സുചിത്രയുടെ മാർഗനിർദ്ദേശത്തിലായിരുന്നു ഗവേഷണം.



**Dr. Ajitha R S,** Asst. Professor, Dept. of Computer Applications, NSS College Rajakumari is selected for UGC Research Award (2014 - 2016) in Computer Science with first rank at the National



കേരള യൂണിവേഴ്സിററിയിൽ നിന്ന് എഡ്യൂക്കേഷനിൽ ഡോക്ടറേററ് നേടിയ **എൽ.ശ്രീലേഖ** പന്തളം എൻ എസ് എസ് ട്രെയിനിങ്ങ് കോളേജിൽ അസിസ്റ്റൻറ് പ്രൊഫസറാണ്. *Use of Scaffold- Supported Inquiry mehtod for Augmenting cognitiue Achievement in Geography of Secondary school students.* ഡോ. എ.സുധർമ്മയുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



Cochin University of Science And Technology awarded PhD in Electronics to **Reji A P,** Asst. Professor, Dept. of Electronics, NSS College Rajakumari. The research topic was "Development of Directionally Adaptive Techniques for Single Image Super Resolution" under the guidance of Dr. Tesamma Thomas, Dept of Electronics, CUSAT.

R No. 36025/81
No. 245

COLLEGE TEACHER

Registered No. KL/TV (N)/25/2012/2014
Rs. 11/-
FEBRUARY 2015

The All Kerala Private College Teachers Association
57th STATE CONFERENCE
2015 MARCH 20,21,22
PALAKKAD
AKPCTA
RESIST REVIVALISM

AKPCTA

# എ.കെ.പി.സി.ടി.എ

The All Kerala Private College Teachers' Association

# 57-ാം സംസ്ഥാന സമ്മേളനം

## 2015 മാർച്ച് 20, 21, 22
## പാലക്കാട് ടൗൺ ഹാൾ

പ്രതിനിധി സമ്മേളനം • ഉദ്ഘാടന സമ്മേളനം
ട്രേഡ് യൂണിയൻ സുഹൃത് സമ്മേളനം • ആർ.ആർ.സി അനുസ്മരണ പ്രഭാഷണം
പ്രകടനം • പൊതു സമ്മേളനം • യാത്രയയപ്പ് സമ്മേളനം

**പുനരുത്ഥാനവാദത്തെ ചെറുക്കുക**

Edited , Printed and Published by V.N.Murali, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494,
Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01, Ph: 3012141
Chief Editor:Prof. Pramod Vellachal